# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

# ശുചിത്വ പ്രോട്ടോകോൾ

# കരട് രൂപരേഖ

# Hygieia ‘21

## സൂചിക


| | പേജ് |
|---|---|
| 1. ആമുഖം | 4 |
| 2. സംഗ്രഹം: | 6 |
| 3. പ്രോട്ടോകോൾ | 13 |
| 3.1. പ്രോട്ടോകോൾ പാലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ | 14 |
| 3.2 ബോധവൽക്കരണം, ജനകീയ പങ്കാളിത്തം | 14 |
| 3.3 പരിശീലനം, മോണിറ്ററിംഗ്, അംഗീകാരം | 15 |
| 3.3.1. പരിശീലനം | 15 |
| 3.3.2. മോണിറ്ററിംഗ് | 15 |
| 3.3.3. അംഗീകാരം | 15 |
| 4. കോർപ്പറേഷനും മറ്റ് സ്ഥാപനങ്ങളും ഏറ്റെടുക്കുന്ന പൊതു കാര്യങ്ങൾ | 16 |
| 5. വിവിധ വിഭാഗങ്ങൾക്കുള്ള ശുചിത്വ പ്രോട്ടോക്കോൾ | 17 |
| 5.1 വീടുകളും പാർപ്പിട സമുച്ചയങ്ങളും അനുഷ്ഠിക്കേണ്ട പ്രോട്ടോകോൾ | 17 |
| 5.1.1 ജൈവ മാലിന്യങ്ങൾ | 17 |
| 5.1.2. പ്ലാസ്റ്റിക് – മറ്റ് ഖര മാലിന്യങ്ങൾ | 18 |
| 5.1.3 ദ്രവമാലിന്യങ്ങൾ | 19 |
| 5.2. പുതിയ കെട്ടിട നിർമ്മാണം | 20 |
| 5.3. ബസ് സ്റ്റാന്റുകൾ | 21 |
| 5.4. പൊതുശൗചാലയങ്ങൾ | 21 |
| 5.5. റോഡുകൾ | 21 |
| 5.6. തെരുവുകൾ | 23 |
| 5.7. പാർക്കുകൾ | 24 |
| 5.8. തുറസ്സായ സ്ഥലങ്ങൾ | 25 |
| 5.9. പരസ്യബോർഡ് പ്രോട്ടോകോൾ | 25 |
| 5.10. ടൂറിസ്റ്റ് കേന്ദ്രങ്ങൾ | 28 |
| 5.11. പൈതൃക കേന്ദ്രങ്ങൾ | 29 |
| 5.12. ജലാശയങ്ങൾ | 30 |
| 5.13. കടൽത്തീരം | 31 |
| 5.14. ഡ്രൈനേജുകൾ | 33 |

5.15. സർക്കാർ, അർദ്ധസർക്കാർ, സർക്കാരിതര ഓഫീസുകൾ 34

5.15.1 സർക്കാർ, അർദ്ധസർക്കാർ, സർക്കാരിതര ഓഫീസുകൾ എന്നിവക്കുള്ള പ്രോട്ടോകോൾ 34

5.16. ഹോസ്പിറ്റലുകൾ, ക്ലിനിക്കുകൾ 37

5.16.1. ഹോസ്പിറ്റലുകൾ 37

5.16.2. ക്ലിനിക്കുകൾ 37

5.16.3. ഹോസ്പിറ്റലുകളും ക്ലിനിക്കുകളും പാലിക്കേണ്ട ശുചിത്വ പ്രോട്ടോക്കോളുകൾ 37

5.17. ആരാധനാലയങ്ങൾ 37

5.17.1. ആരാധനാലയങ്ങൾ അനുഷ്ഠിക്കേണ്ട പ്രോട്ടോക്കോളുകൾ 38

5.18. വിദ്യാലയങ്ങൾ 39

5.18.1. വിദ്യാലയങ്ങൾ അനുഷ്ഠിക്കേണ്ട പ്രോട്ടോകോൾ 40

5.18.2. അഭികാമ്യമായ മാനദണ്ഡങ്ങൾ 42

5.19. അറവുശാല 42

5.20. സ്റ്റാളുകൾ പാലിക്കേണ്ട നിബന്ധനകൾ 43

5.21. മാർക്കറ്റുകൾ 43

5.21.1. വെജിറ്റബിൾ മാർക്കറ്റ് 43

5.2212. ഫിഷ് മാർക്കറ്റുകൾ 44

5.22. ചെറുകിട വ്യവസായം 44

5.23. മത്സ്യബന്ധന തുറമുഖം 45

5.24. വ്യാപാര /വ്യവസായ /സേവന സ്ഥാപനങ്ങൾ 46

5.25. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഭക്ഷണശാലകൾ 47

5.25.1. മറ്റു കാര്യങ്ങൾ

5.26. തട്ടുകടകൾ, വഴിയോരക്കച്ചവടങ്ങൾ 52

5.27. കല്യാണമണ്ഡപങ്ങൾ ഓഡിറ്റോറിയങ്ങൾ 54

## 1. ആമുഖം

ലോകത്തിലെതന്നെ അതിവേഗം വളരുന്ന നഗരങ്ങളിലൊന്നാണ് കോഴിക്കോട്. ഒരുപാട് പ്രത്യേകതകളുള്ള നഗരം. സത്യസന്ധത കൊണ്ട്, ആതിഥേയ മര്യാദ കൊണ്ട്, രുചിക്കൂട്ടുകൾ കൊണ്ട്, മനോഹരമായ പ്രകൃതി ഭംഗി കൊണ്ട്, തനതായ സാംസ്കാരിക പ്രത്യേകതകൾ കൊണ്ട്, പ്രൗഢമായ പൈതൃക ചരിത്രം കൊണ്ട്, ഒക്കെ ചരിത്രാതീതകാലം മുതൽ ലോകത്തിന്റെ ആകെ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട് ഈ നഗരം. ഇവിടേക്ക് എത്തിച്ചേർന്നവരെയൊക്കെ ഒട്ടാകെ ചേർത്തുനിർത്തുന്ന കാന്തിക ശക്തിയും ശക്തമായ നിലപാടുകളും കാഴ്ചപ്പാടുകളും കൊണ്ട് ശ്രദ്ധേയരായ ജനത.

ഈ പറഞ്ഞ പ്രത്യേകതകൾ ഒക്കെ ഉയർത്തിക്കാട്ടി കൂടുതൽ വികസന പ്രവർത്തനങ്ങൾ ഇവിടെ നടപ്പാക്കണമെങ്കിൽ നമ്മുടെ നഗരത്തിന്റെ Happiness Index ഇനിയും ഉയർത്തേണ്ടതുണ്ട്. സന്തോഷഭരിതമായ ജനത വസിക്കുന്ന ലോകത്തിലെ നഗരങ്ങളുടെ ഒക്കെ ഏറ്റവും പ്രധാന പ്രത്യേകത അവിടത്തെ കെട്ടിട സമുച്ചയങ്ങളും മറ്റ് ആധുനിക സൗകര്യങ്ങളും മാത്രമല്ല മറിച്ച് അവിടത്തെ വൃത്തി ശുദ്ധമായ വായുവും ജലവും കാത്തു സംരക്ഷിക്കുവാൻ. നാമോരോരുത്തരും ബാദ്ധ്യസ്ഥരുമാണ്. ഇത് മനസ്സിലാക്കി തന്നെയാണ് കഴിഞ്ഞ കാലങ്ങളിലൊക്കെ കോഴിക്കോട് കോർപ്പറേഷൻ ആതിന്റെ ശുചിത്വ പരിപാലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഇത്തവണത്തെ ബഡ്ജറ്റിൽ കുറച്ചുകൂടി സമഗ്രമായ ഒരു പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് കോഴിക്കോട് നഗരത്തിന് ശുചിത്വ പെരുമാറ്റം നടപ്പിലാക്കുക എന്ന ലക്ഷ്യം നേടുന്നതിനു വേണ്ടിയാണ്.

നഗരത്തിലെ എല്ലാ തലങ്ങളിലും ഓരോരുത്തർക്കും ആവശ്യമായ രീതിയിൽ പെരുമാറ്റച്ചട്ടം രൂപപ്പെടുത്തിയെടുക്കുക എന്നത് തികച്ചും ശ്രമകരമാണ്. അതിനാൽ അതത് മേഖലകളിലെ വിദഗ്ധരുടെ വിശദമായ ചർച്ചകൾക്കും, പഠനങ്ങൾക്കും ശേഷമാണ് ഇത്തരത്തിൽ പെരുമാറ്റച്ചട്ടങ്ങൾ തീരുമാനിക്കപ്പെടുന്നത്. കൗൺസിലിന്റെയും ഗവൺമെന്റിന്റെയും അനുമതിയോടുകൂടി ഇത് നടപ്പിൽ വരുത്തേണ്ടതുണ്ട്.

പെരുമാറ്റച്ചട്ടങ്ങൾ രൂപപ്പെടുത്തുന്നത് പോലെ തന്നെ ശ്രദ്ധ ആവശ്യമുള്ളതാണ് അത് നടപ്പിലാക്കുന്നതിനുള്ള കൃത്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുക എന്നത്. നിയമത്തിന്റെ പിൻബലത്തോടെ മാത്രം നടപ്പിൽ വരുത്തേണ്ടതല്ല ഇത് എന്ന് കൗൺസിലിന് ബോദ്ധ്യമുണ്ട്. അതിനാൽ തന്നെ കൃത്യമായ ഒരു ആക്ഷൻ പ്ലാൻ ഇത് നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. ഈ നഗരത്തിൽ വസിക്കുന്ന ഓരോരുത്തരും ശ്രമിച്ചാൽ മാത്രമേ ഇത് പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. അതിനായുള്ള ശ്രമമാണ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ പോകുന്നത്. മാറ്റേണ്ടത് മനോഭാവമാണ്. കൃത്യമായ ബോദ്ധ്യങ്ങളിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളൂ. രാഷ്ട്രീയമായ ഇച്ഛാശക്തിയും ജനകീയ കൂട്ടായ്മകളും നിയമങ്ങളുടെ പിൻബലവും ഇതിന്റെ നടപ്പാക്കലിന് ശക്തിയേകും

ഘട്ടംഘട്ടമായി നടപ്പാക്കുന്ന പരിപാടികളിലൂടെയും ജനകീയ ഇടപെടലുകളിലൂടെയും ഇത് സാധ്യമാക്കാൻ കഴിയും എന്ന് തന്നെയാണ് വിശ്വാസം. കുറച്ചുകൂടി മെച്ചപ്പെട്ട സൗകര്യങ്ങൾ കൂടുതൽ സന്തോഷവാൻമാരായ ജനത, ആരോഗ്യകരമായ അന്തരീക്ഷം ഒക്കെ ഇതിന്റെ ഫലമായി ഉണ്ടായി വരും എന്ന് പ്രത്യാശിക്കുന്നു.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

## കോഴിക്കോടിനെ ഹരിത ശുദ്ധ സുന്ദരമാക്കുന്നതിനുള്ള ജനകീയ ദൗത്യം– ഹൈജിയ–'21

### അടുത്ത 5 വർഷം കൊണ്ട് നടപ്പാക്കാനുദ്ദേശിച്ചു കൊണ്ടുള്ള പദ്ധതി

2. സംഗ്രഹം:

ശുചിത്വമാർന്നതും ഹരിതാഭവുമായ കോഴിക്കോട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുള്ള കർമ്മ പദ്ധതിയുടെ ഭാഗമായാണ് കോർപ്പറേഷൻ ശുചിത്വ പ്രോട്ടോകോൾ നടപ്പാക്കുന്നത്. നഗരത്തിലെ എല്ലാ മേഖലകളെയും പ്രത്യേകമായി കണ്ടുകൊണ്ട് അവരുടെ സ്വഭാവവിശേഷങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ശുചിത്വപരിപാലനം ഈ പ്രോട്ടോകോൾ ലക്ഷ്യമിടുന്നു. ശുചിത്വം ഒരു ഭരണകൂടത്തിന്റെ മാത്രം ആവശ്യമില്ലെന്നും മറിച്ചു അത് എല്ലാ ജനങ്ങളുടെയും അവകാശവും ഉത്തരവാദിത്തവും ആണെന്നും ജനങ്ങൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. അതുകൊണ്ടുതന്നെ എല്ലാ വിഭാഗം ജനങ്ങളെയും സഹകരിപ്പിച്ചുകൊണ്ടും അവരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുമാണ് ശുചിത്വ പ്രോട്ടോകോൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അതിനായി എല്ലാ മേഖലയിലും പെട്ട ജനങ്ങളുമായി വലിയ തോതിലുള്ള ആശയ സംവാദം നടത്തി അവരുടെ ആശങ്കകൾ പരിഹരിച്ചും ആവശ്യങ്ങൾ അംഗീകരിച്ചും ആണ് പ്രോട്ടോകോൾ തയ്യാറാക്കിയിട്ടുള്ളത്.

പാർപ്പിടങ്ങൾ, സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി മുപ്പതിലധികം മേഖലകളെ പ്രത്യേകമെടുത്തുകൊണ്ട് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രായോഗികതലത്തിൽ കൊണ്ടുവരാൻ കഴിയുന്നതും, എന്നാൽ സമ്പൂർണ്ണ ശുചിത്വം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുന്നതുമായ നിർദ്ദേശങ്ങളാണ് ഇതിൽ അടങ്ങിയിട്ടുള്ളത്. ആയതു പാലിക്കാനും പരിപോഷിപ്പിയ്ക്കാനും ഉത്തരവാദിത്തമുള്ള എല്ലാ നല്ലവരായ ജനങ്ങൾക്കും ബാധ്യതയുണ്ട്. ഒരു ജനസമൂഹത്തിന്റെ ജീവിക്കാനുള്ള അവകാശം നേടിയെടുക്കാൻകൂടി വേണ്ടിയാണു കോർപ്പറേഷൻ ഇത്തരമൊരു കടമയിലേക്കു കടന്നിരിയ്ക്കുന്നത്.

ഓരോ വിഭാഗത്തെയും ചെറു യൂണിറ്റുകളായി വിഭജിച്ചും ഓരോ യൂണിറ്റിനും ചുമതലക്കാരെ നിശ്ചയിച്ചും എന്നാൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കിയുമാണ് ശുചിത്വ പ്രോട്ടോകോൾ നടപ്പാക്കുന്നത്. ഓരോ വിഭാഗത്തിലും ജനകീയമായി ചെയ്യാൻ കഴിയുന്ന

മുഴുവൻ കാര്യങ്ങളും ജനങ്ങളുടെ നേതൃത്വത്തിലും പങ്കാളിത്തത്തോടെയും ചെയ്യുകയും അല്ലാത്തവ പ്രത്യേകം പദ്ധതി ആവിഷ്കരിച്ചും സ്പോൺസർമാരെ കണ്ടത്തിയും നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ചെറിയ പദ്ധതികൾ വാർഷിക പദ്ധതിയായും വലിയ പദ്ധതികൾ ബഹുവർഷ പദ്ധതികളായും നടപ്പാക്കാം.

ശുചിത്വ പ്രോട്ടോകോൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സമയബന്ധിതമായ ഒരു കർമ്മപദ്ധതി ആവിഷ്കരിക്കും. ഏതൊരു പദ്ധതിയുടെയും വിജയം അതിലെ ജനകീയ അടിത്തറയും പങ്കാളിത്തവുമാണല്ലോ. പദ്ധതിയുടെ മുഴുവൻ പ്രാധാന്യവും പ്രസക്തിയും അനിവാര്യതയും മുഴുവൻ ജനങ്ങളെയും ബോധ്യപ്പെടുത്തണം. ആയതിനു ആവശ്യമായ ബോധവൽക്കരണവും പ്രചാരണപരിപാടികളും സംഘടിപ്പിക്കുന്നതാണ്. പ്രോട്ടോകോളിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ മാനദണ്ഡങ്ങളും പാലിക്കുന്ന യൂണിറ്റുകളെ ഗ്രേഡിംഗ് നടത്തി സ്റ്റാർ പദവി നൽകി ആദരിക്കും.

ഖരമാലിന്യ നിർമ്മാർജനം ശുചിത്വ പ്രോട്ടോക്കോളിന്റെ പ്രധാന ഘടകമാണ്. മാലിന്യങ്ങളെ അവയുടെ സ്വഭാവമനുസരിച്ചു വേർതിരിച്ചു സൂക്ഷിക്കുകയും ഓരോന്നും പ്രത്യേകം കൈകാര്യം ചെയ്യുകയും വേണം. അതിനുള്ള ഉപാധികൾ ഓരോ വീട്ടിലും സ്ഥാപനങ്ങളിലും ഒരുക്കണം. നാം ഉണ്ടാക്കുന്ന മാലിന്യങ്ങളുടെ ഉത്തരവാദിത്തം നാം തന്നെ ഏറ്റെടുക്കണം. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന ബോധം എല്ലാവരിലും ഉണ്ടാവണം. ജൈവ അജൈവ മാലിന്യങ്ങൾ കൃത്യമായി വേർതിരിയ്ക്കാൻ എല്ലാവരും തയ്യാറാവണം. ജൈവമാലിന്യങ്ങൾ കഴിയുന്നിടത്തോളം ഉറവിടങ്ങളിൽത്തന്നെ സംസ്കരി ക്കണം. അജൈവമാലിന്യങ്ങൾ പ്രത്യേകം തരം തിരിച്ചു വൃത്തിയായി സൂക്ഷിക്കുകയും സ്വന്തം ചിലവിൽ നഗരപരിധിയിൽ വ്യന്യസിച്ചിട്ടുള്ള ഹരിതകർമ്മ സേനയെ ഏൽപ്പിക്കുകയും ചെയ്യണം. ഹരിതകർമ്മസേനയാവട്ടെ, കൃത്യമായ ഇടവേളകളിൽ ഓരോ വീട്ടിലും, സ്ഥാപനത്തിലും കയറിയിറങ്ങി അവിടെ സൂക്ഷിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ചു കോർപറേഷന്റെ മെറ്റീരിയൽ കളക്ഷൻ സെന്ററുകളിലേക്കു മാറ്റണം. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ താൽക്കാലികമായി സൂക്ഷിക്കുന്നതിന് വാർഡിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി പദ്ധതിയുടെ ഭാഗമായി ഉറപ്പാക്കേണ്ടതുണ്ട്.

വീടുകളിലും സ്ഥാപനങ്ങളിലും സോളാർ ഉപാധികൾ സ്ഥാപിക്കണം. എല്ലാ വൈദ്യുത ഉപകരണങ്ങളും ഉയർന്ന കാര്യക്ഷമതയുള്ളതും സ്റ്റാർ മാർക്കിങ് ഉള്ളതുമായിരിക്കണം. പുതുതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കണം. വീടുകളിലും ഗേറ്റഡ് കമ്മ്യൂണിറ്റികളിലും ഫ്ളാറ്റുകളിലും എല്ലാം ചെടികളും ഫല വൃക്ഷങ്ങളും വെച്ചുപിടിപ്പിച്ചു ഹരിതാഭമായി നില നിർത്തേണ്ടതാണ്. ലാൻഡ് സ്കേപ്പിങ് അനുകരണീയ മാതൃകയാണ്.

എല്ലാ ഫ്ളാറ്റുകളിലും വില്ല പ്രാജെക്ടുകളിലും നാപ്കിൻ വെൻഡിങ് മെഷീനുകൾ സ്ഥാപിക്കുന്നത് അഭികാമ്യമാണ്. അതുപോലെ ഉപയോഗിച്ച നാപ്കിനുകൾ സുരക്ഷിതയമായി സംസ്കരിക്കുന്നതിനു ഇൻസിനേറ്ററുകളും സ്ഥാപിക്കാവുന്നതാണ്. എന്നാൽ പ്ലാസ്റ്റിക് അടക്കമുള്ള മറ്റു വസ്തുക്കളൊന്നും കത്തിക്കുകയോ ഇൻസിൻറേഷൻ നടത്തുകയോ ചെയ്യുന്നില്ലെന്നു ഉറപ്പു വരുത്തണം.

വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാവുന്ന ജൈവ മാലിന്യങ്ങളുടെ സ്വഭാവവും അളവും പരിഗണിച്ചു അവ സംസ്കരിക്കാൻ യോജിച്ച ഉപാധികൾ കണ്ടെത്തി അവ സ്വന്തം ചിലവിൽ സ്ഥാപിക്കണം. ഇത്തരം മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കാൻ കഴിയാത്ത ദുർബല വിഭാഗങ്ങൾക്ക് അവ സ്ഥാപിക്കാനുള്ള ധനസഹായവും സബ്സിഡിയും നഗരസഭ നൽകുന്നതാണ്. ദുർബല വിഭാഗങ്ങൾ ഒന്നിച്ചു താമസിക്കുന്ന ഇടങ്ങളിൽ തുമ്പൂർമുഴി മോഡൽ കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് രീതികൾ നടപ്പാക്കുന്നതാണ്. വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാവുന്ന അപകടകരമായ മാലിന്യങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യേണ്ടതാണ്. ഇലക്ട്രോണിക് മാലിന്യങ്ങളും പ്രത്യേകം തന്നെ കൈകാര്യം ചെയ്യേണ്ടതാണ്. ഇവയെല്ലാം ശേഖരിക്കുന്നതിനും സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള സംവിധാനം കോർപ്പറേഷൻ ഒരുക്കുന്നതാണ്.

ഖരമാലിന്യങ്ങളെപ്പോലെതന്നെ പ്രധാനമാണ് ദ്രവമാലിന്യങ്ങൾ. അവയും യഥാവിധി സംസ്കരിക്കേണ്ടതാണ്. വീടും പരിസരവും വെള്ളം കെട്ടിനിൽക്കാതെ പരിരക്ഷിയ്ക്കപ്പെടണം. വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാവുന്ന അഴുക്കുവെള്ളം ശാസ്ത്രീയമായി സംസ്കരിയ്ക്കപ്പെടണം. അവ മഴവെള്ളം ഒഴുകിപ്പോകുന്നതിനായി നിർമ്മിച്ചിട്ടുള്ള പൊതു ഓടകളിലേയ്ക്ക് ഒഴുക്കി വിടാൻ പാടുള്ളതല്ല. വലിയ വില്ല പ്രൊജെക്ടുകളിലും ഫ്ളാറ്റുകളിലും ഉണ്ടാവുന്ന അഴുക്കുവെള്ളം സംസ്കരിച്ച് റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം. ശാസ്ത്രീയമായ രീതിയിൽ ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ബൃഹത്തായ ഒരു കേന്ദ്രീകൃത ദ്രവമാലിന്യ സംസ്കരണ പദ്ധതി കോർപ്പറേഷൻ നടപ്പാക്കുന്നുണ്ട്. അവ പ്രാവർത്തികമാവുന്ന മുറക്ക് എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാവുന്ന ദ്രവമാലിന്യങ്ങൾ പൈപ്പ് മുഖേന സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുകയും സംസ്കരണത്തിന് ശേഷം ജലം മറ്റു കാര്യങ്ങൾക്കു ഉപയോഗപ്പെടുത്തുന്നതുമാണ്.

മാലിന്യങ്ങൾ സംസ്കരിക്കുക എന്നതുപോലെത്തന്നെ പ്രധാനമാണ് അവയുടെ അളവ് കുറക്കുകയെന്നതും. ഇക്കാര്യത്തിൽ ലോകം അംഗീകരിച്ച Reduce - Reuse - Recycle എന്ന തത്വം പ്രാവർത്തികമാക്കാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്.

വികസനത്തിന്റെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണല്ലോ റോഡുകൾ. ഓരോ റോഡും അതിന്റെ പ്രാധാന്യമനുസരിച്ചു വീതിയിലും മറ്റു സൗകര്യങ്ങൾ ഒരുക്കിയും

നിർമ്മിക്കേണ്ടതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ തന്നെ അതിന്റെ ഭാഗമായി ആവശ്യമായ നടപ്പാതകളും മഴവെള്ള ചാലുകളും നിർമ്മിക്കുന്നതും പരിപാലിക്കുന്നതുമാണ്. റോഡിന്റെ വശങ്ങളിൽ പൂച്ചെടികളും മറ്റും നട്ടുപിടിപ്പിച്ചു മനോഹരമാക്കുന്നതാണ്. തെരുവോരങ്ങൾ മാലിന്യ മുക്തമാക്കുന്നതിനും അലങ്കാരച്ചെടികൾ നിറഞ്ഞ മനോഹര ഉദ്യാനങ്ങളാക്കി മാറ്റുന്നതിനും പരിപാലിക്കുന്നതിനുമുള്ള ജനകീയ സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി ഉണ്ടാക്കുന്നതാണ്. റോഡിലോ നടപ്പാതയിലോ തുപ്പുന്നതും മലമൂത്ര വിസർജ്ജനങ്ങൾ ചെയ്യുന്നതും കർശനമായി തടയും. ഇപ്രകാരം പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കും. റോഡിൽ എല്ലാവിധ സൈൻ ബോർഡുകളും സുരക്ഷാക്രമീകരണങ്ങളും സ്ഥാപിച്ചിട്ടുണ്ടെന്നു ഉറപ്പുവരുത്തും. അനധികൃത പരസ്യങ്ങൾ, പാർക്കിങ്, അനധികൃത കച്ചവടങ്ങൾ എന്നിവ നിരോധിക്കുകയും ചെയ്യും. റോഡുകളിൽ അടിഞ്ഞുകൂടുന്ന മണ്ണും മണലും കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യും. സുരക്ഷിത നടപ്പാത ഒരുക്കുന്നതിന് നടപ്പാതയും റോഡും തമ്മിൽ വേർതിരിക്കുന്നതിനു വേലികൾ നിർമ്മിക്കും. ഡിവൈഡറുകൾ മനോഹരമാക്കും.

ശുചിത്വ പ്രോട്ടോക്കോളിന്റെ ഭാഗമായി നഗരത്തിലെ ഗവണ്മെന്റ് ഓഫീസുകളെല്ലാം ഹരിത ഓഫീസുകളാക്കി മാറ്റേണ്ടതുണ്ട്. സ്വകാര്യ, പൊതുമേഖലാ, ബാങ്ക്, ഇൻഷുറൻസ് തുടങ്ങിയ ഓഫീസുകൾക്കും ശുചിത്വ പെരുമാറ്റച്ചട്ടം ബാധകമാകും. ഓഫിസുകളിൽ മാലിന്യങ്ങൾ അശ്രദ്ധമായി വലിച്ചെറിയപ്പെടുന്നില്ലെന്നു ഉറപ്പു വരുത്തണം. വിവിധതരം മാലിന്യങ്ങൾ വേർതിരിച്ചു സൂക്ഷിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും കയ്യൊഴിയുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കണം. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെയും മറ്റു അജൈവ വസ്തുക്കളുടെയും ഉപയോഗം നിയന്ത്രിയ്ക്കണം. ഓഫീസുകൾ സന്ദർശിക്കുന്നവർക്ക് മനസ്സിന് കുളിർമ്മയെകാനുള്ള അന്തരീക്ഷം സൃഷ്ടിക്കണം. കഴിയുന്നത്ര മരങ്ങളും ചെടികളും വച്ച് പിടിപ്പിക്കണം, സ്ഥല സൗകര്യമുള്ള ഇടങ്ങളിൽ ഉദ്യാനങ്ങൾ വച്ച് പിടിപ്പിയ്ക്കുകയും പരിപാലിക്കുകയും ചെയ്യണം.

ഭാവിതലമുറയുടെ വിളനിലമാണല്ലോ നമ്മുടെ വിദ്യാലയങ്ങൾ. ഓരോ വിദ്യാലയവും ഹരിതവിദ്യാലയങ്ങളായി മാറണം. മാലിന്യ സംസ്കരണത്തിനുള്ള ഉപാധികൾ ഓരോ വിദ്യാലയത്തിലും ഉണ്ടാവണം. വിദ്യാർത്ഥികൾക്കെല്ലാം ഇത് സംബന്ധിച്ച് ക്ളാസ്സുകൾ നൽകണം. ആവശ്യത്തിന് ശുചിമുറികൾ ഉറപ്പാക്കണം. ശുചിമുറികൾ വൃത്തിയായും വെടിപ്പായും പരിപാലിക്കപ്പെടണം. എല്ലാ സ്കൂളിലും പെൺകുട്ടികൾക്കായി നാപ്കിൻ വെൻഡിങ് മെഷിനുകൾ സ്ഥാപിക്കണം. ഉപയോഗം കഴിഞ്ഞാൽ നാപ്കിൻ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള ഇൻസിനേറ്റർകളും സ്ഥാപിക്കേണ്ടതുണ്ട്. എല്ലാ വിദ്യാലയങ്ങളിലും ഉദ്യാനങ്ങൾ വച്ച് പിടിപ്പിക്കുകയും പരിപാലിക്കുകയും വേണം. തണൽ മരങ്ങൾ വച്ചുപിടിപ്പിക്കാൻ കഴയുന്ന ഇടങ്ങളിൽ അത് ചെയ്യണം. മരത്തണൽ കുട്ടികൾക്ക് കുളിരേകട്ടെ. അവരുടെ മനസ്സിന് ഉണർവ്വേകട്ടെ. സ്കൂളിലെ ക്ളാസ് മുറികളും ലാബും ലൈബ്രറിയും, പാചകപ്പുരയും കളിസ്ഥലങ്ങളും എല്ലാം വൃത്തിയായും വെടിപ്പായും സൂക്ഷിക്കാൻ കുട്ടികളെത്തന്നെ പ്രാപ്തമാക്കണം. ശുചിത്വ പ്രോട്ടോകോൾ നടപ്പാക്കുന്നതിനും

പരിപാലിക്കുന്നതിനും പ്രത്യേകം സ്കൂൾതല സമിതികൾ ഇതിന്റെ ഭാഗമായി രൂപീകരിക്കുന്നതാണ്.

നഗരത്തിലെ പ്രധാന ജലസ്രോതസ്സുകൾ നമ്മുടെ ജലാശയങ്ങളാണ്. കോഴിക്കോട് പട്ടണത്തിലൂടെ ഒഴുകുന്ന കനോലി കനാലും കല്ലായിപ്പുഴയും നഗരത്തിലെ ജലാശയങ്ങളായ മാനാഞ്ചിറയും നീലിച്ചിറയും പോലുള്ള ചിറകളും തളിക്കുളം, താമരക്കുളം, ഗരുഡൻ കുളം തുടങ്ങിയ കുളങ്ങളും കോഴിക്കോടിന്റെ ചരിത്രവുമായി ഏറെ ബന്ധപ്പെട്ടു കിടക്കുന്ന പൈതൃക സ്വത്താണ്. അവ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. അവ ശുചിയായി നിലനിർത്തുന്നതിനും പരിപാലിക്കുന്നതിനും ഉള്ള സംവിധാനങ്ങൾ ശുചിത്വ പ്രോട്ടോക്കോളിന്റെ ഭാഗമായി നടപ്പാകുന്നതാണ്. ഇവയുടെ ഒഴുക്കിനും നിലനിൽപ്പിനും തടസ്സമാവുന്ന ഒരു നിർമ്മിതിയും അനുവദിക്കുകയില്ല.

നഗരത്തിൽ എത്തുന്ന ഒരാൾക്ക് എളുപ്പത്തിൽ കാണാവുന്ന രീതിയിൽ ധാരാളം പരസ്യങ്ങൾ പലയിടങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പല നിറത്തിലും വലുപ്പത്തിലുമുള്ള ഇത്തരം പരസ്യങ്ങൾ പലപ്പോഴും കാഴ്ചക്കാർക്ക് അരോചകമായി തോന്നാറുമുണ്ട്. ചില അപകടങ്ങൾക്കും ഇവ കാരണമായിട്ടുണ്ട്. ശുചിത്വ പ്രോട്ടോക്കോളിന്റെ ഭാഗമായി പരസ്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തും. പരസ്യങ്ങൾക്ക് പ്രത്യേക സ്ഥലങ്ങൾ നിശ്ചയിക്കുന്നതടക്കമുള്ള നിബന്ധനകളും ശുചിത്വ പ്രോട്ടോക്കോളിന്റെ ഭാഗമാക്കിയിട്ടുണ്ട്.

മനുഷ്യന്റെ മനസ്സിനും ശരീരത്തിനും സ്വസ്ഥതയും ശാന്തതയും നല്കുന്നതാണല്ലോ ആരാധനാലയങ്ങൾ. അവയുടെ പരിശുദ്ധി നിലനിർത്തിക്കൊണ്ടുള്ള പരിപാലനചട്ടങ്ങൾ പാലിക്കാൻ ആരാധനാലയങ്ങളും ബാധ്യസ്ഥരാണ്. ഇവിടങ്ങളിൽനിന്നു യാതൊരു വിധത്തിലുള്ള അഴുക്കുവെള്ളവും പൊതു സ്ഥലത്തേക്കോ ഓടയിലേക്കോ ഒഴുക്കിവിടുന്നില്ല എന്ന് ഉറപ്പു വരുത്തണം. ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള ഉത്സവങ്ങളിലും മറ്റും ശുചിത്വ പെരുമാറ്റച്ചട്ടം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വീടുകളെപ്പോലെ പ്രധാനമാണ് വ്യാപാര വ്യവസായ സ്ഥാപനങ്ങളും. ഓരോ വ്യാപാരസ്ഥാപനവും അവരുടെ വ്യാപാരത്തിന്റെ സ്വഭാവമനുസരിച്ചുള്ള ശുചിത്വ പ്രോട്ടോകോൾ പാലിക്കണം. ഓരോ സ്ഥാപനവും സ്വന്തം നിലയിൽ ജൈവ അജൈവ മാലിന്യങ്ങൾ തരം തിരിച്ചു ശേഖരിക്കുകയും സംസ്കരിക്കുകയും വേണം. മാലിന്യങ്ങൾ കയ്യൊഴിയുന്നതിന് ഹരിത കർമ്മ സേനയുടെ സഹായം തേടാം. സ്ഥാപനങ്ങൾക്ക് ശുചിമുറി സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. കൂടുതൽ ജോലിക്കാരുള്ള സ്ഥാപനങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ശുചിമുറികൾ ഉണ്ടായിരിക്കേണ്ടതാണ്.

ശുചിമുറികൾ വൃത്തിയായും വെടിപ്പായും പരിപാലിക്കപ്പെടേണ്ടതാണ്. ശുചിമുറിയിൽ ജല ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്.

ഒരു തെരുവിലെ കടകൾക്കെല്ലാം ഒരേ നിറത്തിലും രൂപത്തിലുമുള്ള ഡിസൈൻ അഭികാമ്യമാണ്. ശുചിത്വ പ്രോട്ടോകോൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി 50 മുതൽ 100 വരെയുള്ള കടകളുടെ/സ്ഥാപനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിക്കുകയും അവരുടെ പങ്കാളിത്തത്തോടെയും മേൽനോട്ടത്തിലും പ്രോട്ടോകോൾ നടപ്പാക്കുന്നതുമാണ്. അനുവദിക്കപ്പെട്ട സ്ഥലത്തു മാത്രമേ കച്ചവടം അനുവദിക്കൂ. നടപ്പാതയിലേക്കോ ഡ്രെനേജിന് മുകളിലേക്കോ മറ്റു പൊതു സ്ഥലങ്ങളിലേക്കോ സാധനങ്ങൾ ഇറക്കി വച്ചുകൊണ്ടുള്ള കച്ചവടം അനുവദിക്കുകയില്ല. ഒരു തരത്തിലുമുള്ള നിരോധിത ഉൽപ്പന്നങ്ങളും വിൽപ്പന നടത്താൻ അനുവദിക്കുന്നതല്ല.

സ്ഥാപന മേധാവികളും ജീവനക്കാരും എല്ലാം ശുചിത്വ പ്രോട്ടോകോൾ സംബന്ധിച്ച് കോർപറേഷൻ നടത്തുന്ന ക്ളാസ്സുകളിൽ ഹാജരാവണം. സ്ഥാപനത്തിലെ 25% പേരെങ്കിലും ലൈസൻസ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിൽ ഉള്ള ഒരു ക്ലാസ്സിൽ പങ്കെടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ലൈസൻസ് പുതുക്കി നൽകുകയുള്ളൂ.

ആതിഥ്യ മര്യാദയ്ക്ക് പേരുകേട്ട പട്ടണമാണ് കോഴിക്കോട്. നമ്മുടെ ഭക്ഷണ ചേരുവകൾ പ്രസിദ്ധമാണ്. കോഴിക്കോടൻ ഹലുവയും ബനാന ചിപ്സും കോഴിക്കോടിന്റെ മാത്രം പ്രത്യേകതയാണ്. സ്വാദിഷ്ടമായ വിളമ്പുന്നതോടൊപ്പം ഹോട്ടലിനുള്ളിലെയും പരിസരത്തെയും ശുചിത്വം പാലിക്കുന്നുണ്ടെന്നും നമ്മൾ ഉറപ്പുവരുത്തേണ്ടതാണ്. ഭക്ഷണം കൈകാര്യം ചെയ്യുന്നവരും ശുചിത്വ പ്രോട്ടോകോൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. കല്യാണമണ്ഡപങ്ങൾ, കോൺഫറൻസ് ഹാളുകൾ, വിവിധ കാറ്ററിംഗ് യൂണിറ്റുകൾ എന്നിവർക്കും ശുചിത്വ പ്രോട്ടോകോൾ ബാധകമാണ്.

നമ്മുടെ മാർക്കറ്റുകളിൽ ശുചിത്വം പാലിക്കേണ്ടത് അത്യാവശ്യമാണ്. സെൻട്രൽ മാർക്കറ്റ്, പാളയം പച്ചക്കറി മാർക്കറ്റ്, വിവിധ മൽസ്യ മാർക്കെറ്റുകൾ തുടങ്ങിയവയിലെല്ലാം ശുചിത്വ സംവിധാനങ്ങൾ ഒരുക്കും. എല്ലാ മാർക്കറ്റുകളിലും ശുചിത്വ പ്രോട്ടോകോൾ പാലിച്ചു മാത്രമേ വ്യാപാരങ്ങൾ അനുവദിക്കൂ.

വ്യാപാര സമുച്ചയങ്ങളിൽ ശുചിത്വം ഉറപ്പാക്കേണ്ടതുണ്ട്. ശുചിമുറികൾ ശുചിയായി നിലനിർത്തണം. പാർക്കിങ്ങിന് പ്രത്യേക സംവിധാനം ഒരുക്കണം. പുതിയ കെട്ടിട സമുച്ചയങ്ങളും വ്യാപാര സമുച്ചയങ്ങളും പണിയുമ്പോൾത്തന്നെ ഖര ദ്രവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനോ കയ്യൊഴിയുന്നതിനോ ഉള്ള സംവിധാനം ഒരുക്കണം. സോളാർ എനർജി സംവിധാനങ്ങളും പരിസ്ഥിതി സൗഹൃദ ഉപകരണങ്ങളും മാത്രമേ ഉപയോഗിക്കാവൂ.

നഗരത്തിലെ ഒരു പ്രധാന പ്രശ്നമാണ് പാർക്കിംഗിനുള്ള സ്ഥല ലഭ്യതക്കുറവ്. ഇത് പരിഹരിക്കാനായി പാർക്കിംഗ് പ്ലാസകൾ നിർമ്മിക്കും. സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ കണ്ടെത്തി പേ ആൻഡ് പാർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനും ശുചിത്വ പ്രോട്ടോകോൾ പ്രാധാന്യം നൽകുന്നു.

ഇത്തരത്തിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ എല്ലാ മേഖലകളിലും ശുചിത്വ പ്രോട്ടോകോൾ നടപ്പാക്കുകയാണ് ലക്ഷ്യം. കോഴിക്കോടിന്റെ പൈതൃകവും മഹിമയും നിലനിർത്തിക്കൊണ്ടുള്ള വികസനത്തോടൊപ്പം ശുചിത്വത്തിനും പരിസ്ഥിതിസൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അതുവഴി പുതിയൊരു ശുചിത്വ സംസ്ക്കാരം വളർത്തിയെടുക്കാനുള്ള കോഴിക്കോട് കോർപ്പറേഷന്റെ ഈ ഉദ്യമത്തിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണവും പിന്തുണയും പൂർണ്ണ പങ്കാളിത്തവും പ്രതീക്ഷിക്കുന്നു. ഒരു വലിയ ജനകീയകൂട്ടായ്മയിലൂടെ നഗരത്തിന്റെ ശുചിത്വ പദവിയും ഖ്യാതിയും നിലനിർത്താനാവശ്യമായ ഇടപെടലുകൾ നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കും.

# 3. പ്രോട്ടോകോൾ

കോർപ്പറേഷനിലെ മുഴുവൻ വീടുകളും ഗൃഹ സമുച്ചയങ്ങളും വ്യാപാര സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഓഫീസുകളും മത സ്ഥാപനങ്ങളും ആഘോഷ കേന്ദ്രങ്ങളും മറ്റു പൊതു സംവിധാനങ്ങളും നടപ്പാക്കേണ്ട ശുചിത്വ പ്രോട്ടോകോൾ

**താഴെക്കൊടുത്തിട്ടുള്ള എല്ലാ വിഭാഗങ്ങൾക്കും ഈ പ്രോട്ടോകോൾ ബാധകമാണ്.**

1. പാർപ്പിടങ്ങൾ
2. പുതിയ കെട്ടിട നിർമ്മാണം
3. ബസ് സ്റ്റാൻഡുകൾ
4. പൊതു ശൗചാലയങ്ങൾ
5. റോഡുകൾ
6. തെരുവുകൾ

ലോഡ്ജുകൾ, റിസോർട്ടുകൾ

7. പാർക്കുകൾ
8. തുറസ്സായ സ്ഥലങ്ങൾ
9. പരസ്യ ബോർഡുകൾ
10. ടൂറിസ്റ്റ് കേന്ദ്രങ്ങൾ
11. പൈതൃക കേന്ദ്രങ്ങൾ
12. ജലാശയങ്ങൾ
13. തീര പ്രദേശം
14. ഡ്രൈനേജുകൾ
15. സർക്കാർ ഓഫീസുകൾ
16. ആശുപത്രികൾ, ആതുരാലയങ്ങൾ, ക്ലിനിക്കുകൾ
17. ആരാധനാലങ്ങൾ
18. വിദ്യാഭ്യാസ സ്ഥാപനങ്ങൾ
19. അറവ് ശാലകൾ
20. സ്റ്റാളുകൾ
21. മാർക്കറ്റുകൾ
22. ചെറുകിട തൊഴിൽ ശാലകൾ
23. ഫിഷിംഗ് ഹാർബർ
24. വ്യാപാര/വ്യവസായ/സേവന സ്ഥാപനങ്ങൾ
25. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ
26. തട്ടുകടകൾ, തെരുവ് കച്ചവടം
27. കല്ല്യാണ മണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ, ആഘോഷങ്ങൾ

### 3.1. പ്രോട്ടോകോൾ പാലിക്കുന്നതിനുള്ള നടപടികൾ

ഓരോ ഡിവിഷനിലെയും മേൽപ്പറഞ്ഞ മുഴുവൻ സംവിധാനങ്ങളേയും ചെറു ഗ്രൂപ്പുകൾ ആക്കുക.

**ഉദാ.** വീടുകൾ : ഒരു റെസിഡൻസ് അസോസിയേഷനിൽ പെട്ട വീടുകൾ.
റെസിഡൻസ് അസോസിയേഷൻ ഇല്ലാത്ത അവസരത്തിൽ വീടുകളുടെ സാന്ദ്രത അനുസരിച്ചു 50–100 വീടുകൾ ഉൾപ്പെട്ട ഗ്രൂപ്പുകൾ ഉണ്ടാക്കുക.

തെരുവുകൾ : ഒരു യൂണിറ്റ് ആയി പ്രവർത്തിക്കാൻ കഴിയുന്ന വിധം ഒന്നോ രണ്ടോ കിലോമീറ്റർ ദൈർഘ്യം അഥവാ 50 മുതൽ 100 വീതം കടകൾ ഉൾപ്പെടുന്ന യൂണിറ്റ്. ഇടപെടാനുള്ള സൗകര്യം അനുസരിച്ച് ഇതുപോലെ മറ്റെല്ലാ സംവിധാനങ്ങളെയും ചെറു ഇടപെടൽ യൂണിറ്റുകൾ ആക്കണം. വിദ്യാലയങ്ങൾ, ഓഫീസുകൾ തൊഴിലിടങ്ങൾ തുടങ്ങിയ ഓരോന്നും ഓരോ യൂണിറ്റ് ആയിത്തന്നെ പരിഗണിക്കാം. ഇത് അതത് കൗൺസിലർമാരുടെ നേതൃത്വത്തിൽ വാർഡ് സമിതിക്ക് ചെയ്യാവുന്നതാണ്. ഇതിൽ ഓരോ ചെറു യൂണിറ്റിനും ഒരു ചുമതലക്കാരനും ഒരു ചെറു സമിതിയും വേണം. സ്ഥാപനങ്ങൾക്ക് അതത് സ്ഥാപനങ്ങളുടെ മേധാവിയുടെ നേതൃത്വത്തിൽ സമിതികൾ ഉണ്ടാക്കാം.

അതതു സ്ഥലത്തെ ഗുണഭോക്താക്കളുടെ അല്ലെങ്കിൽ തൽപരകക്ഷികളുടെ യോഗം ചേർന്ന് ചുമതലക്കാരനെ കണ്ടെത്തുകയും പ്രവർത്തക സമിതി രൂപീകരിക്കുകയും വേണം. മുഴുവൻ ഗുണഭോക്താക്കളുടെയും പങ്കാളിത്തത്തോടെ ശുചിത്വ പ്രോട്ടോകോൾ ഓരോന്നും നടപ്പാക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം. ഇങ്ങനെ ജനകീയമായി ചെയ്യാൻ കഴി യുന്ന മുഴുവൻ കാര്യങ്ങളും ജനങ്ങളുടെ നേതൃത്വത്തിൽ തന്നെ ചെയ്യുക. ജനകീയമായി ചെയ്യാൻ കഴിയാത്തവ ഉണ്ടാകുമ്പോൾ (ബാഹ്യമായ സഹായം ആവശ്യമെങ്കിൽ) അതിന് സ്പോൺസർമാരെ കണ്ടെത്തുക . അതിനപ്പുറം ഉള്ള സഹായം ആവശ്യമാണെങ്കിൽ (പ്രത്യേകിച്ച് ദരിദ്രരായ വീട്ടുകാർക്ക് സബ്സിഡി ആനുകൂല്യവും മറ്റു സഹായങ്ങളും പ്രോൽസാഹനവും ആവശ്യമെങ്കിൽ) കോർപ്പറേഷൻ പദ്ധതിയിൽ (Annual Project) ഉൾപ്പെടുത്താൻ കൗൺസിലർമാർ ശ്രമിക്കണം. ഗുണഭോക്താക്കൾക്ക് സ്പോൺസർഷിപ്പ് വഴിയോ നേരിട്ടോ നടപ്പാക്കാൻ കഴിയാത്ത വലിയ പ്രവർത്തനങ്ങൾ ആണെങ്കിൽ അവ ബഹുവർഷ പദ്ധതിയായി നടപ്പിൽ വരുത്താവുന്നതാണ്. ശുചിത്വ പ്രോട്ടോകോൾ മുഴുവൻ പാലിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നിയമ നിർമാണ നടപടികൾ സമയ ബന്ധിതമായി നഗരസഭ സ്വീകരിക്കുന്നതാണ്.

### 3.2. ബോധവൽക്കരണം, ജനകീയ പങ്കാളിത്തം

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിന് വശ്യമായ ബോധവൽക്കരണവും ജനകീയ പ്രചരണവും സമാന്തരമായി 2021 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നടക്കണം. പദ്ധതി പ്രഖ്യാപനം, പത്ര വാർത്തകൾ, കാംപെയിൻ മെറ്റീരിയലുകൾ തയ്യാറാക്കൽ, പരിശീലനങ്ങൾ, വീട്ടുമുറ്റ ക്ലാസ്സുകൾ, ഗൃഹസന്ദർശനം, സമിതികളുടെ രൂപീകരണം, തെരുവ് യോഗങ്ങൾ എന്നിവയാണ് ഈ മാസങ്ങളിൽ നടക്കേണ്ടത്. പദ്ധതിയുടെ മുഴുവൻ പ്രാധാന്യവും പ്രസക്തിയും അനിവാര്യതയും മുഴുവൻ ജനങ്ങളെയും ബോധ്യപ്പെടുത്തണം. അതിനായി ഓരോ ഡിവിഷനിൽ നിന്നും മൂന്നോ നാലോ

പേരെ പരിശീലിപ്പിച്ച് കർമരംഗത്ത് നിർത്തണം. ഈ പദ്ധതിയിൽ നഗരസഭയുടെ പരിധിയിലുള്ള മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങളും ഓഫീസുകളും വീടുകളും ഹൗസിംഗ് കോളനികളും മത സ്ഥാപനങ്ങളും, കല്യാണ മണ്ഡപങ്ങളും തുടങ്ങി എല്ലാവരും പങ്കാളികളാകണം. നഗരസഭയിലെ അയൽകൂട്ട സമിതികൾ, കുടുംബശ്രീ യൂണിറ്റുകൾ, യുവജന പ്രസ്ഥാനങ്ങൾ, വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ, വനിതാ വികസന പ്രസ്ഥാനങ്ങൾ, രാഷ്ട്രീ. സാമൂഹ്യ സാസ്കാരിക പ്രസ്ഥാനങ്ങൾ എന്നിങ്ങനെ എല്ലാവരെയും ഈ ദൗത്യ ത്തിൽ പങ്കാളികളാക്കണം. ഓരോ വിഭാഗത്തിന്റെയും സാമ്പത്തിക ശേഷിയും അംഗബലവും പരിഗണിച്ച് അവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ വാർഡ് കൗൺസിലറും സംഘാടകരും ശ്രമി ക്കണം.

### 3.3. പരിശീലനം, മോണിറ്ററിംഗ്, അംഗീകാരം

#### 3.3.1. പരിശീലനം

1. ഈ പദ്ധതിയുടെ വിശദാംശം ചർച്ച ചെയ്യുന്നതിനും പദ്ധതിയുടെ പ്രാധാന്യവും പ്രസക്തിയും കൃത്യമായ കർമ്മ പദ്ധതികളും സ്വാംശീകരിക്കാൻ മുഴുവൻ കൗൺസിലർമാരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഏകദിന ശിൽപശാല കോർപ്പറേഷൻ തലത്തിൽ നടത്തുന്നതാണ്.
2. കർമ്മപദ്ധതികൾ വാർഡ്തലത്തിൽ വിശദീകരിക്കുന്നതിനും കുടുംബയോഗങ്ങൾ, തെരുവോര യോഗങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും കൗൺസിലറോടൊപ്പം പ്രവർത്തിക്കുന്ന വാർഡ്തല റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകണം.
3. സ്കൂളിലെ പരിസ്ഥിതി ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ് എന്നിവക്ക് നേതൃത്വം നൽകുന്നതിനും ക്ലബ്ബുകളുടെ വിവിധങ്ങളായ പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കുന്നതിനും ഒരു സ്കൂളിൽ നിന്ന് അദ്ധ്യാപകർക്ക് പരിശീലനം നൽകണം.
4. കോർപ്പറേഷൻ തലത്തിലുള്ള എല്ലാ ആരോഗ്യ പ്രവർത്തകർക്കും ശുചീകരണ പ്രവർത്തകർക്കും ഹരിതകർമ്മ സേനാംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകണം.
5. വിവിധ ഓഫീസ് മേധാവികളുടെയും വകുപ്പ് തലവൻമാരുടെയും ബന്ധപ്പെട്ട മറ്റ് മേലധികാരികളുടെയും യോഗം വിളിച്ചു ചേർത്ത് പദ്ധതി സംബന്ധിച്ച കാഴ്ചപ്പാടും പ്രസക്തിയും പ്രാധാന്യവും ചർച്ച ചെയ്യണം.

#### 3.3.2. മോണിറ്ററിംഗ്

ബോധവൽക്കരണവും ജനകീയ പങ്കാളിത്തവും ഉറപ്പിക്കുന്നതിന് കോർപ്പറേഷൻ മേയർ അദ്ധ്യക്ഷയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഉപാദ്ധ്യക്ഷയുമായിക്കൊണ്ട് വിപുലമായ ഒരു ജനകീയ സംവിധാനം ഉണ്ടാക്കണം. ഇതിന് ചുക്കാൻ പിടിക്കാൻ ഒരു കർമ്മ സമിതിയും, കൂടാതെ വാർഡ് തലങ്ങളിലെ പ്രവർത്തനം ഏകോപിപ്പിക്കാൻ വാർഡ് തല കമ്മിറ്റിയും രൂപീകരിക്കണം. ഈ സമിതികളിലെല്ലാം എല്ലാ വിഭാഗങ്ങളുടെയും, പ്രാദേശിക സാംസ്കാരിക പ്രവർത്തകരുടെയും പങ്കാളിത്തവും ഉറപ്പാക്കണം. ഇതോടൊപ്പം ഓരോ വാർഡിലും ഓരോ വാർഡ് റിസോഴ്സ് പേഴ്സൺ കൂടി ഉണ്ടായിരിക്കണം. ഈ പദ്ധതിയുടെ മുഴുവൻ കാര്യങ്ങളും വിശദീകരിക്കാൻ കഴിയുന്നവിധം വാർഡ് റിസോഴ്സ് പേഴ്സണ് പരിശീലനം നൽകണം.

#### 3.3.3. അംഗീകാരം

പ്രോട്ടോകോളിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ മാനദണ്ഡങ്ങളും പാലിക്കുന്ന യൂണിറ്റുകളെ ഗ്രേഡിംഗ് നടത്തി സ്റ്റാർ പദവി നൽകി ആദിരിക്കുന്നതാണ്. ഫൈവ്സ്റ്റാർ, ഫോർസ്റ്റാർ, ത്രീസ്റ്റാർ എന്നീ പദവികൾ നൽകും, തുടർച്ചയായി മൂന്നു തവണ ഫൈവ് സ്റ്റാർ ലഭിക്കുന്ന വിഭാഗത്തിന് മേയറുടെ സുവർണ്ണ ഫലകവും രണ്ട് തവണ ലഭിക്കുന്ന വിഭാഗത്തിന് ശുഭ്ര ഫലകവും നൽകുന്നതാണ്.

### 4. പദ്ധതിയുമായി ബന്ധപ്പെട്ട് കോർപ്പറേഷനും മറ്റ് സ്ഥാപനങ്ങളും ഏറ്റെടുക്കുന്ന പൊതു കാര്യങ്ങൾ

1. ഘട്ടം ഘട്ടമായി മൂന്നു വർഷത്തിനുള്ളിൽ എല്ലാം തെരുവുകളിലും സൗര വിളക്കുകൾ സ്ഥാപിക്കുക.
2. എല്ലാ ഓഫീസുകളിലും സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും ആവശ്യമായ വൈദ്യുതി അവിടങ്ങളിൽ തന്നെ സൗര പാനലുകൾ സ്ഥാപിച്ചു ഉൽപാദിപ്പിക്കുക.
3. റോഡ് വീതികൂട്ടുമ്പോഴും പുതിയ റോഡുകൾ നിർമ്മിക്കുമ്പോഴും മരങ്ങൾ മുറിച്ചു മാറ്റേണ്ടി വരുമ്പോൾ അതിലിരട്ടി മരങ്ങൾ റോഡരികിൽ തന്നെ നട്ടു വളർത്തുനതും ഇതിനായി ചുരുങ്ങിയത് രണ്ട് മീറ്റർ സ്ഥലം കൂടുതലായി അക്വയർ ചെയ്യുകയും അവിടെ മരങ്ങൾ നട്ടു വളർത്തുകയും ചെയ്യും. അങ്ങിനെ നഗരത്തെ സമ്പൂർണമായി ഹരിത വൽക്കരിക്കുകയും ചെയ്യുക.
4. നഗരങ്ങളിലെ തെരുവുകളിൽ പൊതു ശൗചാലയങ്ങൾ മൂത്രപ്പുരകൾ എന്നിവ പണിയുക. അവ വൃത്തിയായി പരിപാലിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.

## 5.വിവിധ വിഭാഗങ്ങൾക്കുള്ള ശുചിത്വ പ്രോട്ടോക്കോൾ

### 5.1. വീടുകളും പാർപ്പിട സമുച്ചയങ്ങളും അനുഷ്ഠിക്കേണ്ട പ്രോട്ടോകോൾ

വീടുകളിലും പാർപ്പിട സമുച്ചയങ്ങളിലും പൊതുവെ രണ്ട്–മൂന്ന് തരം മാലിന്യങ്ങളാണ് സാധാരണ ഗതിയിൽ ഉണ്ടാകുന്നത്. ജൈവമാലിന്യങ്ങൾ, അജൈവമാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ ഇവ ഓരോന്നിനും പ്രത്യേകം പ്രത്യേകം സംസ്കരണ സംവിധാനങ്ങൾ ആവശ്യമാണ്.

മാലിന്യങ്ങൾ തരംതിരിച്ച് കൈകാര്യം ചെയ്യുക എന്നത് പ്രധാനമാണ്. മാലിന്യ പരിപാലനത്തിന്റെ അടിസ്ഥാനതത്വം തന്നെ ഉറവിടങ്ങളിൽ വെച്ച് വേർതിരിച്ച് കൈകാര്യം ചെയ്യലാണ്.

1. എല്ലാ വീടുകളിലും ഒരു മഴവെള്ള സംഭരണി ഉണ്ടായിരിക്കണം. 100 ച.മീ. തറവിസ്തീർണ്ണമുള്ള ഒരു വീടിന്റെ മുകളിൽ ഒരു വർഷം ശരാശരി 3 ലക്ഷം ലിറ്റർ വെള്ളം മഴയായി പെയ്യുന്നുണ്ട്. ഇതിന്റെ 50% എങ്കിലും സംഭരിക്കാൻ കഴിയുന്ന മഴവെള്ള സംഭരണി ഓരോ വീടിന്റെയും ഭാഗമായി നിർമ്മിക്കേണ്ടതാണ്.
2. എല്ലാ പുതിയ വീടുകളിലും സോളാർ ഹീറ്ററുകൾ നിർബന്ധമായും ഉണ്ടായിരിക്കണം. ഇതിൽ നിന്നും ലഭിക്കുന്ന ചൂടുവെള്ളം മറ്റാവശ്യങ്ങൾക്ക് പുറമെ പാചകത്തിനും ഉപയോഗിക്കാം. അങ്ങനെ ജല–ഗ്യാസ്–വൈദ്യുതി, ഇന്ധനം എന്നിവ സംരക്ഷിക്കേണ്ടതാണ്.
3. ഓരോ വീടുകളും 'ഹരിതഭവനം' ആക്കി മാറ്റുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് റെസിഡൻസ് അസോസിയേഷനുകൾ നേതൃത്വം നല്കണം.
4. കിടപ്പ് രോഗികളുള്ള വീടുകളിൽ ബയോ വെയ്സ്റ്റ്ബിൻ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
5. വെള്ളപ്പൊക്ക ഭീഷണിയുള്ള സ്ഥലങ്ങളിലെ വീട് നിർമ്മാണം വെള്ളം കയറാത്ത വിധത്തിൽ തൂണുകളിൽ ഉയർത്തി നിർമ്മിക്കണം.
6. ഓരോ റസിഡൻസ് ഏരിയകളിലെയും വെയ്സ്റ്റ് മാനേജ്മെന്റ് കൃതമായി നടക്കുന്നുണ്ടെന്ന് അതാത് റസിഡൻസ് അസോസിയേഷനുകൾ ഉറപ്പ് വരുത്തണം.

#### 5.1.1 ജൈവ മാലിന്യങ്ങൾ

1. ജൈവമാലിന്യ സംസ്കരണം അതാത് വീട്ടുകാരുടെ തന്നെ ഉത്തരവാദിത്വമാണ്. കാരണം അത് സംസ്കരിക്കേണ്ടത് ഉറവിടങ്ങളിൽ വെച്ചു തന്നെയാണ്.
2. ഓരോ പാർപ്പിടത്തിലും ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവിനനുസരിച്ച് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കേണ്ടതാണ്. ദിവസേന രണ്ട് കിലോ ഗ്രാമിൽ താഴെ മാലിന്യം ഉള്ളവർ മൂന്നു തട്ടുകളായുള്ള കാസ്കേഡ് കമ്പോസ്റ്റിംഗ് രീതി ഉപയോഗിക്കാം. വീട്ടിനുള്ളിൽ തന്നെ ഉപയോഗിക്കാം എന്നതാണ് ഇതിന്റെ പ്രത്യേകത. രണ്ടുമുതൽ നാല് കിലോഗ്രാം വരെ മാലിന്യങ്ങൾ നിത്യേന ഉള്ളവർ പൈപ്പ് കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, ചെറിയതരം ബയോഗ്യാസ് പ്ലാന്റ് എന്നിവയിലൊന്ന് ഉപയോഗിക്കണം. നാല് കിലോ ഗ്രാമിൽ കൂടുതൽ മാലിന്യം നിത്യേന

ഉണ്ടെങ്കിൽ ബയോഗ്യാസ് പ്ലാന്റ് ആണ് ഉത്തമം. വലിയ റിംഗ് കമ്പോസ്റ്റിംഗ് രീതിയും ഉപയോഗപ്പെടുത്താം.

3. ഇത്തരം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പാടാക്കാൻ കഴിയാത്ത ദുർബല വിഭാഗങ്ങൾക്ക് അവ സ്ഥാപിക്കാനുള്ള സഹായവും സബ്സിഡിയും നഗരസഭ നൽകുന്നതാണ്. ഇതിന് അർഹരായവരെ വാർഡ് സഭകൾ കണ്ടെത്തണം. അർഹതാ മാനദണ്ഡം അതത് കാലത്ത് സർക്കാർ നിശ്ചയിക്കുന്നതാണ്.
4. ഇവ സ്ഥാപിക്കാൻ കഴിയാത്ത രീതിയിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു ജനകീയ സമിതികൾ ഉണ്ടാക്കി തുമ്പൂർമുഴി മോഡൽ (കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ്) സംവിധാനങ്ങൾ ഏർപ്പെത്താവുന്നതാണ്.
5. മേൽ പറഞ്ഞതൊന്നും പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ നിന്നും മാത്രമേ മാലിന്യം ശേഖരിച്ചുകൊണ്ടുപോകുന്ന രീതി അവലംബിക്കാവൂ.
6. ജൈവമാലിന്യങ്ങൾ അവ സൃഷ്ടിക്കപ്പെടുന്ന ദിവസം തന്നെ സംസ്കരിക്കേണ്ടതാണ്. രണ്ടാം ദിവസം ആകുമ്പോൾ മാലിന്യങ്ങൾ ചീഞ്ഞ് ദുർഗന്ധം സൃഷ്ടിക്കുകയും രോഗ കാരണമായ വൈറസ് , ബാക്ടീരിയ, ഈച്ച തുടങ്ങിയ രോഗവാഹകർ പെരുകാൻ കാരണമാകുകയും ചെയ്യും. തന്റേയും കുടുംബത്തിന്റേയും സമൂഹത്തിന്റെയും ആരോഗ്യപരിപാലനത്തിന്റെ ഭാഗം കൂടിയാണ് മാലിന്യസംസ്കരണം.

### 5.1.2. പ്ലാസ്റ്റിക് – മറ്റ് ഖര മാലിന്യങ്ങൾ

1. നിത്യ ജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന മറ്റ് ഖരമാലിന്യങ്ങൾ തരംതിരിച്ച് വേറെ വേറെ ശേഖരിക്കേണ്ടതാണ്. അത് എടുത്തു കൊണ്ടു പോകാനുള്ള സംവിധാനം കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള ഹരിത കർമ്മസേന നിർവഹിക്കാവുന്നതാണ്.
2. പ്ലാസ്റ്റിക് അനുബന്ധ സാധനങ്ങളും ഒരു പ്രത്യേക ബാഗിൽ സൂക്ഷിക്കണം. പ്ലാസ്റ്റിക് സഞ്ചികളിൽ ജൈവമാലിന്യ അവശിഷ്ടങ്ങൾ ഉണ്ടാകരുത്.
3. പാൽകവർ, മത്സ്യകവർ, ഫ്രഷ് ഫുഡ് തുടങ്ങിയവ വാങ്ങിയ കവറുകൾ കഴുകി വൃത്തിയായി സൂക്ഷിക്കണം. ഈർപ്പമുള്ള മാലിന്യങ്ങൾ പ്ലാസ്റ്റിക്കിനോടൊപ്പം ഉണ്ടായാൽ അവ ദിവസങ്ങൾ കഴിയുമ്പോൾ ചീയുകയും രോഗ കാരണകീടങ്ങൾ ഉണ്ടാവുകയും ചെയ്യും. ആയവ പിന്നീട് മറ്റുള്ളവർക്ക് കൈകാര്യം ചെയ്യാൻ കഴിയുകയുമില്ല.
4. മറ്റ് ഖരമാലിന്യങ്ങളിൽ ഗ്ലാസ്, മെറ്റൽ തുടങ്ങിയവ ഒരു ബാഗിലും കീടനാശിനികൾ, മരുന്നുകൾ തുടങ്ങിയ അപകടകാരികളായവ വെവ്വേറെ ബാഗിലും സൂക്ഷിക്കുക. അതും ഹരിത കർമസേനകൊണ്ടുപോകുന്നതാണ്.
5. പുതിയ ജീവിത ക്രമത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ഇലക്ട്രോണിക് മാലിന്യങ്ങളും പ്രത്യേകം ശേഖരിച്ചു ഹരിത കർമ്മ സേനയ്ക്ക് കൈമാറേണ്ടതാണ്.
6. മേൽപ്പറഞ്ഞ അജൈവ മാലിന്യങ്ങൾ ഒന്നും തന്നെ യാതൊരു കാരണവശാലും ഭൂമിയിലേക്ക് വലിച്ചെറിയരുത്. ഇലക്ട്രോണിക് മാലിന്യങ്ങളിൽ നിന്ന് ലെഡ്ഡ്, ക്രോമിയം, മെർക്കുറി എന്നിങ്ങനെയുള്ള വിഷവസ്തുക്കൾ മണ്ണിലുംവെള്ളത്തിലും കലരാൻ ഇത് ഇടവരുത്തും.

#### 5.1.3 ദ്രവമാലിന്യങ്ങൾ

1. വീട്ടിലും പരിസരത്തും വെള്ളം കെട്ടി നിൽക്കുന്ന ഒരു സ്ഥലവും ഉണ്ടാകരുത്. അത് സ്വന്തം അധീനതയിലുള്ള സ്ഥലമാണെങ്കിൽ സ്വന്തമായും പൊതുസ്ഥലമാണെങ്കിൽ ചെറു കൂട്ടായ്മകൾ സംഘടിപ്പിച്ചും ഒഴിവാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട താണ്. വ്യക്തികൾക്കോ കൂട്ടായ്മകൾക്കോ ചെയ്യാൻ കഴിയാത്തവയാണെങ്കിൽ അവ കൗൺസിലറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, കൗൺസിലർമാർ കോർപറേഷനിലെ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ ആയവയ്ക്കു പരിഹാരം കാണേണ്ടതുമാണ്.
2. വീട്ടിലും പരിസരത്തും പൂച്ചട്ടികൾ, ഒന്നിലേറെ ദിവസം വെള്ളം കെട്ടിനിൽക്കാൻ ഇട യുള്ള വസ്തുക്കൾ, പ്ലാസ്റ്റിക് പാത്രങ്ങൾ, ചിരട്ട, കാർബോർഡ് കവറുകൾ, പ്ലാസ്റ്റിക് കൂടുകൾ തുടങ്ങിയ വസ്തുക്കൾ ഉണ്ടെങ്കിൽ അവയിലൊന്നും വെള്ളം കെട്ടി നിൽക്കുകയില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ഇവ നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്. ആഴ്ചയിലൊരു ദിവസം ഡ്രൈഡേ ആചരിക്കണം.
3. വീട്ടിനുള്ളിൽ ഉപയോഗിക്കാത്ത ക്ലോസറ്റുകൾ ഉണ്ടെങ്കിൽ അഞ്ചു ദിവസത്തിൽ ഒരിക്കൽ ഫ്ളഷ് ചെയ്ത് കൂത്താടികളെ നശിപ്പിക്കണം.
4. കക്കൂസിന്റെ ഗ്യാസ് പൈപ്പ് കൊതുകവല കൊണ്ടു മൂടണം. സെപ്റ്റിക് ടാങ്കിലെ സ്ലാബിലോ പരിസരത്തോ ചെറു ചെറു തുളകളും വിള്ളലുകളും ഉണ്ടെങ്കിൽ അവ സിമെന്റ് കൊണ്ടോ കുഴച്ച മണ്ണ് കൊണ്ടോ അടക്കണം.
5. വീട്ടിലെ പാഴ്ജലം അശ്രദ്ധമായി പുറത്തേക്ക് ഒഴുക്കരുത്. അത് ഒന്നുകിൽ ഒരു സോക്ക്പിറ്റ് നിർമ്മിച്ച് അതിലേക്ക് ഒഴുക്കണം. അല്ലെങ്കിൽ റീസൈക്കിൾ ചെയ്ത് ഉപ യോഗിക്കണം, അതുമല്ലെങ്കിൽ കിച്ചൺ ഗാർഡനിലേക്കോ തെങ്ങിൻ തടത്തിലേക്കോ ഒഴുക്കാം. ഇപ്രകാരം ഒഴുക്കി വിടുന്നത് എന്നും ഒരേ സ്ഥലത്തേക്ക് ആകരുത്, ഓരോ 3 ദിവസം കഴിയുമ്പോഴും ഒഴുക്കി വിടുന്ന സ്ഥലം മാറ്റാൻ ശ്രദ്ധിക്കണം. 4 ദിവസത്തിൽ കൂടുതൽ ഒരു സ്ഥലത്തും നനവുണ്ടാകരുത്. അങ്ങനെ ഉണ്ടെങ്കിൽ കൊതുക് ലാർവ കൾ വിരിഞ്ഞ് കൊതുക് ശല്യത്തിന് കാരണമാകും.
6. ഇങ്ങനെ മാലിന്യങ്ങൾ സമ്പൂർണ്ണമായും സംസ്കരിക്കുകയും നിർമ്മാർജനം ചെയ്യു കയും ചെയ്യുന്ന ഭവനങ്ങൾക്ക് ഹരിതഭവനം അവാർഡുകൾ നൽകുന്നതാണ്.

ഓർക്കുക "നമ്മുടെ മാലിന്യം നമ്മുടെ ഉത്തരവാദിത്തമാണ്".

എല്ലാതരം മാലിന്യ നിർമാർജ്ജനത്തിനും ലോകം അംഗീകരിച്ച തത്വം ഇവയാണ്.

Reduce – പരമാവധി കുറയ്ക്കുക

Reuse – പരമാവധി പുനരുപയോഗം ചെയ്യുക

Recycle – പരമാവധി പുനചംക്രമണം ചെയ്യുക

പ്ലാസ്റ്റിക്കിന്റെ കാര്യത്തിൽ Refuse– പരമാവധി ഉപേക്ഷിക്കുക.

ജൈവമാലിന്യത്തിന്റെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്ക്കരണമാണ് ഏറ്റവും ഉചിത മായ മാർഗ്ഗം. എല്ലാവരും ആ മാർഗ്ഗം സ്വീകരിയ്ക്കേണ്ടതാണ്.

### 5.2. പുതിയ കെട്ടിട നിർമ്മാണം

1. കെട്ടിട നിർമ്മാണത്തിന്റെ ഡിസൈനും ഉപയോഗിക്കുന്ന നിർമ്മാണ സാമഗ്രികളും പരിസ്ഥിതി സൗഹൃദമാകണം, കെട്ടിടം സ്ത്രീ സൗഹൃദവും ഭിന്നശേഷി സൗഹൃദവും ആകുന്ന തരത്തിൽ രൂപകല്പന ചെയ്യണം.
2. പുതുതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കണം. 100 ച.മീ. ടെറസ്സുള്ള ഒരു കെട്ടിടത്തിൽ 20 കെ.ഡബ്ല്യു. വരെ വൈദ്യുതി ഉല്പാദിപ്പിക്കാം. ഇതിന്റെ 10% എങ്കിലും ഉല്പാദിപ്പിക്കാനുള്ള സംവിധാനം കെട്ടിട നിർമ്മാണ സമയത്ത് ക്രമീകരിക്കണം. ഒരു ശരാശരി ഭവനത്തിലേക്ക് ഇത്രയും വൈദ്യുതി മതിയാകുന്നതാണ്.
3. പഴയ കെട്ടിടങ്ങൾ പൊളിച്ച് പുതിയത് നിർമ്മിക്കുമ്പോഴും കൂട്ടിച്ചേർക്കലുകൾ നടത്തുമ്പോഴും ഉണ്ടാകുന്ന കെട്ടിട നിർമ്മാണ വെയ്സ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിലുള്ള സംവിധാനം പെർമ്മിറ്റിന് അപേക്ഷിക്കുമ്പോൾ തന്നെ വ്യക്തമാക്കേണ്ടതാണ്. കെട്ടിട നിർമ്മാണ വേളകളിലുണ്ടാകുന്ന ദ്രവ മാലിന്യങ്ങളും ഖരമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള സംവിധാനം കെട്ടിട ഉടമ ഒരുക്കേണ്ടതാണ്.
4. ഫ്ളാറ്റുകളും മറ്റ് ഏത് തരം കെട്ടിടമാണെങ്കിലും ഇവിടെ ഉല്പാദിപ്പിക്കുവാൻ സാധ്യതയുള്ള ജൈവമാലിന്യങ്ങൾ മുഴുവൻ സംസ്കരിക്കുന്ന ജൈവമാലിന്യ സംസ്കരണ സംവിധാനം ഉണ്ടായിരിക്കണം. അജൈവ മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് വെയ്ക്കുന്നതിന് മൈക്രോ എം.സി.എഫ്. സ്ഥാപിച്ച് ഹരിതകർമ്മസേനക്ക് കൈമാറേണ്ടതാണ്.
5. വെള്ളപ്പൊക്ക ഭീഷണിയുള്ള സ്ഥലങ്ങളിൽ കെട്ടിടം നിർമ്മിക്കുമ്പോൾ കെട്ടിടത്തിന്റെ തറനിരപ്പ് ആ പ്രദേശത്തെ ഫ്ളഡ് ലെവലിനേക്കാൾ ഉയർന്നതായിരിക്കണം. അത്തരം പ്രദേശങ്ങളിൽ നിർമ്മിക്കുന്ന മതിലുകൾ (കോമ്പൗണ്ട് വാൾ) വെള്ളത്തിന്റെ ഒഴുക്കിന് തടസ്സം വരാത്ത രീതിയിൽ ഫെൻസിംഗ് മാതൃകയിൽ നിർമ്മിക്കണം.
6. ഒരു പുതിയ കെട്ടിട നിർമ്മാണം മൂലം തൊട്ടടുത്ത പുരയിടങ്ങളിൽ വെള്ളക്കെട്ടുകൾ ഉണ്ടാകുന്ന സ്ഥിതിയോ, സ്വാഭാവിക മഴവെള്ള ഒഴുക്ക് തടസ്സപ്പെടുകയോ സംഭവിക്കുവാൻ ഇടയാകുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ കെട്ടിട ഉടമ തന്നെ നിർവ്വഹിക്കേണ്ടതാണ്.
7. പൊതുജലവിതരണ വിഭാഗത്തിൽ നിന്നാണ് ജലാവശ്യം നിർവ്വഹിക്കുന്നത് എങ്കിൽ ഒരാൾ ദിനംപ്രതി ശരാശരി 100 ലിറ്ററിൽ കൂടുതൽ വെള്ളം ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. കുടിവെള്ളം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും ദുരുപയോഗം ചെയ്യുന്നതും തടയണം. കൂടുതൽ ആവശ്യമുണ്ടെങ്കിൽ മഴവെള്ള

സംഭരണിയിൽ ശേഖരിച്ചോ പുന:ചക്രമണം ചെയ്തോ ഉപയോഗം നിയന്ത്രിക്കാവുന്നതാണ്.

8. എല്ലാ വൈദ്യുത ഉപകരണങ്ങളും ഉയർന്ന ക്ഷമത ഉള്ളതും സ്റ്റാർ മാർക്കിംഗ് ഉള്ളതും ആയിരിക്കണം.
9. വാഹന സൗകര്യമുള്ള എല്ലാ വീടുകളിലും കെട്ടിടങ്ങളിലും സ്വന്തമായി തന്നെ പാർക്കിംഗ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. പൊതുസ്ഥലങ്ങളിലോ റോഡുകളിലോ പാർക്കിംഗ് അനുവദിക്കുന്നതല്ല.
10. കെട്ടിടത്തിന്റെ ഭാഗമായുള്ള ഭൂമി തരിശിടുന്നത് നിയന്ത്രിക്കണം.
11. ഫ്ളാറ്റ്സമുച്ചയങ്ങളിലും ഗേറ്റഡ് കമ്മ്യൂണിറ്റികളിലും ചെടികൾ വെച്ചുപിടിപ്പിച്ച ലാന്റ് സ്കേപ്പിംഗ് അഭികാമ്യമാണ്.

## 5.3. ബസ് സ്റ്റാന്റുകൾ

1. ബസ് സ്റ്റാന്റുകളിലെ ടോയ്‌ലറ്റുകൾ ഇന്റർനാഷണൽ സ്റ്റാൻഡേർഡിലേക്ക് നവീകരിക്കേണ്ടതും അതിന്റെ മെയിന്റനൻസ് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതുമാണ്.
2. ഒരു അത്യാഹിത മുറിയും ഫസ്റ്റ് എയ്ഡും സജ്ജീകരിച്ച് ആയതിന്റെ പ്രവർത്തനം റൊട്ടേഷൻ അടിസ്ഥാനത്തിൽ നഗരത്തിലെ ഹോസ്പിറ്റലുകൾക്ക് ഏല്പിക്കുക.
3. ബസ് സ്റ്റാന്റുകൾ സ്ത്രീസൗഹൃദവും ഭിന്നശേഷി സൗഹൃദവും ആക്കുക. ഫീഡിംഗ് റൂം, സ്ത്രീസുരക്ഷ എന്നിവ ഉറപ്പാക്കുക.
4. റെയിൻ വാട്ടർ ഹാർവസ്റ്റിംഗ് സിസ്റ്റം ഒരുക്കി ആയത് ടോയ്‌ലറ്റുമായി ബന്ധപ്പിക്കുക.

## 5.4. പൊതുശൗചാലയങ്ങൾ

ഏതൊരു നഗരത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട പൊതു സൗകര്യങ്ങളിൽ ഒന്നാണ് വൃത്തിയും വെടിപ്പുമുള്ള പൊതു ശൗചാലയങ്ങൾ . നഗരത്തിലെത്തുന്ന പൊതുജനങ്ങൾക്ക് ഉപയോഗിക്കപ്പെടുന്ന തരത്തിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ വൃത്തിയുള്ളതും പരിസ്ഥിതി സൗഹൃദവുമായ പൊതുശൗചാലയങ്ങൾ സ്ഥാപിക്കുന്നതാണ്.

പുരുഷ, സ്ത്രീ, ഭിന്നശേഷി , മൂന്നാംലിംഗ സൗഹൃദമായ പൊതു ശൗചാലയങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ളവ ഗ്രീൻ പ്രോട്ടോകോൾ നിയമപ്രകാരം പുനരുദ്ധിച്ച് പരിപാലിക്കുന്നതുമാണ്. മാലിന്യ സംസ്ക്കരണം നിലവിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സംവിധാനങ്ങളിലൂടെ സംസ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 5.5. റോഡുകൾ

1. പ്രാധാന്യമനുസരിച്ച് റോഡുകൾക്ക് നിശ്ചിത വീതി ഉണ്ടായിരിക്കണം.

2. റോഡിനു വശങ്ങളിൽ മഴവെള്ളം കൃത്യമായി ഒഴുകിപ്പോകുന്നതിന് സ്ലാബുകൾ ഇട്ടതും പരിചിരക്കപ്പെടുന്നതുമായ ഡ്രൈനേജ് ഉണ്ടായി രിക്കണം.
3. കേബികളുകൾ, വാട്ടർപൈപ്പുകൾ മുതലായവയ്ക്ക് പ്രത്യേകം ഡക്ടുകൾ ഉണ്ടായിരിക്കണം.

4. റോഡുകൾക്ക് ഇരുവശങ്ങളിലും ചുരുങ്ങിയത് ഒന്നര മീറ്റർ വീതിയുള്ള നടപ്പാത ഉണ്ടായിരിക്കണം.
5. റോഡുകൾ കൃത്യമായി മെയിന്റനൻസ് നടതക്തി വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

6. നടപ്പാതകൾക്കു പിറകിൽ സ്ഥലം ഉള്ള പക്ഷം ചെറുമരങ്ങളും, ചെടികളും നട്ടുവളർത്തി പരിപാലിക്കേണ്ടതാണ്.
7. ട്രാഫിക്ക് നിയമങ്ങൾ പാലിക്കുന്നതിനാവശ്യമായ സീബ്രാലൈനുകൾ, മറ്റ് അടയാളങ്ങൾ തുടങ്ങിയവ വരച്ച് പരിപാലിക്കേണ്ടതുണ്ട്.
8. റോഡുകളുടെ വശങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ പുഷ്പ ഉദ്യാനങ്ങൾ നട്ടുപിടിപ്പിക്കാവുന്നതാണ്.
9. മഴവെള്ളം വാർന്നുപോകുന്നതിനുള്ള ഡക്ടുകൾ മണ്ണും ചെളിയും അടിഞ്ഞ് തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.
10. റോഡ്, നടപ്പാത, ഡ്രൈനേജ് എന്നിവിടങ്ങളിൽ മണ്ണും മാലിന്യങ്ങളും അടിഞ്ഞു കൂടിയിട്ടില്ല എന്നും വെള്ളം കെട്ടികിടുക്കുന്നില്ലെന്നും ഉറപ്പു വരുത്തേണ്ടതാണ്.
11. റോഡിലും, നടപ്പാതയിലും കൈയ്യേറ്റങ്ങൾ ഇല്ലെന്ന് ഉറപ്പ്വരുത്തേണ്ടതുണ്ട്.
12. നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിലല്ലാതെ റോഡരികുകളിൽ തട്ടുകടകളും, കച്ചവടങ്ങളോ അനുവദിക്കുന്നതല്ല.
13. റോഡിലോ, നടപ്പാതകളിലോ തുപ്പുക, മലമൂത്രവിസർജ്ജനം ചെയ്യുക എന്നിവ ചെയ്യാൻ പാടില്ലാത്തതാണ്.
14. വശങ്ങളിലും, മീഡിയനുകളിലും, ഉള്ള ഇലക്ട്രിക് പോസ്റ്റുകൾ കൃത്യമായ പരിചരിക്കപ്പെടേണ്ടതാണ്.
15. തെരുവുവിളക്കുകൾ എല്ലാം കൃത്യമായി പരിപാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ടതാണ്.
16. ഡിവൈഡറുകൾ, പെയിന്റ് ചെയ്ത് പരിപാലിക്കേണ്ടതും കൃത്യമായ ദിശാസൂചകങ്ങൾ (സൈൻ ബോർഡുകൾ) ഉണ്ടായിരിക്കേണ്ടതാണ്.
17. ആവശ്യമായ സ്ഥലങ്ങളിൽ റിഫ്ളക്ടുകൾ, ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
18. എല്ലാ ജംഗ്ഷനുകളിലും ട്രാഫിക്ക് സിഗ്നലുകൾ സ്ഥാപിക്കേണ്ടതും അവ പാലിക്കപ്പെടേണ്ടുതമാണ്.
19. വൺവേകളിൽ യാതൊരു കാരണവശാലും എതിർദിശയിൽ വാഹനങ്ങൾ അനുവദിക്കുന്നതല്ല.
20. യാതൊരു അനധികൃത പരസ്യങ്ങളും റോഡിന്റെ വക്കുകളിൽ / വശങ്ങളിൽ സ്ഥാപിക്കുവാനോ, പതിക്കുവാനോ പാടുള്ളതല്ല.
21. പ്രാദേശിക റോഡുകൾ, ആധുനിക സംവിധാനങ്ങൾ / ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഡിസൈനർ റോഡുകൾ ആക്കി മാറ്റുന്നതിന് ക്രമീകരിക്കേണ്ടതാണ്.
22. ഡ്രൈനേജുകളുടെ ആകൃതി, വലിപ്പം, മുതലായവയിൽ ശാസ്ത്രീയവും, പ്രായോഗികവുമായ സമീപനം സ്വീകരിക്കേണ്ടതാണ്.

23. ബസ് വെയിറ്റിംഗ് ഷെഡുകൾക്ക് ഒരു നിശ്ചിത രൂപകൽപ്പന അംഗീകരിച്ച് നടപ്പാക്കേണ്ടതാണ്.
24. കഴിയുന്നത്ര റോഡുകൾ, മോഡൽ റോഡുകൾ ആയി വികസിപ്പിക്കാവുന്നതാണ്. ഓരോ തെരുവിലും ഒരു റോഡെങ്കിലും ഇത്തരത്തിൽ ഒരുക്കിയെടുക്കേണ്ടതാണ്.
25. ഓരോ റോഡിലും വ്യത്യസ്ഥങ്ങളായ പുഷ്പഫലസസ്യങ്ങൾ വച്ചുപിടിപ്പിച്ച് കാഴ്ചയും, തനിമയും വർദ്ധിപ്പിക്കുന്നതിനായി തീം റോഡുകൾ വികസിപ്പിക്കാവുന്നതാണ്.
26. റോഡിരികിലുള്ള വൻമരങ്ങൾ അപകടങ്ങൾ ഉണ്ടാക്കുന്നതിനും ഫുട്പാത്തുകൾ പൊട്ടിപൊളിക്കുന്നതിനും കാരണമാകുന്നതിനാൽ ഇടത്തര ചെറുമരങ്ങൾ വച്ചുപിടിപ്പിക്കുന്ന രീതി ആരംഭിക്കാവുന്നതാണ്.
27. തെരുവുവിളക്കുകൾക്കും, കാലുകൾക്കും ഏകീകൃത രൂപം നിശ്ചയിച്ച് സ്ഥാപിക്കാവുന്നതാണ്.

സൗകര്യപ്രദമായ തെരുവോരങ്ങളിൽ വാക്കിംഗ് സ്ട്രീറ്റുകൾ (Walking Street) സംവിധാനം ചെയ്ത് നടപ്പിലാക്കുക.

## 5.6. തെരുവുകൾ

പ്രദേശത്തിന്റെ ഭൂപ്രകൃതി അനുസരിച്ചു 1/2 കിലോമീറ്റർ മുതൽ 1 കിലോമീറ്റർ വരെയോ 50 മുതൽ 100 കടകൾ ഉൾപ്പെടുന്നതോ ആയ വിധത്തിലാണ് തെരുവുകൾ വിഭജിക്കേണ്ടത്.

1. തെരുവിൽ ഉൾപ്പെട്ട എല്ലാ കടകളിലും മാലിന്യങ്ങൾ വേർതിരിച്ചു സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.
2. ഒരു തരത്തിലുള്ള മാലിന്യങ്ങളും പുറത്തേക്ക് വലിച്ചെറിയപ്പെടുന്നില്ലെന്നു ഉറപ്പു വരുത്തേണ്ടതാണ്.
3. തെരുവിലെ എല്ലാ കടകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേനയ്ക്കു കൈമാറുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. തെരുവിലെ എല്ലാ കടകളിലും ജൈവ മാലിന്യങ്ങൾ കയ്യൊഴിയാനോ സംസ്ക്കരിക്കാനോ ഉള്ള സംവിധാനം ഒരുക്കിയിരിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. തെരുവിന് പൊതുവായ സംവിധാനവും ഒരുക്കാവുന്നതാണ്.
5. ഒരു കടയിലും നിരോധിക്കപ്പെട്ട (പുകയില ഉൽപ്പന്നങ്ങൾ , ലഹരി വസ്തുക്കൾ തുടങ്ങിയ സാധനങ്ങൾ) വിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. ഒരു കടയിലും നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് /നോൺ വൂവൻ സഞ്ചികൾ വിൽക്കു ന്നില്ല/വിതരണം ചെയ്യുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
7. അനധികൃത പാർക്കിംഗ് ഇല്ല എന്നും ഒരു തരത്തിലുമുള്ള സ്ക്രാപ്പുകളും കൂട്ടിയിട്ടി ല്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. പാർക്കിംങ്ങിന് പ്രത്യേക സ്ഥലം നിശ്ചയിച്ചു മാർക്ക് ചെയ്തു വെക്കേണ്ടതാണ്.
8. ഒരു കടയിലും കാലഹരണപ്പെട്ടതോ ചീഞ്ഞതോ കേടുവന്നതോ പൂപ്പൽ പിടിച്ചതോ ആയ സാധനങ്ങൾ വിൽക്കുന്നില്ല എന്നും സൂക്ഷിക്കുന്നില്ല എന്നും ഉറപ്പു വരുത്തേണ്ട താണ്.
9. കയ്യൊഴിയപ്പെട്ട സ്ക്രാപ്പുകൾ, മാലിന്യങ്ങൾ എന്നിവ തെരുവിൽ എവിടെയും കൂട്ടികിട ക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

10. തെരുവിൽ എവിടെയും മാലിന്യം ആരു കത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
11. തെരുവിൽ എവിടെയും അഴുക്കുവെള്ളം കെട്ടിക്കിടന്നു കൊതുകുകൾ വളരാനുള്ള സാഹചര്യം സൃഷ്ടിക്കുന്നില്ലെന്നും ഓടകൾ തുറന്നിരിക്കിന്നില്ലെന്നും , അഴുക്കുവെള്ളം ഒന്നും ഓടയിലേക്ക് ഒഴുക്കിന്നില്ല എന്നും വരുത്തേണ്ടതാണ്. തെരുവിലെ എല്ലാ കടളുടെയും പരിസരം മുഴുവൻ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. തെരുവിലെ പുല്ലും കളകളും കളഞ്ഞു വൃത്തി വരുത്തേണ്ടതാണ്.
12. ഓരോ കടയിലും വിൽപ്പനക്കോ വിതരത്തിനോ ഉള്ള സാധനങ്ങൾ ഒന്നും തന്നെ പുറത്തേക്ക് വെച്ച് കച്ചവടം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
13. തെരുവിലെ എല്ലാ കടകൾക്കും സൈൻ ബോർഡ് ഉണ്ട്, ബോർഡിൽ സ്ഥലപ്പേര് കാണിച്ചിരിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
14. അനാവശ്യ പരസ്യങ്ങൾ, സൈൻ ബോർഡുകൾ എന്നിവ ഇല്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
15. തെരുവിൽ ശുദ്ധജലം ലഭ്യമാണെന്ന് ഉറപ്പാക്കണം
16. എല്ലാ കടകളിലും പ്രത്യേകമായോ, തെരുവകൾക്ക് പൊതുവായോ വൃത്തിയുള്ളതും നിത്യവും പരിപാലിക്കുന്നതുമായ ശുചിമുറികൾ ഉണ്ടായിരിക്കണം. മേൽപ്പറഞ്ഞവ കൂടാതെ;
17. സൈൻ ബോർഡുകൾക്കെല്ലാം ഒരേ ഡിസൈൻ നൽകിയും കടകൾ എല്ലാം ഒരേ ഡിസൈൻ പാലിച്ചും കടകൾ എല്ലാം ഒരേ നിറത്തിലുള്ള പെയിന്റ് ഉപയോഗിച്ചും പൂന്തോട്ടങ്ങൾ വച്ചുപിടിപ്പിച്ചും ലാന്റ്സ്കേപ്പിംഗ് നടത്തിയും തെരുവുകൾക്ക് ഭംഗി കൂട്ടാവുന്നതാണ്.

## 5.7. പാർക്കുകൾ

1. പൊതുജനങ്ങളുടെ മാനസികോല്ലാസത്തിന് ഉതകുന്ന തരത്തിൽ ലഭ്യമായ സ്ഥലങ്ങളിൽ കൃത്യമായ രൂപരേഖയോടെ പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്.
2. ഓരോ പാർക്കുകൾക്കും ഒരു നിശ്ചിത കമ്മ്യൂണിറ്റി തീം നിശ്ചയിച്ച് നടപ്പാക്കാവുന്നതാണ്.
3. കുട്ടികൾക്കായി പ്രത്യേക പാർക്കുകൾ ആരംഭിക്കാവുന്നതാണ്.
4. സ്ഥല ലഭ്യത ഉള്ള പാർക്കുകളിൽ ഫൺ ഫെയറുകൾ കാർണിവലുകൾ തുടങ്ങിയവ നിശ്ചിത നിബന്ധനകളോടെ നടത്താവുന്നതാണ്.
5. എല്ലാ പാർക്കുകളിലും പൊതു ശൗചാലയങ്ങൾ ഉണ്ടായിരിക്കണം.
6. പൊതുജനങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്നതും സുരക്ഷ ഉറപ്പാക്കിയതും ആയിരിക്കണം.
7. പ്രാദേശിക ജനങ്ങളുടെയും സ്പോൺസർമാരുടെയും സഹകരണം പാർക്കിന്റെ നിർമ്മാണത്തിലും നടത്തിപ്പിലും ഉറപ്പുവരുത്താവുന്നതാണ്.
8. രൂപകൽപ്പനയിലും നിർമ്മാണത്തിലും കലാകാരൻമാർ, ആർകിടെക്ടുകൾ തുടങ്ങിയവരുടെ സേവനം ലഭ്യമാക്കാവുന്നതാണ്.
9. പൊതു ഇടങ്ങൾക്കു ബാധകമാക്കുന്ന എല്ലാ ശുചിത്വനിയമങ്ങളും പാർക്കുകൾക്കും ബാധകമായിരിക്കുന്നതാണ്.
10. പാർക്കുകൾ, തങ്ങളുടെതാണെന്നും അത് വൃത്തിയിലും വെടിവെപ്പിലും സംരിക്ഷിക്കേണ്ടത് തങ്ങളുടെ കൂടി ഉത്തരവാദിത്വമാണെന്നുള്ള ഒരു അവബോധം

പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനാവശ്യമായ പ്രവർത്തനം ബന്ധപ്പെട്ടവർ നടത്തേണ്ടതാണ്.

11. മാലിന്യങ്ങൾ വലിച്ചെറിയപ്പെടില്ലെന്ന് ഉറപ്പാക്കേണ്ടതും തരംതിരിച്ച് സംസ്കരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്.
12. പ്ലാസ്റ്റിക് വസ്തുക്കൾ പാർക്കുകളിൽ കൊണ്ടുവരുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
13. ശുചിത്വ പ്രോട്ടോകോൾ നിബന്ധനകൾ സൗകര്യപ്രദമായ സ്ഥലത്ത് എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.
14. പാർക്കുകൾ നടത്തിപ്പിനായി സ്പോൺസർമാരെ ഏൽപ്പിക്കുമ്പോൾ പരസ്യങ്ങൾ സ്ഥാപിക്കുന്ന സ്ഥലത്തിനും ബോർഡുകളുടെ വലിപ്പത്തിനും മാനദണ്ഡങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
15. പരിപാലനത്തിനായി പ്ലാന്റ്, നേഴ്സറി പോലെയുള്ളവയെ ഏൽപ്പിക്കുന്നത് പരിഗണിക്കാവുന്നതും പാർക്കുകളുടെ രൂപകൽപ്പനയിൽ ആർക്കിടെക്ടുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതുമാണ്.
16. സൗകര്യപ്രദമായ പാർക്കുകളിൽ കഫെറ്റീരിയ ലൈബ്രറി, ക്രിയേറ്റീവ് കോർണർ തുടങ്ങിയവയും സ്ഥാപിക്കാവുന്നതാണ്.

## 5.8. തുറസ്സായ സ്ഥലങ്ങൾ

1. നഗരസഭാ നിവാസികളുടെ ഉപയോഗത്തിനായി ലഭ്യമായ സ്ഥലങ്ങൾ തുറസ്സായ സ്ഥലങ്ങളായി നിശ്ചയിച്ച് തയ്യാറാക്കേണ്ടതാണ്.
2. മേളകളും, മീറ്റിംഗുകളും ആഘോഷങ്ങളും നടത്തുന്നതിന് ഉചിതമായ രീതിയിൽ സ്ഥലങ്ങൾ ക്രമീകരിക്കേണ്ടതാണ്.
3. പൊതുസ്ഥലം എന്നു വിവക്ഷിക്കപ്പെടുന്നവയ്ക്ക് ബാധകമാകുന്ന എല്ലാ നിയമങ്ങളും നിബന്ധനകളും തുറസ്സായ സ്ഥലങ്ങൾക്കും ബാധകമായിരിക്കുന്നതാണ്.
4. ധാരാളം ജനങ്ങൾ കൂടിച്ചേരുന്ന സ്ഥലങ്ങളാകുന്നതിനാൽ ആവശ്യമായ എല്ലാ പൊതു സംവിധാനങ്ങളും – ശൗചാലയങ്ങൾ, മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങിയവ നിശ്ചയമായും സ്ഥാപിക്കേണ്ടതാണ്.
5. പൊതുജനങ്ങൾ ഒത്തുകൂടുന്നതിനും വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ പ്രത്യേകമായി ഒരുക്കേണ്ടതാണ്.
6. ശുചിത്വ പ്രോട്ടോകോൾ വ്യവസ്ഥകൾ തുറസ്സായ സ്ഥലങ്ങൾക്കും ബാധകമായിരിക്കുന്നതാണ്.
7. പ്ലാസ്റ്റിക് മലിനീകരണം യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

## 5.9. പരസ്യബോർഡ് പ്രോട്ടോകോൾ

1. ചരിത്രസ്മാരകങ്ങളായ കെട്ടിടങ്ങൾ, ചുവരുകൾ, സ്മാരകങ്ങൾ പൊതു ഉദ്യാനങ്ങൾ, ട്രാഫിക്ഐലന്റുകൾ, ദിശാ സൂചകങ്ങൾ, പൊതുജനങ്ങൾ ക്കായുള്ള അറിയിപ്പുകൾ എന്നിവയ്ക്ക് തടസ്സം വരുന്ന രീതിയിൽ യാതൊരു പരസ്യവും സ്ഥാപിക്കുവാൻ പാടില്ലാത്തതാകുന്നു.
2. യാതൊരുവിധ കമാനങ്ങളും പരസ്യ ഹോൾഡിംഗുകളും ബോർഡറുകളും സിനിമാ പോസ്റ്ററുകളും ചുവർ പരസ്യങ്ങളും, ചുവർ പരസ്യങ്ങളും, ആരാധനാലയങ്ങൾ,

കളിസ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നഗരസഭ നിശ്ചയിക്കുന്ന പ്രധാനപ്പെട്ട റോഡുകൾ, തിരക്കുള്ള ജംങ്ഷനുകൾ, ട്രാഫിക് ഐലന്റുകൾ, മീഡിയനുകൾ, ഫുട്പാത്തുകൾ, എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ പാടില്ലാത്തതും, മരങ്ങലിൽ ആണി അടിച്ചോ മറ്റുതരത്തിലോ പ്രദർശിപ്പിക്കാൻ പാടില്ലാത്തതാകുന്നു. കൂടാതെ റോഡിന്റെ വശങ്ങളിൽ വളവികളിൽ ഡ്രൈവർമാരുടെ കാഴ്ച മറക്കുന്ന തരത്തിലും ശ്രദ്ധ തിരിക്കുന്നതുമായ പരസ്യങ്ങളും  അനുവദിക്കുന്നതല്ല. കൂടാതെ ട്രാഫിക് സിഗ്നലുകൾക്ക്  സമീപവും പരസ്യങ്ങൽ അനുവദിക്കുന്നതല്ല.

3. നഗരസഭാ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന തരത്തിലും നിബന്ധനകൽ അനുസരിച്ചും നഗരസഭാ പ്രദേശത്ത് വൃത്തിയായും ഭംഗിയായും ഉറപ്പോടും കൂടി  മാത്രമേ സിനിമാ പോസ്റ്ററുകൾ ഉൾപ്പെടെയുള്ള പരസ്യങ്ങൾ സ്ഥാപിക്കാൻ പാടുള്ളൂ.
4. പുതുതായി സ്ഥാപിക്കുന്ന ബോർഡുകൾ നിലവിലുള്ള ബോർഡുകളുടെ കാഴ്ചയെ മറയ്ക്കുന്നില്ലെന്ന് അപേക്ഷകരും, പരിശോധകരും ഉറപ്പുവരുത്തേണ്ടതാണ്.
5. ഫുട്പാത്തിൽകൂടി സഞ്ചരിക്കുന്ന കാൽനട യാത്രക്കാർക്ക് അസൗകര്യം ഉണ്ടാകുന്ന വിധത്തിൽ പരസ്യബോർഡോ തൂണോ സ്ഥാപിക്കാൻ പാടുള്ളതല്ല. കമാനത്തിന്റെയോ പരസ്യബോർഡിന്റെയോ തൂണുകൾ റോഡിന്റെ ടാർ/കോൺക്രീറ്റ് ചെയ്ത ഭാഗത്തിന്  വെളിയിലായിരിക്കണം  സ്ഥാപിക്കേണ്ടത്. ഫുട്പാത്തുള്ള റോഡിന്റെ വശങ്ങലിൽ ഫുട്പാത്തിന് വെളിയിൽ മാത്രമേ കമാനത്തിന്റെയോ പരസ്യ ബോർഡിന്റെയോ  തൂണുകൾ സ്ഥാപിക്കാൻ പാടുള്ളൂ.
6. പ്രകാശിതമാക്കിയ പരസ്യ ബോർഡിന്റെ  പ്രകാശ തീവ്രത  എൽ ഇ ഡി പരസ്യ ബോർഡുകൾ ഉൾപ്പെടെ  0.5 കൂടാൻ പാടില്ലാത്തതുമാണ്.
7. പ്രകാശ മലിനീകരണം നിയന്തിക്കുന്നതിനുള്ള നിബന്ധനകൾ പാലിച്ചു മാത്രമേ പരസ്യങ്ങൾ സ്ഥാപിക്കാൻ് പാടുള്ളൂ.
8. ഫ്ളാഷ് ലൈറ്റ് ഉപയോഗിച്ചുള്ള ഏതൊരു പരസ്യ ബോർഡുകളും അനുവദിനീയമല്ല.
9. റോഡ് വശങ്ങളിലും പാതയോരങ്ങളിലും സ്ഥാപിക്കുന്ന ബോർഡുകൾ/ബാനറുകൾ എന്നിവ നിലവിലുള്ള ബോർഡുകളും നെയിം ബോർഡുകളും മറ്റും മറയ്ക്കാതെയും, കാൽനട  യാത്രക്കാർക്ക് തടസ്സമില്ലാത്ത വിധത്തിലും 2.1 മീറ്റർ ഉയരത്തിലാവണം സ്ഥാപിക്കേണ്ടത്.
10. പൊതുയാത്രാ വാഹനങ്ങളുടെ മുൻവശത്ത് യാതൊരു പരസ്യങ്ങളും പ്രദർശിപ്പിക്കാൻ പാടില്ലാത്തതും, വാഹനത്തിന്റെ ഓരോ വശത്തുമുള്ള സ്ഥല വിസ്തൃതിയുടെ 75 ശതമാനത്തിൽ കൂടുതൽ പരസ്യത്തിനായി ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്.
11. ഏതൊരു കടയുടേയോ സ്ഫാപനത്തിന്റെയോ മുൻവശത്തെ നീളത്തിൽ കൂടുതലായും, 0.75 മീറ്റർ വീതിയിൽ കൂടുതലായും, നെയിം ബോർഡുകൾ സ്ഥാപിക്കാൻ പാടില്ലാത്തതും,  എന്നാൽ ടി നെയിം ബോർഡുകളുടെ പരമാവധി വിസ്തൃതി 4 ച.മീറ്ററിൽ കൂടുതലായാൽ അപ്രകാരമുള്ള ബോർഡുകൾക്ക് മുഴുവൻ വിസ്തൃതിക്കുമുള്ള ഫീസ് ഒടുക്കേണ്ടതാണ്.

12. ട്രാഫിക് സിഗ്നൽ ലൈറ്റുകളുടെയോ, ദിശാബോർഡുകളുടെയോ സ്ഥലനാമ ബോർഡുകളുടെയോ സമീപത്തോ അവ മറക്കുന്ന തരത്തിലോ യാതൊരു ബോർഡുകളും അനുവദനീയമല്ല.
13. കെട്ടിടം അനധികൃതമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ മുകളിൽ/ വശങ്ങളിൽ പരസ്യം സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതല്ല.
14. സർക്കാറിന്റെ പൊതു ഫണ്ടുകൾ എം പി / എം എൽ എ ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള കാത്തിരിപ്പു കേന്ദ്രങ്ങൽ , മറ്റു കെട്ടിടങ്ങൾ പാലങ്ങൾ എന്നിവിടങ്ങളിൽ യാതൊരു വിധ പോസ്റ്ററുകളോ പരസ്യങ്ങളോ പതിക്കാൻ പാടില്ല.
15. ആരാധനാലയങ്ങൾ മറയത്തക്കവിധത്തിൽ യാതൊരു പരസ്യ ബോർഡുകളും സ്ഥാപിക്കാൻ പാടില്ല.
16. സ്ഥാപനങ്ങളുടെ നെയിം ബോർഡിനൊപ്പം മറ്റു പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ പാടില്ല.
17. പൊതുസ്ഥലങ്ങളിൽ യാതൊരു പോസ്റ്ററുകളും പതിപ്പിക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ ബന്ധപ്പെട്ട അധികാരികളുടെ അനുമതിയുള്ള പക്ഷം പോസ്റ്ററുകൾ പതിപ്പിക്കാവുന്നതാണ്. സ്വകാര്യ ഭൂമിയിൽ പോസ്റ്ററുകൾ പതിപ്പിക്കുന്നതിന് ഉടമസ്ഥന്റെ അനുമതി ആവശ്യമാണ്.
18. പരസ്യബോർഡുകളും ഹോർഡിംഗുകളും പൊതുവഴിയിൽ നിന്നും 1.5 മീറ്റർ അകലത്തിൽ മാത്രമേ സ്ഥാപിക്കാൻ പാടുള്ളു. എന്നാൽ 30 ൽ കുറവുള്ള ദിവസത്തേക്ക് താൽക്കാലികമായി സ്ഥാപിക്കുന്ന പരസ്യങ്ങൽക്ക് നിബന്ധനകൽക്ക് വിധേയമായി പരമാവധി 2 മീറ്റർ ഉയരത്തിലും, 4 ചതുരശ്രമീറ്റർ വീതിയിലും പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് അനുവദിക്കുന്നതാണ്.
19. പരസ്യ ബോർഡുകളുടെ അളവുകൾ, റോഡുകളിൽ നിന്നുള്ള ദൂരം എന്നിവ സംബന്ധിച്ച് പരസ്യനിയന്ത്രണചട്ടത്തിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.
20. നാല് നിലകളിൽ കൂടുതലുള്ള കെട്ടിടങ്ങൽക്ക് മുകളിൽ പരസ്യബോർഡ് സ്ഥാപിക്കാൻ അനുവദിക്കുന്നതല്ല. എന്നാൽ റോഡിൽനിന്നും പൊതുസ്ഥലങ്ങളിൽ നിന്നും 8 മീറ്റർ അകലത്തിലുള്ള കെട്ടിടങ്ങളിൽ അനുവദിക്കുന്നതാണ്.
21. നഗരത്തിന്റെ വിവിധപ്രദേശങ്ങളിൽ സ്ഥാപിക്കുന്ന പരസ്യങ്ങൽക്കുള്ള നിയന്ത്രണങ്ങൾ, നിരോധിത പരസ്യ വിഷയങ്ങൾ എന്നിവ നിർദ്ദിഷ്ട പരസ്യ നിയന്തണ ചട്ടത്തിലെ നിബന്ധനകൽക്ക് വിധേയമായിരിക്കണം.
22. 8 സ്ക്വയർ മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള എല്ലാ ബോർഡുകൾക്കും റോഡിന്റെ ശരാശരി തറനിരപ്പിൽ നിന്നും 3 മീറ്റർ മുകളിൽ ഉയരമുള്ളതും, നാലു ചതുരശ്രമീറ്റർ വിസ്തീണ്ണമുള്ള (റോഡിൽ നിന്നും 4 മീറ്ററികത്ത് സ്ഥിതി ചെയ്യുന്നവയ്ക്ക് മാത്രം) പരസ്യങ്ങൾക്കും 5 മീറ്റർ ഉയരമുള്ള കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിക്കുന്ന 4 ചതുരശ്ര മീറ്ററിന് മുകളിലുള്ള എല്ലാ ബോർഡുകൾക്കും (റോഡിൽ നിന്നും 5 മീറ്ററിനകത്ത് സ്ഥിതി ചെയ്യുന്നവക്ക് മാത്രം) ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തേണ്ടതും, എം ടെക് ബിരുദമുള്ള സ്ട്രക്ച്ചറൽ എഞ്ചിനിയറിംഗിൽ MIE (Civil) ചാർട്ടേർഡ് എഞ്ചിനീയറിൽ നിന്നും സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.
23. വർഗ്ഗീയ / സാമുദായിക/ മത സ്പർദ്ധ ഉണ്ടാക്കുന്നതും വ്യക്തിഹത്യയ്ക്ക് കാരണമാവുന്നതുമായ പരസ്യങ്ങൾ, ആരോഗ്യത്തിന് ഹാനികരമായ

വസ്തുക്കളുടെ പരസ്യങ്ങൾ, നഗ്നത പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾ, ആയുധങ്ങളുടെ പരസ്യങ്ങൾ, മൃഗങ്ങൾക്കെതിരായി അതിക്രമങ്ങൾ മുതലായവ സമൂഹ താൽപര്യങ്ങൾക്കെതിരായതും Advertisement Council Of India യും മറ്റ് കേന്ദ്ര/ സംസ്ഥാന നിയമങ്ങൾ മൂലവും നിരോധിച്ചിട്ടുള്ളതുമായ യാതൊരു പരസ്യങ്ങളുടെയും പ്രദർശനങ്ങൾ അനുവദനീയമല്ല.

## 5.10. ടൂറിസ്റ്റ് കേന്ദ്രങ്ങൾ

നിർവചനം: സാംസ്കാരികവും പൈതൃകപരവും പൊതുജന താൽപര്യ പ്രകാരവും ഔദ്യോഗികമായി ടൂറിസ്റ്റ് കേന്ദ്രങ്ങളായി നിശ്ചയിക്കപ്പെട്ട സ്ഥലങ്ങൾ എന്ന് വിവക്ഷിക്കുന്നു.

ടൂറിസ്റ്റ് കേന്ദ്രങ്ങളായി നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശകരുടെ ബാഹുല്യം മൂലം പരിസര മലിനീകരണം സാധ്യത കൂടിയ സ്ഥലങ്ങളാണ് എന്നതിനാൽ ശുചിത്വ പ്രോട്ടോകോൾ നിർബന്ധമായും പാലിച്ചു നടപ്പിലാക്കേണ്ടതാണ്.

1. പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിരോധിക്കേണ്ടതാണ്.
2. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ഭംഗിയും ആകർഷണീയതയും നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള അനാവശ്യ പരസ്യങ്ങളും ചുമരെഴുത്തുകളും ഇത്തരം കേന്ദ്രങ്ങളിൽ നിരോധിക്കേണ്ടതാണ്.
3. അനുബന്ധ സ്ഥാപനങ്ങളുടെ വിവരങ്ങൾ, പരസ്യങ്ങൾ എന്നിവയ്ക്കായി ഒരു പ്രത്യേക സ്ഥലം/സൗകര്യം ഒരുക്കാവുന്നതാണ്.
4. പൊതുജന ഉപഭോഗം മൂലം ഉണ്ടാകുന്ന മാലിന്യങ്ങൾ തരം തിരിച്ച് ശാസ്ത്രീയമായി കൈകാര്യം ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.
5. ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനമൊരുക്കണം. (തുമ്പൂർമൂഴി എയറോബിക് കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റ്/ റിംഗ് കമ്പോസ്റ്റ് യൂണിറ്റ്)
6. മാലിന്യ നിർമ്മാർജ്ജനത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ, സന്ദേശങ്ങൾ എന്നിവ കോമ്പൗണ്ട് വാളുകൾ, ചുമരുകൾ എന്നിവിടങ്ങളിൽ സ്ഥലത്തിന്റെ ഭംഗിക്ക് കോട്ടം തട്ടാത്ത വിധത്തിൽ ആകർഷകമായി പ്രദർശിപ്പിക്കുക.
7. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ ബോധവൽക്കരിക്കുകയും വീണ്ടും നിഷേധാത്മകമായി പ്രവർത്തിക്കുന്ന പക്ഷം അവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
8. അത് ടൂറിസ്റ്റ് കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്കും ശുചിത്വ പ്രോട്ടോക്കോൾ നിബന്ധനകൾ മനസ്സിലാക്കിക്കൊടുക്കുന്നതിന് ശില്പശാലകൾ നടത്തുക.
9. മാലിന്യങ്ങൾ അനുവദിക്കാതെ യഥാസമയം ക്രമപ്രകാരം നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

10. ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമേ പൊതുജനങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രവേശിക്കാൻ പാടുള്ളൂ.
11. ഹരിത ചട്ടങ്ങൾ സംബന്ധിച്ച നിയമാവലി ഉൾക്കൊള്ളുന്ന പരസ്യബോർഡ് പ്രവേശന കവാടങ്ങൾക്ക് അരികെ പൊതുജനങ്ങൾ കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.
12. ടൂറിസ്റ്റ് കേന്ദ്രങ്ങൾ നാടിന്റെ സ്വത്താണെന്നും വൃത്തിയായി സംരക്ഷിക്കേണ്ടത് തങ്ങളുടെ കടമയാണെന്നും വരുമാന സ്രോതസ്സ് ആണെന്നുമുള്ള ബോധം ജനങ്ങളിൽ ഉളവാക്കുന്നതിനായി സെലിബ്രിറ്റികൾ, പൊതുസമ്മതരായ വ്യക്തികൾ എന്നിവരെ ഉപയോഗിച്ച് പരസ്യങ്ങൾ, വീഡിയോകൾ എന്നിവ തയ്യാറാക്കി മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കാവുന്നതാണ്.

## 5.11. പൈതൃക കേന്ദ്രങ്ങൾ

തലമുറകളായി കൈമാറ്റം ചെയ്തു വരുന്ന സാംസ്കാരിക സാമൂഹിക സാമുദായിക പാരമ്പര്യങ്ങൾ വിളിച്ചോതുന്നതും കാത്തുസൂക്ഷിക്കുന്നതും ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടതും ആയ സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ പൈതൃക കേന്ദ്രങ്ങൾ എന്നറിയപ്പെടുന്നു. ഏതൊരു പ്രദേശത്തിന്റെയും സംസ്കാരവും ചരിത്രവും വ്യക്തമാക്കുന്ന സ്ഥലങ്ങളും സ്ഥാപനങ്ങളും ആ പ്രദേശത്തെ അതെ പൈതൃക കേന്ദ്രങ്ങളായി അറിയപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നു. വരും തലമുറക്ക് തങ്ങളുടെ ചരിത്രവും പാരമ്പര്യവും സംസ്കൃതിയും പകർന്നു നൽകുന്നതിനായി ഇത്തരം പൈതൃക സ്ഥലങ്ങൾ വൃത്തിയായും സുരക്ഷിതമായും സംരക്ഷിച്ചു നിർത്തേണ്ടത് ജനതയുടെ പൊതു ഉത്തരവാദിത്വമാണ്.

1. പൊതു ഇടം എന്ന തരത്തിൽ പാലിക്കപ്പെടേണ്ടതായ എല്ലാ ഹരിത നിയമങ്ങളും പാലിക്കേണ്ടതാണ്.
2. പൈതൃക സ്ഥാപനങ്ങളുടെയും സ്ഥലങ്ങളുടെയും നിർമ്മിതികളിലും ഭിത്തികളിലും അനാവശ്യമായ എഴുത്തുകളും വരകളും ചിത്രങ്ങളും മറ്റും ഉണ്ടാകാതെ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
3. പരിസര മലിനീകരണം ഉണ്ടാക്കാതെ വൃത്തിയായി സൂക്ഷിക്കുന്നതിനായി പൊതു ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. മാലിന്യങ്ങൾ തരം തിരിച്ച് നിശ്ചയിക്കപ്പെട്ട സംവിധാനങ്ങളിലൂടെ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. പ്ലാസ്റ്റിക് വസ്തുക്കളുടെയും ഡിസ്പോസിബിൾ ഉൽപന്നങ്ങളുടെയും ഉപയോഗം കർശനമായി നിരോധിക്കേണ്ടതാണ്.
6. പൊതുജനാവശ്യാർത്ഥം മതിയായ കുടിവെള്ള സൗകര്യം , ശൗചാലയങ്ങൾ എന്നിവ സ്ഥാപിക്കണം.
7. ശുചിത്വ ചട്ടങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് ബോർഡറുകൾ പൊതുജനങ്ങൾ കാണത്തക്ക വിധത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.
8. പൈതൃക സ്ഥലങ്ങളെ മൾട്ടി പർപ്പസ് പ്ലേസ് ആക്കി മാറ്റുന്നത് പരിഗണിക്കാവുന്നതാണ്.

ഉദാ. പകൽ തിരക്കേറിയ വലിയങ്ങാടിയെ രാത്രി കാലത്ത് ഫുഡ് സ്ട്രീറ്റ് ആക്കുക മുതലായവ.

## 5.12. ജലാശയങ്ങൾ

ജലാശയങ്ങൾ എന്നാൽ കുളങ്ങൾ, ചിറകൾ, കിണറുകൾ, നീർച്ചാലുകൾ, തോടുകൾ,പുഴകൾ തുടങ്ങിയ ജലസ്രോതസ്സുകൾ എന്നർത്ഥമാകുന്നു

നമ്മുടെ ജീവന്റെ ആധാരങ്ങളായ ജലാശയങ്ങൾ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നഗരസഭാ പ്രദേശത്തെ മുഴുവൻ ജലാശയങ്ങളും ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കേണ്ടതും ആയത് പരിപാലിക്കേണ്ടതുമാണ്. ഒരു ജലാശയത്തിലും മലിനജലം എത്തിച്ചേരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ ഇത്തരത്തിൽ പ്രവർത്തിച്ചാൽ നിയമ/ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ജലാശയങ്ങളിൽ ഉണ്ടാവുന്ന എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിക്കേണ്ടതും മേലിൽ അത്തരം കയ്യേറ്റങ്ങൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

കോഴിക്കോട് പട്ടണത്തിലൂടെ ഒഴുകുന്ന കനോലി കനാലും, കല്ലായി പുഴയും, മാനാഞ്ചിറയും കോഴിക്കോടിന്റെ ചരിത്രവുമായി ഏറെ ബന്ധപ്പെട്ടു കിടക്കുന്നു. നീലിച്ചിറ, താമരക്കുളം, തളി ക്ഷേത്രക്കുളം തുടങ്ങിയവയും കോഴിക്കോടിന്റെ പൈതൃക സ്വത്താണ്. അവ മലിനപ്പെടാൻ പാടില്ലാത്തതാണ്. ജലാശയങ്ങളുടെ സംരക്ഷണത്തിന് ശുചിത്വ ചട്ടങ്ങൾ അത്യാവശ്യമായിരിക്കുന്നു. ഇത്തരത്തിൽ ജലാശയങ്ങളുടെ സംരക്ഷണത്തിനായി ശുചിത്വ ചട്ടങ്ങൾ താഴെ ചേർക്കുന്നു

1. എല്ലാ ജലാശയങ്ങളും മാലിന്യമുക്തമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. ജലാശയങ്ങളിലേക്ക് ആരും മലിന ജലം ഒഴുക്കി വിടുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
3. ജലാശയങ്ങളിൽ ഒരു വിധത്തിലുമുള്ള കയ്യേറ്റങ്ങൾ ഇല്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
4. ഒഴുക്കുള്ള ജലാശയങ്ങളിൽ ഒഴുക്കു തടസ്സപ്പെടുത്തുന്ന രീതിയിലുള്ള യാതൊരു നിർമ്മിതിയും അനുവദിക്കാൻ പാടുള്ളതല്ല.
5. ജലാശയങ്ങളുടെ മൂന്നു മീറ്റർ ദൂരത്തിൽ യാതൊരു നിർമ്മിതിയും അനുവദിക്കാൻ പാടുള്ളതല്ല.
6. ജലാശയങ്ങളുടെ അരിക് കല്ല് പാകി ബലപ്പെടുത്തേണ്ടതാണ്. ജലാശയങ്ങളിലേക്ക് ഖരമാലിന്യങ്ങൾ വലിച്ചെറിയപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇതിന് ആവശ്യമെങ്കിൽ വലകെട്ടി സംരക്ഷിക്കേണ്ടതാണ്.
7. ജലാശയത്തിലെ കരയും പരിസരവും വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. കളകളും പായലും നീക്കി വൃത്തിയാക്കേണ്ടതാണ്.

8. ചിറകുകളുടെ സംരക്ഷണത്തിനായി ചുരുങ്ങിയത് 5അടി ഉയരത്തിലെങ്കിലും ചുറ്റുമതിൽ ഉണ്ടായിരിക്കേണ്ടതാണ്. നാശോന്മുഖമായി കിടക്കുന്ന എല്ലാ ജലാശയങ്ങളും വീണ്ടെടുത്ത് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതും പരിപാലിക്കേണ്ടതുമാണ് .
9. ശുദ്ധജലത്തിനായി ഉപയോഗിക്കുന്ന ജലാശയങ്ങളിൽ മനുഷ്യ ഇടപെടൽ അനുവദിക്കാൻ പാടുള്ളതല്ല. ഇത്തരം ചിറയിൽ ഇറങ്ങുന്നതും കുളിക്കുന്നതും തടയേണ്ടതാണ്.
10. പൈതൃക സ്വഭാവമുള്ള കുളങ്ങൾ പൈതൃകം ഉൾക്കൊണ്ടുകൊണ്ട് തന്നെ നിലനിർത്തേണ്ടതാണ്.
11. യാതൊരു തരത്തിലുള്ള സ്ക്രാപ്പുകളും മാലിന്യങ്ങളും ജലാശയത്തിനോടനുബന്ധിച്ച് കൂട്ടി ഇടാൻ പാടുള്ളതല്ല
12. ജൈവവൈവിധ്യം നിലനിൽക്കത്തക്കവിധത്തിൽ ജലാശയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ്. മത്സ്യകൃഷി നടത്താവുന്ന ജലാശയങ്ങളിൽ അതിനു ശ്രദ്ധിക്കേണ്ടതാണ്.
13. ജലാശയങ്ങൾ എല്ലാവർഷവും മഴയ്ക്കു മുൻപേ വൃത്തിയാക്കണം. ക്ലോറിനേഷൻ നടത്താവുന്ന ജലാശയങ്ങളിൽ എല്ലാ ആറുമാസം കൂടുമ്പോഴും ക്ലോറിനേഷൻ നടത്തിയിരിക്കണം.
14. മത്സ്യ സമ്പത്തുള്ള കുളങ്ങളിൽ മത്സ്യത്തിന് ഹാനികരമായ ഒന്നും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ക്ലോറിനേഷൻ തുടങ്ങിയവ നടത്തുമ്പോൾ അമിതമാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
15. കുളിക്കാൻ അനുമതിയുള്ള കുളങ്ങളിൽ തുണി അലക്കാൻ അനുവദിക്കരുത്. തുണി അലക്കുന്നതിന് പ്രത്യേകം ജലാശയം നിശ്ചയിച്ചു നൽകണം.
16. ജലാശയങ്ങളോട് അനുബന്ധിച്ച് മഴവെള്ള വിളവെടുപ്പിനുള്ള സംവിധാനം ഒരുക്കാവുന്നതാണ്.
17. എല്ലാ ജലാശയത്തിലെ കരയിലും ജലാശയം സംബന്ധിച്ച വിവരം ബോർഡിൽ എഴുതി പൊതുജനങ്ങൾക്ക് കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. ശുചിത്വ നിയമങ്ങൾ സംബന്ധിച്ച അറിയിപ്പും ബോർഡിൽ രേഖപ്പെടുത്തേണ്ടതാണ്.
18. ജലാശയങ്ങളിലെ ജലത്തിന്റെ അളവ് എല്ലാവർഷവും മഴയ്ക്കു മുൻപും, മഴക്കാലത്തിനു ശേഷവും പരിശോധന നടത്തി പ്രസ്തുത വിവരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

## 5.13. കടൽത്തീരം

കടലിനോട് അനുബന്ധിച്ച് സ്വകാര്യ ഉടമസ്ഥതയിലും പൊതു ഉടമസ്ഥതയിലും വരുന്ന തീരപ്രദേശം എന്നർത്ഥമാകുന്നു

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 23 കിലോ മീറ്ററോളം വരുന്ന കടൽ തീരം മാലിന്യവിമുക്തവും പരിസ്ഥിതി സൗഹൃദവും ആക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് പെരുമാറ്റ ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വലിയ സമ്മേളനങ്ങളും പ്രദർശനങ്ങളും നടത്തുന്നതുൾപ്പെടുന്ന പ്രദേശം, സന്ദർശകർ എത്തിച്ചേരുന്ന പ്രദേശം, തൊഴിലാളികൾ താമസിക്കുന്ന പ്രദേശം, മത്സ്യബന്ധന തൊഴിലാളികളുടെ ഉപജീവന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രദേശം എന്നിങ്ങനെ നാല് ഭാഗങ്ങളായിട്ടാണ് തീരം നിലനിൽക്കുന്നത്. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലുള്ള കടൽതീരത്ത് അയൽജില്ലകൾ നിന്നുൾപ്പെടെ വളരെയധികം സന്ദർശകർ വരുന്നതിനാലും, കടൽത്തീരം വൃത്തിയുള്ളതായി സൂക്ഷിക്കുന്നതിനും താഴെപ്പറയുന്ന ഹരിത പെരുമാറ്റച്ചട്ടം നിർബന്ധമായും പാലിക്കേണ്ടതാണ്.

1. ബീച്ച് സന്ദർശനത്തിനായി വരുന്ന സന്ദർശകർ പ്ലാസ്റ്റിക് വസ്തുക്കളും, മറ്റ് തീരം മലിനമാകാൻ ഇടയുള്ളതുമായ സാധനങ്ങളും കൊണ്ടുവരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. നിശ്ചിത ഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കളർ കോഡോട് കൂടിയ ബിന്നുകളിൽ മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കേണ്ടതാണ്.
3. സന്ദർശകർ കൂടുതൽ എത്തിച്ചേരുന്ന ഭാഗങ്ങളിൽ 50 മീറ്റർ ഇടവിട്ട് MCF സ്ഥാപിക്കേണ്ടതാണ്. ഇത്തരം സ്ഥലങ്ങളിൽ ഇൻസിനറേറ്ററുകൾ (സാനിറ്ററി ഡയപ്പറുകൾ സംസ്കരിക്കുന്നതിന്) ബോധവൽക്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബോർഡുകൾ എന്നിവ സ്ഥാപിക്കേണ്ടതാണ്.
4. മുലയൂട്ടൽ കേന്ദ്രം, ശൗചാലയങ്ങൾ, കുളിമുറികൾ, റിഫ്രഷ്മെന്റ് ഏരിയ എന്നിവ ഉൾക്കൊള്ളുന്ന പബ്ലിക് യൂട്ടിലിറ്റി സ്പേസ് ഓരോ ബീച്ചിലും (സൗത്ത് ബീച്ച്, കോർപ്പറേഷൻ ഓഫീസിന് മുൻവശം, ഭട്ട് റോഡ് ബീച്ച്) സ്ഥാപിക്കേണ്ടതാണ്.
5. മത്സ്യബന്ധന തൊഴിലാളികൾ പ്രവർത്തിയെടുക്കുന്നതും താമസിക്കുന്നതുമായ തീരപ്രദേശങ്ങളിൽ ആവശ്യമായ മാലിന്യ ശേഖരണ/ സംസ്കരണ സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.
6. അവ കൃത്യമായി ഉപയോഗിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കേണ്ട താണ്
7. ബേപ്പൂർ മുതൽ എലത്തൂർ വരെയുള്ള തീരപ്രദേശത്തെ ക്ലസ്റ്ററുകൾ ആയി തിരിച്ച് ഓരോ ക്ലസ്റ്ററുകൾക്കും പ്രദേശവാസികളും, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങുന്ന മോണിറ്ററിംഗ് സമിതി രൂപീകരിച്ച് മാലിന്യവിമുക്തവും പരിസ്ഥിതി സൗഹൃദവും ആയി തീരം പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. തീരപ്രദേശത്ത് സൂക്ഷിക്കുന്ന വള്ളങ്ങളിൽ വെള്ളം കെട്ടിക്കിടന്ന് സാംക്രമിക രോഗം പരത്തുന്ന അവസ്ഥ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
9. കൂടുതൽ ജനങ്ങൾ എത്തിച്ചേരുന്ന സമ്മേളനങ്ങൾ പ്രദർശനങ്ങൾ മുതലായവ നടക്കുമ്പോൾ കോർപറേഷന്റെ അനുമതി ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം സ്ഥലങ്ങളിൽ പോർട്ടബിൾ ബിന്നുകൾ, പോർട്ടബിൾ ടോയ്‌ലെറ്റുകൾ എന്നിവ ഒരുക്കുന്നതിന് നിഷ്കർഷിക്കേണ്ടതാണ്

5.14. ഡ്രൈനേജുകൾ

ഡ്രൈനേജുകൾ എന്നാൽ മഴവെള്ളം ഒഴുകി പോകുന്നതിന് വേണ്ടി പൊതു റോഡിലും മറ്റുമായി നിർമ്മിച്ചിരിക്കുന്നതോ, പാരമ്പരഗതമായുള്ളവയോ ആയ ജലനിർഗമന ചാലുകൾ എന്നർത്ഥമാകുന്നു.

നഗരത്തിലെ ഡ്രൈനേജുകൾ ഉദ്ദേശം ഭൂപ്രകൃതി അനുസരിച്ച് അര കിലോമീറ്റർ തൊട്ട് ഒരു കിലോമീറ്റർ വരെ യൂണിറ്റുകൾ ആക്കി തിരിക്കുക. ഓരോ യൂണിറ്റും താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. ഡ്രൈനേജുകൾ മുഴുവൻ സ്ലാബിട്ട് മൂടിയിരിക്കണം.
2. ഡ്രൈനേജുകളുടെ മുകളിലെ സ്ലാബിനു വിള്ളലുകളോ ഇടയ്ക്ക് മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള ദ്വാരങ്ങളോ ഉണ്ടാകരുത്. നിലവിലുള്ളവ അടയ്ക്കണം. നിർമ്മാണത്തിന്റെ ഭാഗമായുള്ള ഔട്ട്ലെറ്റുകൾ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ.
3. ഡ്രൈനേജിലേക്ക് യാതൊരുകാരണവശാലും ദ്രവ, ഖര മാലിന്യങ്ങൾ നിക്ഷേപിക്കരുത്. ഡ്രൈനേജ് മഴവെള്ളം ഒഴുക്കാൻ മാത്രമുള്ളതാണ്. അതിലേക്ക് അഴുക്കുവെള്ളം ഒഴുക്കിവിടുന്നതും, മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും കുറ്റകരവും ശിക്ഷാർഹവുമാണ്.
4. ഡ്രെയിനേജുകൾ കൊതുകു വളർത്തൽ കേന്ദ്രം ആയിട്ട് മാറാതിരിക്കാൻ ഉള്ള നടപടികൾ സ്വീകരിക്കണം. ഓടകളിൽ വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കി, ഒഴുകാൻ ഉള്ള സംവിധാനം ഉണ്ടാക്കിയിരിക്കണം.
5. സ്ലാബ് ഇല്ലാത്ത സ്ഥലങ്ങളിൽ തൊട്ടടുത്തുള്ള വ്യാപാരസ്ഥാപനങ്ങളുടെയോ, വ്യക്തികളുടെയോ സ്പോൺസർഷിപ്പിലൂടെ നിർമ്മിക്കാവുന്നതാണ് . അത്തരത്തിൽ സ്പോൺസർ ചെയ്തു നിർമ്മിക്കുന്നവർക്ക് ഉചിതമായ പാരിതോഷികമോ നിയമപ്രകാരമുള്ള ആനുകൂല്യങ്ങളോ നഗരസഭ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.
6. ഒരു യൂണിറ്റിൽ ഉള്ള മുഴുവൻ വ്യാപാരികളുടെയും യോഗം ചേർന്ന് ഈ വിഷയങ്ങൾ ചർച്ച ചെയ്യുകയും ഒരു ഡ്രെയിനേജ് പുനരുദ്ധാരണ/ സംരക്ഷണ കമ്മിറ്റി രൂപീകരിക്കുകയും വേണം.
7. ഡ്രൈനേജുകളിലെ കയ്യേറ്റങ്ങൾ അനുവദിക്കുന്നതല്ല. ജലത്തിന്റെ സുഗമമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന രീതിയിൽ പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കാൻ പാടുള്ളതല്ല.
8. ഡ്രൈനേജിന് മുകളിൽ അനധികൃതമായി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാനോ, കച്ചവട ആവശ്യത്തിന് വാഹനപാർക്കിങ്ങിനായി ഉപയോഗപ്പെടുത്തുവാനോ പാടുള്ളതല്ല.
9. ഡ്രൈനേജ്കൾക്കു മുകളിൽ യാതൊരു കാരണവശാലും സാധനങ്ങൾ ഇറക്കി വെച്ച് കച്ചവടം അനുവദിക്കുന്നതല്ല.
10. ഡ്രൈനേജ്കൾക്കു മുകളിൽ തട്ടുകടകൾ സ്ഥാപിക്കാൻ പാടുള്ളതല്ല.

11. ഡ്രൈനേജുകളുടെ നിലവിലുള്ള ഒഴുക്കിന് തടസ്സം വരുത്തുവാനോ, ഗതി മാറ്റുന്നതിനോ, രൂപത്തിൽ മാറ്റം വരുത്തുന്നതിനോ പാടുള്ളതല്ല.
12. നഗരത്തിലെ ഡ്രെയിനേജുകൾക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്

### 5.15. സർക്കാർ, അർദ്ധസർക്കാർ, സർക്കാരിതര ഓഫീസുകൾ

മാലിന്യനിർമാർജ്ജന കാര്യത്തിലും ശുചിത്വത്തിന്റെ കാര്യത്തിലും പൊതുജനങ്ങൾക്ക് മാതൃകയായി തീരേണ്ടതുണ്ട് എല്ലാ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളും. ഏറ്റവും കൂടുതൽ ജനങ്ങൾ നിത്യേനയെന്നോണം ഇവിടങ്ങൾ സന്ദർശിക്കുന്നതാണ്. സമൂഹത്തിലെ വിദ്യാസമ്പന്നരും ഉയർന്ന ബോധനിലവാരം ഉള്ളവരുമായവർ പ്രവർത്തിക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്ന ഈ സ്ഥാപനങ്ങളിലെ ശുചിത്വ നിലവാരം ഏറ്റവും ഉയർന്ന നിലയിൽ ആയിരിക്കണമെന്നത് സ്വാഭാവികം മാത്രമാണ്. കോർപ്പറേഷൻ പരിധിയിലെ മുഴുവൻ ഓഫീസുകളും പാലിക്കേണ്ട ശുചിത്വ പ്രോട്ടോകോളാണ് ചുവടെ. എല്ലാ ഓഫീസുകളിലെയും മേധാവികൾ അതത് ഓഫീസുകളിലും പരിസരത്തും ഈ പ്രോട്ടോകോൾ പാലിക്കുന്നു എന്നുറപ്പു വരുത്തുന്നതിനുള്ള ക്രമീകരണങ്ങളും ചുമതലകളും വീതിച്ചു നൽകേണ്ടതും അവ കൃത്യമായി നടപ്പാക്കുന്നുണ്ട് എന്നത് മോണിറ്റർ ചെയ്യുതിനുമുള്ള സംവിധാനവും ഓഫീസിൽ ഉണ്ടാക്കേണ്ടതുമാണ്.

ഓഫീസുകളിലെ ശുചിത്വ പ്രോട്ടോകോൾ വിലയിരുത്തുന്നതിന് കോർപ്പറേഷൻ തലത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തുന്നതാണ്. പ്രസ്തുത സമിതിയുടെ നേതൃത്വത്തിൽ എല്ലാ ഓഫീസുകളും കൃത്യമായ ഇടവേളകളിൽ സന്ദർശിച്ച് ശുചിത്വാവസ്ഥ വിലയിരുത്തുന്നതാണ്. ശുചിത്വ പ്രോട്ടോകോൾ കൃത്യമായും കാര്യക്ഷമമായും പാലിക്കുന്ന ഓഫീസുകളെ കണ്ടെത്തി പാരിതോഷികങ്ങൾ നൽകുന്നതും ഓഫീസുകളെ ഗ്രേഡ് തിരിച്ച് പട്ടികപ്പെടുത്തുന്നതും പ്രസിദ്ധീകരിക്കുന്നതുമാണ്. ശുചിത്വ പ്രോട്ടോകോൾ പാലിക്കാത്ത ഓഫീസുകളെ കരിമ്പട്ടികയിൽ പെടുത്തുന്നതും മറ്റ് നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

#### 5.15.1. സർക്കാർ, അർദ്ധസർക്കാർ, സർക്കാരിതര ഓഫീസുകൾ എന്നിവക്കുള്ള പ്രോട്ടോകോൾ

1. എല്ലാ ഓഫീസിലും ഓഫീസ് മേധാവിയുടെ നേതൃത്വത്തിൽ ഒരു പ്രോട്ടോകോൾ നിരീ ക്ഷണസമിതി ഉണ്ടായിരിക്കേണ്ടതാണ്.
2. ഓഫീസിന്റെ മതിലുകളിലോ, ചുവരുകളിലോ (പ്രത്യേകം നിശ്ചയിക്കപ്പെട്ട സ്ഥലത്തല്ലാതെ) യാതൊരുവിധ പരസ്യങ്ങളും പതിക്കുന്നതിനോ, ബോർഡുകൾ, ബാനറുകൾ, കൊടികൂറകൾ എന്നിവ സ്ഥാപിക്കുന്നതിനോ പാടുള്ളതല്ല.
3. ഓഫീസിന്റെ മുറ്റം, വരാന്തകൾ എന്നിവ കാലകാലങ്ങളിൽ അറ്റകുറ്റപണികൾ ചെയ്ത് വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
4. ഓഫീസിന്റെ മുറ്റത്ത് പുല്ലോ, കളകളോ, കാടുകളോ ഉണ്ടാവാൻ പാടില്ലാത്തതാണ്. വൃത്തിയായി പുല്ലുപാകി ലാന്റ്സ്കെയ്പ്പ് ചെയ്ത് ഉദ്യാനങ്ങൾ വെച്ച് പിടിപ്പിച്ച് പരി പാലിക്കാവുന്നതാണ്.
5. ഓഫീസ് കാലാകാലങ്ങളിൽ പെയിന്റ് ചെയ്ത് വൃത്തിയാക്കേണ്ടതാണ്.
6. ഓഫീസിന്റെ മേൽക്കൂരയിലടക്കം ഒരു സ്ഥലത്തും മാറാല കെട്ടി വൃത്തികേടാവാൻ അനുവദിക്കരുത്.

7. ഓഫീസിന് അകവും, പുറവും എല്ലാ ദിവസവും അടിച്ചുവാരി വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
8. ഓഫീസിലെ ഫർണ്ണിച്ചറുകളടക്കം എല്ലാ ഉപകരണങ്ങളും പൊടി തട്ടി വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
9. വാർഷിക മെയിന്റനൻസ് ചെയ്യേണ്ടതായ എല്ലാ ഉപകരണങ്ങളും അത്തരത്തിൽ മെയിന്റനൻസ് നടത്തി ഇരിക്കേണ്ടതാണ്.
10. ഓഫീസിലോ, പരിസരത്തോ യാതൊരുവിധത്തിലുള്ള സ്ക്രാപ്പുകൾ, കേടുവന്ന ഫർണ്ണീച്ചറുകളോ കടലാസുകളോ, പുസ്തകങ്ങളോ, ഫയലുകളോ മറ്റോ ഉപേക്ഷിക്കരുത്. ഇവ കാലാകാലങ്ങളിൽ നിയമാനുസൃതമായി കൈയൊഴിയാൻ ശ്രദ്ധിക്കണം.
11. ഓഫീസിൽ മാലിന്യങ്ങൾ കുറയ്ക്കുന്നതിനായി എല്ലാ ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്. പ്ലാസ്റ്റിക് കവറിൽ പാർസൽ ഭക്ഷണം കൊണ്ടുവരുന്നത് നിരോധിക്കണം. ലഞ്ച് ബോക്സിൽ മാത്രം ഭക്ഷണം കൊണ്ടുവരികയും അവശിഷ്ടങ്ങൾ തിരിച്ചു കൊണ്ടു പോകുകയും വേണം.
12. ജീവനക്കാരോ, പൊതുജനങ്ങളോ ഓഫീസിലേക്ക് പ്ലാസ്റ്റിക് ക്യാരിബാഗുകൾ കൊണ്ടു വരാൻ പാടുള്ളതല്ല. പൊതുജനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ കൊണ്ടു വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവർ അത് തിരികെ കൊണ്ടുപോകുന്നു എന്നും, ഓഫീസ് പരിസരത്തോ, വഴിയിലോ ഉപേക്ഷിക്കില്ലെന്നും ഉറപ്പ് വരുത്തേണ്ടതുമാണ്.
13. ജൈവ–അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി എല്ലാ ഓഫീസുകളിലും പ്രത്യേകം ബിന്നുകൾ ഉണ്ടായിരിക്കേണ്ടതാണ്.
14. ജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ബിന്നിൽ ആയത് മാത്രമേ നിക്ഷേപിക്കുന്നുള്ളു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അജൈവമാലിന്യത്തോടൊപ്പം യാതൊരു കാരണവശാലും ജൈവ മാലിന്യം കൂട്ടിക്കലർത്തുവാൻ പാടുള്ളതല്ല. ജൈവ മാലിന്യങ്ങൾ പുരണ്ടതാണെങ്കിൽ കഴുകി ഉണക്കി മാത്രമേ ബിന്നിൽ നിക്ഷേപിക്കാവൂ. മേൽപറഞ്ഞ ബിന്നുകൾ കൂടാതെ പേപ്പറുകൾ, പേനകൾ എന്നിവ നിക്ഷേപിക്കുന്നതിന് പ്രത്യേകം ബിന്നുകൾ വെക്കാവുന്നതാണ്.
15. പ്ലാസ്റ്റിക് കുപ്പികളിൽ കുടിവെള്ളം കൊണ്ടു വരുന്ന രീതി നിരുത്സാഹപ്പെടുത്തേണ്ടതാണ്. ചൂടുവെള്ളം യാതൊരുകാരണവശാലും പ്ലാസ്റ്റിക് കുപ്പികളിൽ ഒഴിക്കാൻ പാടുള്ളതല്ല.
16. ഓഫീസുകളിൽ ജീവനക്കാർക്കും, പൊതുജനങ്ങൾക്കും ആവശ്യമായ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ്.
17. ജൈവ മാലിന്യം സംസ്ക്കരിക്കുന്നതിന് ഓഫീസിൽ തന്നെ സൗകര്യം ഒരുക്കേണ്ടതാണ്. ഇതിനായി ജീവനക്കാരുടെ എണ്ണവും, ഉണ്ടാവാൻ ഇടയുള്ള മാലിന്യത്തിന്റെ അളവ് കണക്കാക്കി അനുയോജ്യമായി സംസ്ക്കരണ ഉപാധി സ്ഥാപിക്കേണ്ടതാണ്.
18. അജൈവ മാലിന്യങ്ങൾ പ്രത്യേകം, പ്രത്യേകം തരം തിരിച്ച ഹരിതകർമ്മസേനയ്ക്ക് കൈമാറേണ്ടതാണ്.

19. ആഘോഷങ്ങൾ, യോഗങ്ങൾ തുടങ്ങിയവയിൽ ഫ്ളക്സ്, പ്ലാസ്റ്റിക് അലങ്കാര വസ്തുക്കൾ, പ്ലാസ്റ്റിക് പൂക്കൾ, പ്ലാസ്റ്റിക് തോരണങ്ങൾ, പ്ലാസ്റ്റിക് കൊടികൾ എന്നിവ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണം. എല്ലാം ജൈവ വസ്തുക്കൾ കൊണ്ട് ഉണ്ടാക്കിയിരിക്കേണ്ടതാണ്.
20. ചായ/ഭക്ഷണം കൊടുക്കുന്നതിനും മറ്റുമായി പ്ലാസ്റ്റിക്/പേപ്പർ/തെർമോകോൾ തുടങ്ങിയ ഗ്ലാസ്/ പ്ലെയിറ്റ് എന്നിവ ഉപയോഗിക്കാൻ പാടുള്ളതല്ല. ഇത്തരം ആവശ്യങ്ങൾക്കായി സ്റ്റീൽ പ്ലെയിറ്റ് /പോർസലൈൻ /ഗ്ലാസ് എന്നിവ കൊണ്ടുള്ളതും ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.
21. ഓഫീസിനോടനുബന്ധിച്ച ചടങ്ങുകളിൽ കോളാമ്പി മൈക്കുകൾ ഉപയോഗിക്കുന്നത് നിയന്ത്രി ക്കേണ്ടതാണ്.
22. ജീവനക്കാർക്കും, പൊതുജനങ്ങൽക്കും ഉപയോഗിക്കുന്നതിനായി വൃത്തിയുള്ളതും, കൃത്യമായി പരിപാലിക്കുന്നതുമായ ശുചിമുറി ഉണ്ടായിരിക്കണം.
23. സ്ത്രീകൾക്കും, പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകം ശുചിമുറി ഉറപ്പ് വരുത്തേണ്ടതാണ്.
24. ഓഫീസുകൾ സ്ത്രീ സൗഹൃദമായിരിക്കേണ്ടതാണ്. മുലയൂട്ടുന്ന അമ്മമാർക്കായി പ്രത്യേക സ്ഥലസൗകര്യം ഉണ്ടായിരിക്കണം.
25. എല്ലാ ഓഫീസുകളും വികലാംഗ സൗഹൃദമായിരിക്കേണ്ടതാണ്.
26. എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് ഉണ്ടായിരിക്കേണ്ടതാണ്. അവിടെ വിവരങ്ങൾ കൈമാറുന്നതിന് കഴിവുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.
27. എല്ലാ ഓഫീസുകളിലും അഗ്നി സുരക്ഷാ ക്രമീകരണങ്ങളും ഫസ്റ്റ് എയ്ഡ് കിറ്റും ഉണ്ടായിരിക്കേണ്ടതാണ്.
28. ഓഫീസ് വാഹനങ്ങൾ കൃത്യമായി സർവ്വീസ് ചെയ്ത് പരിപാലിക്കേണ്ടതാണ്.
29. ഹരിത ചട്ടങ്ങൾ പരിപാലിക്കുന്നത് സംബന്ധിച്ച ബോർഡുകൾ പൊതു ജനങ്ങൾ കാണത്തക്കവിധത്തിൽ എഴുതി സ്ഥാപിക്കേണ്ടതാണ്.
30. ഓഫീസ് പരിസരത്ത് സ്ഥല ലഭ്യതക്കനുസരിച്ച് പൂന്തോട്ടം, തണൽ വൃക്ഷങ്ങൾ എന്നിവ നട്ടു വളർത്തേണ്ടതാണ്.
31. ഓഫീസ് പരിസരം കാടും പടലും പിടിച്ച് ക്ഷുദ്രജീവികളുടെ താവളമാക്കാൻ പാടില്ല.
32. ഓഫീസിൽ അനുഷ്ഠിക്കേണ്ട പ്രോട്ടോകോളുകൾ പൊതുജനങ്ങളും ജീവനക്കാരും കാണത്തക്ക വിധം എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.
33. പ്ലാസ്റ്റിക് ഫ്രീ ഹരിത ക്യാമ്പസ് എന്ന ബോർഡ് സ്ഥാപിക്കണം.

## 5.17. ഹോസ്പിറ്റലുകൾ, ക്ളിനിക്കുകൾ

ഹോസ്പിറ്റലുകൾ പ്രധാനമായും രണ്ടു തരത്തിലുള്ളതാണ്. ഹോസ്പിറ്റലുകൾ, ക്ളിനിക്കുകൾ എന്നിവയാണവ.

### 5.17.1. ഹോസ്പിറ്റലുകൾ

രോഗബാധ ഏറ്റവരോ മുറിവേറ്റവരോ ആയ രോഗികൾക്ക് ചികിൽസയും ആതുരസേവനവും ലഭിക്കുന്ന ഇടത്തെയറണ് ഹോസ്പിറ്റലുകൾ എന്ന് പറയുന്നത്.

### 5.17.2. ക്ളിനിക്കുകൾ

ഒരു രോഗിക്ക് മെഡിക്കൽ ട്രീറ്റ്മെൻറ്റോ, ഉപദേശങ്ങളോ നൽകുന്ന ഇടങ്ങളെ ക്ലിനിക്കുകൾ എന്നു പറയാം.

### 5.17.3. ഹോസ്പിറ്റലുകളും ക്ലിനിക്കുകളും പാലിക്കേണ്ട ശുചിത്വ പ്രോട്ടോക്കോളുകൾ

1. സ്ഥാപനത്തിൽ ഉൽപാതിപ്പിക്കുന്ന ജൈവ മാലിന്യങ്ങൾ സംസകരിക്കുന്നതിന് സ്ഥാപനത്തിൽ തന്നെ ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. സ്ഥാപനത്തിലെ അജൈവ, മെഡിക്കൽ ബയോവേസ്റ്റുകൾ തരംതിരിച്ചു സൂക്ഷിക്കേണ്ടതും, അംഗീകൃത ഏജൻസികൾക്ക് സുരക്ഷിതമായി കൈമാറേണ്ടതുമാണ്.
3. പുതിയ ഹോസ്പിറ്റലുകൾ പരമാവധി ഭൂമി ശാസ്ത്രമായി ഒറ്റപ്പെട്ടു കിടക്കുന്ന സ്ഥലങ്ങളിൽ ആരംഭിക്കണം.
4. മലിനജലം സംസ്കരിക്കുന്നതിന് പ്ലാന്റ് സ്ഥാപിച്ചിരിക്കേണ്ടതാണ്.
5. ഹോസ്പിറ്റലിന്റെ ഓരോ നിലയിലും 'ആവശ്യമായ ടോയലറ്റ് സംവിധാനം ഒരുക്കേണ്ടതാണ്.
6. ഹോസ്പിറ്റലുകൾ ആരംഭിക്കുന്നതിന് ആവശ്യമായ മറ്റു വകുപ്പുകളുടെ പ്രവർത്തനാനുമതി മുൻകൂട്ടി നേടിയിരിക്കേണ്ടതാണ്.
7. ഹോസ്പിറ്റൽ ഭിന്നശേഷി സൗഹൃദമായിരിക്കണം.
8. ഹോസ്പിറ്റലിന്റെ അകത്തും പുറത്തുമുള്ള സൂചകങ്ങൾ പ്രാദേശിക ഭാഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
9. അത്യാവശ്യ മെഡിക്കൽ എക്വിപ്മെന്റുകളും, പാക്കേജുകളുമല്ലാതെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറക്കേണ്ടതാണ്.
10. പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ഫുഡ് കണ്ടൈനറുകൾ, നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ എന്നിവ ഒരു കാരണവശാലും ആശുപത്രികളിൽ പ്രവേശിപ്പിക്കാൻ പാടില്ലാത്തതാണ്.

## 5.18. ആരാധനാലയങ്ങൾ

ആരാധനാലയങ്ങൾ പലപ്പോഴും ആരാധനാലയങ്ങൾ മാത്രമല്ല. കൂടുതൽ ആളുകൾ എത്തിച്ചേരുന്ന സ്ഥലങ്ങൾ കൂടി ആകയാൽ അവയോടനുബന്ധിച്ച് വ്യാപാരസ്ഥാപനങ്ങളും മറ്റു സ്ഥാപനങ്ങളും കൂടിച്ചേരുമ്പോഴുണ്ടറ്റ അവിടം മാലിന്യ ഉൽപ്പാദന

കേന്ദ്രങ്ങൾ കൂടി ആയി മാറാൻ ഇടയുണ്ട്. ആകയാൽ ഹരിത ചട്ടങ്ങൾ പാലിക്കുന്നതിൽ കൂടുതൽ ബദ്ധശ്രദ്ധയുണ്ടാവേണ്ടതുണ്ട്. ആരാധനാലയങ്ങൾ അവയുടെ വിശുദ്ധിയും പവിത്രതയും കാത്തുസൂക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ആരാധനാലയങ്ങളുടെ ഭരണാധികാരികളും അവിടങ്ങളിൽ എത്തുന്ന ഭക്ത ജനങ്ങളും യാതൊരുവിധ മാലിന്യങ്ങളും ആരാധനാലയങ്ങളിലും പരിസരത്തും നിക്ഷേപിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം.

### 5.18.1. ആരാധനാലയങ്ങൾ അനുഷ്ഠിക്കേണ്ട പ്രോട്ടോക്കോളുകൾ

1. ഏറ്റവും ഉയർന്ന പരിശുദ്ധിയും പവിത്രതയും ഉണ്ടായിരിക്കേണ്ട ഇടങ്ങളാണ് ആരാധനാലയങ്ങൾ.
2. ആരാധനാലയങ്ങളിൽ പ്രസാദം നൽകുന്നതിന് ഒരു കാരണവശാലും പ്ലാസ്റ്റിക് കവറുകളോ പ്ലാസ്റ്റിക് പാത്രങ്ങളോ ഉപയോഗിക്കരുത്. ഈ ആവശ്യങ്ങൾക്ക് പച്ച വാഴയില, ഉണക്ക വാഴയില, ടിഷ്യു പേപ്പർ, പേപ്പർ കവറുകൾ എന്നിവ മാത്രമേ ഉപയോഗിക്കാവൂ.
3. പ്ലാസ്റ്റിക് കണ്ടൈനറുകളോ പ്ലാസ്റ്റിക് കവറുകളോ പ്രസാദ വിതരണത്തിന് ഉപയോഗിക്കരുത്.
4. ആരാധനാലയങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്.
5. ആരാധനാലയങ്ങളിലുമ്ടാകുന്ന മാലിന്യങ്ങൽ തരം തിരിച്ച് സൂക്ഷിക്കേണ്ടതാണ്. ജൈവമാലിന്യങ്ങൾ സ്വന്തം നിലയിൽ തന്നെ സംസ്ക്കരിക്കുകയും അജൈവ മാലിന്യ ങ്ങൾ ഹരിത കർമ്മ സേനക്ക് കൈമാറുകയും ചെയ്യേണ്ടതാണ്.
6. ആരാധനാലയങ്ങളിലുണ്ടാവുന്ന അഴുക്കുവെള്ളം അവിടെ തന്നെ സംസ്ക്കരിക്കേണ്ട താണ്. യാതൊരു കാരണവശാലും അഴുക്കു വെള്ളം പൊതു സ്ഥലത്തേക്കോ ഡ്രൈനേജിലേക്കോ ഒഴുക്കി കളയാൻ പാടുള്ളതല്ല.
7. ആരാധനാലയത്തോടനുബന്ധിച്ച് ഭക്ഷണ പുരയുണ്ടെങ്കിൽ അവിടേയും ഹരിത ചട്ട ങ്ങൾ
8. പാലിക്കേണ്ടതാണ്. ഒറ്റത്തവണ ഉപയോഗിക്കുന്ന ഗ്ലാസ്സ്, പ്ലേറ്റ് എന്നിവക്ക് പകരം ഭക്ഷണം നൽകുന്നതിനായി സ്റ്റീൽ ഗ്ലാസ്, പ്ലേറ്റ് എന്നിവ വാങ്ങി സൂക്ഷിക്കേണ്ടതാണ്.
9. ആരാധനാലയത്തോടനുബന്ധിച്ച് കിണറുകളോ കുളങ്ങളോ ഉണ്ടെങ്കിൽ ആയവ ജലാശ യങ്ങൾക്കുള്ള ഹരിത ചട്ടങ്ങൾ പ്രകാരം പരിപാലിക്കേണ്ടതാണ്.
10. ആരാധനാലയങ്ങളുടെ ചുമരിലോ, മതിൽ പുറങ്ങളിലോ കണ്ണിനു അരോചകങ്ങളായ പരസ്യങ്ങൾ പതിയ്ക്കാൻ പാടുള്ളതല്ല. പരസ്യങ്ങൾക്കോ വഴിപാടു വിവരങ്ങൾ, ശുശ്രൂ ഷകൾ, ആഘോഷങ്ങൾ എന്നിവ സംബന്ധിച്ചുള്ള ബോർഡുകൾക്കോ ഫ്ളക്സ് ഉപയാ ഗിയ്ക്കാൻ പാടുള്ളതല്ല.
11. ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഹരിത ചട്ടങ്ങൾ പാലിക്കേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരിബാഗുകളും കവറുകളും മറ്റും ഉപയോഗി ക്കരുത്. ഒറ്റത്തവണ ഉപയോഗിച്ചു വലിച്ചെറിയുന്ന ഒരു സാധനവും ഉപയോഗിക്കുന്നി ല്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കൊടി തോരണങ്ങളും , പരസ്യ ബോർഡുകളും എല്ലാം ജൈവ വസ്തുക്കൾ കൊണ്ട് നിർമ്മിക്കേണ്ടതാണ്. മതിലുകളിലും ചുവരുക ളിലും മറ്റും പരസ്യങ്ങൾ പതിക്കാൻ പാടുള്ളതല്ല.
12. ഹരിത ചട്ടങ്ങൾ അനുസരിച്ചുള്ള നിയമാവലി സംബന്ധിച്ചുള്ള ഒരു ബോർഡ് ആരാധ നാലയത്തിന്റെ പ്രവേശന കവാടത്തിൽ പൊതു ജനങ്ങൾക്ക് കാണത്തക്ക വിധത്തിൽ സ്ഥാപിക്കേണ്ടതാണ്.

13. ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള ഊട്ടുപുരകൾക്ക് ഗാർഹിക ശുചിത്വ പ്രോട്ടോകോളും ഹോട്ടൽ ശുചിത്വ പ്രോട്ടോക്കോളും പാലിക്കേണ്ടതാണ്.
14. ദീപാലങ്കാരങ്ങൾ പരമാവധി കുറയ്ക്കണം. അമിതമായ വൈദ്യുതി ഉപയോഗം കുറയ്ക്കുക.
15. ആരാധനാലയങ്ങളിൽ പരമാവധി വൃക്ഷവത്കരണം നടത്തണം. എരഞ്ഞി, കാഞ്ഞിരം, അരയാൽ, പേരാൽ, അത്തി, ഇത്തി തുടങ്ങിയ വൃക്ഷങ്ങളും നക്ഷത്ര വൃക്ഷങ്ങളും ബഹുജന പങ്കാളിത്തത്തോടെ നട്ടുവളർത്തി ഓരോ ആരാധനാലയങ്ങളും ഓരോ പച്ചത്തുരുത്ത് ആക്കി മാറ്റണം.
16. ഉത്സവങ്ങൾ, വിവാഹങ്ങൾ എന്നിവ നടക്കുമ്പോൾ ഉണ്ടാകുന്ന എല്ലാ മാലിന്യങ്ങളും അതത് അവസരങ്ങളിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

## 5.19. വിദ്യാലയങ്ങൾ

**(സ്കൂളുകൾ, കോളേജുകൾ, ഐടിഐകൾ, പോളിടെക്നിക്കുകൾ, എൻജിനീയറിങ് കോളേജുകൾ അങ്കണവാടികൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും)**

ഒരു സമൂഹത്തിൻറെ ശുചിത്വ സംസ്കാരത്തിന് കണ്ണാടിയാണ് അവിടുത്തെ വിദ്യാലയങ്ങൾ. ഒരു വിദ്യാർത്ഥി തന്റെ വിദ്യാലയത്തിൽനിന്ന് ഏതുതരം ശുചിത്വ സംസ്കാരമാണ് ഉൾക്കൊള്ളുന്നത് അതാണ് അവന്റ അല്ലെങ്കിൽ അവളുടെ വീട്ടിലെ നാളത്തെ ശുചിത്വബോധം ആയി മാറുന്നത്. ഓരോ വിദ്യാർത്ഥിയും ശുചിത്വ സംസ്കാരത്തിന്റെ അംബാസഡർമാരായി രിക്കും. ആകയാൽ നാളത്തെ നമ്മുടെ ശുചിത്വ നിലവാരം എന്തായിരിക്കണമെന്ന് അനുഭവത്തിലൂടെ ഓരോ വിദ്യാർത്ഥിയും അറിയുന്നത് സ്കൂളിൽ നിന്നാണ് ആണ്. അതുകൊണ്ട് നമ്മുടെ വിദ്യാലയങ്ങൾ ഏറ്റവും മെച്ചപ്പെട്ട ശുചിത്വ കേന്ദ്രങ്ങളായി രൂപപ്പെടുത്തണം. വിദ്യാലയത്തിൽ ഓരോവർഷവും ശുചിത്വ മാലിന്യ സംസ്കരണ ഹരിതവൽക്കരണം കാര്യങ്ങളുടെ ചുമതല ഒരു അധ്യാപിക ക്കോ അധ്യാപകനോ നൽകണം. പ്രധാന അധ്യാപകന്റെ പ്രധാന ചുമതലകളിൽ ഒന്ന് സ്കൂളിലെ ശുചിത്വ നിലവാരം ഉയർത്തുക എന്നത് കൂടിയായിരിക്കണം.

വിദ്യാലയങ്ങളിലെ ശുചിത്വ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് കോർപ്പറേഷൻ തലത്തിൽ ഒരു സമിതി ഉണ്ടാകണം. സമിതിയുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ വിദ്യാലയങ്ങൾ സന്ദർശിക്കുകയും ശുചിത്വ നിലവാരം വിലയിരുത്തുകയും ചെയ്യണം. വിദ്യാലയങ്ങൾക്ക് ശുചിത്വ നിലവാരത്തിനനുസരിച്ച് സ്റ്റാർ പദവികൾ നൽകണം. വിദ്യാലയങ്ങളിൽ ചുമതലയുള്ള അധ്യാപകനും നേതൃത്വം നൽകുന്ന വിദ്യാർഥികൾക്കും വർഷാവസാനം പാരിതോഷികം നൽകാവുന്നതാണ്. ഹരിതവിദ്യാലയ ട്രോഫി നൽകണം. പരിസര ക്ലബ്, ആരോഗ്യ ക്ലബ് എന്നിവയുടെ നടത്തിപ്പ് ചുമതലയുള്ള അധ്യാപിക/ അധ്യാപകന് കോർപ്പറേഷൻ തലത്തിൽ പരിശീലനം നൽകേണ്ടതാണ്. ഇവയുടെ പ്രവർത്തനങ്ങൾക്ക് ഒരു കൈപ്പുസ്തകം നിർമ്മിച്ചു നൽകാവുന്നതാണ്.

5.19.1. വിദ്യാലയങ്ങൾ അനുഷ്ഠിക്കേണ്ട പ്രോട്ടോകോൾ

1. യാതൊരു വിധത്തിലുമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളും സ്കൂൾ കോമ്പൗണ്ടിൽ കൊണ്ടുവരുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
2. ക്ലാസ്സ് മുറികളും പരിസരവും നിത്യേന അടിച്ചുവാരി ശുചിയായി സൂക്ഷിക്കുക.
3. ബഞ്ച്, ഡെസ്ക്, മേശ, കസേര, അലമാര, ഫാൻ തുടങ്ങിയ ഉപകരണങ്ങൾ വൃത്തിയായി പരിപാലിക്കുക.
4. വിദ്യാർത്ഥികളും അധ്യാപകരും മറ്റു ജീവനക്കാരും ജൈവ അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിച്ചു കൈകാര്യം ചെയ്യുന്നു എന്നുറപ്പു വരുത്തുക.
5. അവിടെ ഉണ്ടാവുന്ന ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക (തുമ്പൂർമൂഴി മോഡൽ ഏഫോബിക് കബോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റ്/ റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് തുടങ്ങിയവ)
6. സ്കൂൾ പാചകപ്പുര ശുചിത്വ നിലവാരം പുലർത്തുന്ന രീതിയിൽ (പാചകപ്പുരയുടെ തറയും ചുമരുകളും ടൈൽ പാകി ശുചിത്വം പാലിക്കുന്ന രീതിയിൽ) നിർമ്മിയ്ക്കുക, പരി പാലിക്കുക. പാചകത്തിന് വിറകുകൊണ്ടുള്ള അടുപ്പാണ് ഉപയോഗിക്കുന്നത് എങ്കിൽ പാചകപുരയിൽ പുകയില്ലാത്ത അടുപ്പ്/ഉയരമുള്ള ചിമ്മിനി ഉണ്ടായിരിക്കണം.
7. മാലിന്യ പരിപാലനത്തെക്കുറിച്ചുളള സന്ദേശങ്ങൾ കോമ്പൗണ്ട് വാൾ/ചുമരുകൾ എന്നി വയിലോ പ്രത്യേകം ബോർഡിലോ എഴുതി എല്ലാവർക്കും കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കുക.
8. സ്കൂൾ കോമ്പൗണ്ടിൽ അനാവശ്യമായതും കാഴ്ചയ്ക്കു അരോചകമായതുമായ പരസ്യ ങ്ങൾ പ്രദർശിപ്പിക്കരുത്. പ്രദർശിപ്പിക്കുന്ന ബോർഡുകൾ ഫ്ളക്സ്/ പ്ലാസ്റ്റിക് തുടങ്ങി യവ ഉപയോഗിച്ചുള്ളതല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
9. സ്കൂൾ കോമ്പൗണ്ടിൽ കിണർ ഉണ്ടെങ്കിൽ ആയതു വലകെട്ടി സംരക്ഷിയ്ക്കുക. കൂടാതെ 6 മാസത്തിലൊരിക്കൽ എന്ന തോതിൽ ക്ലോറിനേഷൻ നടത്തുക. പൈപ്പ് കണ ക്ഷൻ ആണെങ്കിൽ അതിനുള്ള സംവിധാനം വൃത്തിയായി പരിപാലിക്കുക.
10. പെൺകുട്ടികൾ പഠിയ്ക്കുന്ന ഹൈസ്കൂൾ/ഹയർസെക്കണ്ടറി തലത്തിൽ സാനിറ്ററി നാപ്കിൻ വെൻഡിങ്ങ് മെഷീൻ സ്ഥാപിച്ചു പരിപാലിക്കുക. ഉപയോഗിച്ച നാപ്കിൻ സംസ്ക രിക്കുന്നതിനു ഇൻസിനറേറ്റർ സ്ഥാപിക്കുകയും പരിപാലിയ്ക്കുകയും ചെയ്യുക.
11. ഇൻസിനറേറ്റർ മറ്റു പ്ലാസ്റ്റിക് വസ്തുക്കൾ കത്തിയ്ക്കാൻ ഉപയോഗിക്കുന്നില്ലെന്നും ഉറപ്പു വരുത്തുക.
12. സ്കൂൾ ക്യാമ്പസിൽ ആകാവുന്നത്തെല്ലാം വൃക്ഷങ്ങൾ നട്ടു വളർത്തണം. സ്ഥല ലഭ്യതക്കനുസരിച്ച് പൂന്തോട്ടം, പച്ചക്കറി തോട്ടം, ആയുർവ്വേദ തോട്ടം എന്നിവ നട്ടു വളർത്തണം.
13. പാചകപ്പുരയിലോ മറ്റോ പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ കത്തിക്കുന്നില്ല എന്ന് ഉറപ്പ് വരു ത്തണം.
14. ആവശ്യമില്ലാത്ത സ്ക്രാപ്പുകൾ, മാലിന്യങ്ങൾ എന്നിവ എവിടെയും കൂടിക്കിടക്കാൻ അനുവദിക്കരുത്. അഴുക്കുവെള്ളം ചെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാവരുത്.
15. സ്കൂളിലെ എല്ലാ ചടങ്ങുകളും ഹരിത പ്രോട്ടോകോൾ അനുസരിച്ചായിരിക്കണം സംഘടി പ്പിക്കേണ്ടത്. സ്കൂളിൽ പ്ലാസ്റ്റിക് കപ്പുകൾ/പേപ്പർ, തെർമോകോൾ കപ്പുകൾ, പ്ലെയ്ററു

കൾ എന്നിവ ഉപയോഗിക്കുന്നില്ല എന്നുറപ്പു വരുത്തുക. ആവശ്യത്തിനനുസരിച്ചു സ്റ്റീൽ/ഗ്ലാസ്, ഗ്ലാസ് പ്ലെയ്റ്റ് എന്നിവ വാങ്ങി സൂക്ഷിച്ചിരിയ്ക്കണം.

16. സ്കൂളിലെ അധ്യാപകർ, വിദ്യാർത്ഥികൾ , വിദ്യാർത്ഥിനികൾ എന്നിവർക്ക് ആവശ്യമായ അത്രയും പ്രത്യേകം പ്രത്യേകം ശുചിമുറികൾ സ്ഥാപിച്ചു അവ ഷുചിയായി നില നിർത്തേ ണ്ടതാണ്.
17. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ എണ്ണം വാഷ്ബേസിൻ സ്ഥാപിച്ചു പരിപാലിയ്ക്കേണ്ടതാണ്.
18. അജൈവമാലിന്യങ്ങൾ ശേറകിയ്ക്കുന്നതിനു മിനി എം ആർ എഫ് സംവിധാനം ഉണ്ടാകേണ്ടതായാണ്.
19. ഭക്ഷണശാല കാറ്റും വെളിച്ചവും കടക്കുന്ന രീതിയിലും ഈച്ചശല്യമില്ലാത്തതും ശുചിത്വ നിലവാരം പുലർത്തുന്നതുമായിരിക്കണം.
20. പുകയില ഉൽപ്പന്നങ്ങൾ നിരോധിച്ചുകൊണ്ടുള്ള ബോർഡ് എഴുതി പ്രദർശിപ്പിയ്ക്കുക. വിദ്യാലയത്തിന്റെ 50 മീറ്റർ ചുറ്റളവിൽ പുകയില ഉത്പന്നങ്ങൾ ലഭ്യമല്ലെന്നും ഉറപ്പു വരുത്തുക
21. സ്കൂളിൽ ഫസ്റ്റ് എയിഡ് കിറ്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക. ആയവ ഉപയോഗിക്കാൻ പരിശീലനം ലഭിച്ചവർ സ്കൂളിൽ ഉണ്ടായിരിക്കണം.
22. സ്കൂളിൽ ആരോഗ്യ ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് എന്നിവ രൂപീകരിച്ച് പ്രവർത്തിക്കണം. ഓരോ അധ്യാപിക/ അധ്യാപകൻ ഇതിന്റെ ചുമതല നിർവ്വഹിക്കണം.
23. എല്ലാ വിദ്യാലയത്തിലും ഒരു ശുചിത്വകമ്മറ്റിയും ആരോഗ്യ സേനയും ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ അധ്യയന വർഷവും ശുചിത്വത്തെക്കുറിച്ചുള്ള ക്ലാസ് സംഘടിപ്പിയ്ക്കുകയും ആയതിൽ എല്ലാ അധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതുമാണ്.
24. ചുരുങ്ങിയത് 2 അധ്യാപകരെങ്കിലും ശുചിത്വ പരിശീലകരായി സ്കൂളിൽ ഉണ്ടായിരിക്കേണ്ടതാണ്.
25. എല്ലാ ക്ലാസ്സിലും മാലിന്യസംസ്കരണത്തെക്കുറിച്ചും ശുചിത്വത്തെ കുറിച്ചും ലഹരി ഉപയോഗത്തിനെതിരെയും ക്ലാസ്സുകൾ നൽകേണ്ടതാണ്.
26. സ്കൂളിലേയ്ക്ക് അധ്യാപകരോ വിദ്യാർത്ഥികളോ ഭക്ഷണസാധനങ്ങൾ കൊണ്ടുവരുന്നത് പ്ലാസ്റ്റിക് നിർമ്മിത പാത്രങ്ങളിൽ അല്ല എന്ന് ഉറപ്പു വരുത്തുക.
27. എല്ലാ ക്ലാസ് മുറികളിലും മാലിന്യങ്ങൾ തരം തിരിച്ചുവയ്ക്കാൻ ബിന്നുകൾ സ്ഥാപിയ്ക്കുക.
28. പരിസ്ഥിതി/ശുചിത്വം/ആരോഗ്യം എന്നിവയുമായി ബന്ധപ്പെട്ടുള്ള ദിനങ്ങൾ സമുചിതമായി ആചരിയ്ക്കുപകയും ആയതിൽ ശുചിത്വ ആരോഗ്യ സന്ദേശങ്ങൾ നൽകുകയുമാവാം.
29. സ്കൂളിൽ യാതൊരു വിധ മാലിന്യവും കത്തിയ്ക്കുന്നില്ലെന്നു ഉറപ്പു വരുത്തണം.
30. വിദ്യാലയത്തിന്റെ മുൻഭാഗം ആകർഷകമായ രീതിയിൽ ലാൻഡ്സ്കേപ്പിംഗ് നടത്തി ഹരിതാഭമായി നിലനിർത്തണം.

### 5.19.2. അഭികാമ്യമായ മാനദണ്ഡങ്ങൾ

1. എല്ലാ അധ്യാപകരും വിദ്യാർത്ഥികളും മഷിപ്പെന്നുകൾ മാത്രമേ ഉപയോഗിയ്ക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുക. ബാൾപോയിന്റ് പേനകൾ ആണ് ഉപയോഗിക്കുന്നതെങ്കിൽ ഇത്തരം പേനകൾ ശേഖരിയ്ക്കുന്നതിനു പ്രത്യേകം ബിന്നുകൾ വയ്ക്കേണ്ടതാണ്.
2. സ്കൂൾ കോമ്പൗണ്ടിൽ പച്ചക്കറി കൃഷി/ പുഷ്പ ഉദ്യാനം എന്നിവ ഉണ്ടാക്കി പരിപാലിയ്ക്കണം. വിദ്യാലയത്തിലെ ജൈവമാലിന്യങ്ങൾ സംസ്കരിച്ചുണ്ടാകുന്ന ജൈവവളം ഇവയ്ക്കായി ഉപയോഗപ്പെടുത്തണം.
3. എൽ പി ജി ഉപയോഗിച്ചുള്ള പാചകത്തിന് സംവിധാനം ഏർപ്പെടുത്തണം.
4. സ്കൂൾതലത്തിൽ സാനിറ്റേഷൻ ക്ലബുകൾ ഉണ്ടാക്കാവുന്നതാണ്.
5. വാർഡുതല ആരോഗ്യ ശുചിത്വ പരിപോഷണ സമിതിയിൽ സ്കൂളിനെ പ്രതിനിധീകരിച്ചു 2 പേർക്ക് പങ്കെടുക്കാവുന്നതാണ്.
6. ഭക്ഷണ സാധനങ്ങളും പാത്രങ്ങളും സൂക്ഷിക്കുന്നതിന് സ്റ്റോർ റൂം സൗകര്യം ഉണ്ടായിരിക്കണം.
7. ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനു പ്രത്യേക സംവിധാനം ഏർപ്പെടുത്താം.
8. അപകടകരമായ മാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ചു വെയ്ക്കണം.
9. കുട്ടികൾക്കും പി ടി എ അംഗങ്ങൾക്കും പ്രത്യേകം ആരോഗ്യ ശുചിത്വ മാലിന്യ സംസ്കരണ ക്ലാസ്സുകൾ സംഘടിപ്പിയ്ക്കാം.
10. ക്ലാസ്സ് മുറികളിൽ കുടിവെള്ള സംവിധാനം ഏർപ്പെടുത്താം.
11. എല്ലാ ക്ലാസ്സ് മുറികളിലും ലൈറ്റ്/ഫാൻ സൗകര്യം ഏർപ്പെടുത്താം.
12. വിദ്യാലയത്തിന്റെ ഭാഗമായുള്ള ഭൂമി കൃഷിയോഗ്യമാക്കി കൃഷി ചെയ്യണം. കൃഷിയിൽനിന്നുള്ള വിളവുകൾ പാചകത്തിന് ഉപയോഗിയ്ക്കണം.
13. കൃഷി അറിവുകൾ വിദ്യാർത്ഥികൾക്ക് പകർന്നു നൽകണം.

### 5.20. അറവുശാല

ധാരാളം മാംസം കഴിക്കുന്നവർ ജീവിക്കുന്ന ഒരു നഗമാണ് കോഴിക്കോട്, അതുകൊണ്ട് തന്നെ സുരക്ഷിതമായ മാംസാഹാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നത് വളരെ പ്രധാനമാണ്. നിയമാനുസരണം കശാപ്പ് ചെയ്യപ്പെട്ട മാംസം മാത്രമേ വില്പന നടത്തുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. ആയതിന് ആധുനിക അറവുശാലകൾ ഉണ്ടാവണം. താഴെ പറയുന്ന നിബന്ധനകൾ അറവുശാലകൾ നിർബന്ധമായും പാലിക്കേണ്ടതാണ്

നിബന്ധനകൾ

1. വൈദ്യ പരിശോധനക്ക് ശേഷം മാത്രമേ ഉരുവിനെ കശാപ് ചെയ്യാൻ പാടുള്ളൂ
2. കശാപ്പ് ചെയ്ത ഉരുവിനെ വൈദ്യ പരിശോധന (പോസ്റ്റ്മോട്ടം) നടത്തി സീൽ ചെയ്യേണ്ടതാണ്. ഇത്തരം സീൽ ചെയ്ത മാംസം മാത്രമേ സ്റ്റാളുകളിൽ വിൽപന നടത്താൻ പാടുള്ളൂ
3. അറവുശാലയിൽ ഒരു വെറ്റിനറി ഡോക്ടറുടെ സേവനം ഉണ്ടായിരിക്കണം
4. അറവുശാലയുടെ അകം തറയും ചുമരും ടൈൽ പതിച്ച് വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

5. ആവുശാലയിലെ രക്തം, മാംസാവശിഷ്ടം, ചാണകം എന്നിവ സംസ്കരിക്കുന്നതിന് പര്യാപ്തമായ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കേണ്ടതാണ്.
6. ഉരുവിനെ കെട്ടാനുള്ള ആ ല , ചാണക്കുഴി എന്നിവ മഴവെള്ളം തട്ടാത്ത രീതിയിൽ സ്ഥാപിക്കേണ്ടതാണ്.
7. ചേമ്പറിൽ വച്ചു മാത്രമേ സ്റ്റണ്ണിങ് നടത്താൻ പാടുള്ളൂ
8. ആവശ്യമായ ജലലഭ്യത, വെളിച്ചം ഉറപ്പാക്കേണ്ടതാണ്.
9. ഒരു മുഴുവൻ സമയ കെയർടെയക്കറെ നിയമിക്കേണ്ടതാണ്.
10. മലിനീകരണ നിയന്ത്രണ ബോഡിന്റെ പ്രവർത്തനാനുമതി ഉണ്ടായിരക്കേണ്ടതാണ്.
11. അറവ് മാലിന്യങ്ങൾ ഉപയോഗിച്ച് Blood Meal , bone meal എന്നീ ഉൽപന്നങ്ങൾ ഉണ്ടാക്കേണ്ടതാണ്. കൂടാതെ തോൽ മറ്റ് അവയവങ്ങൾ ഉപയോഗിച്ച് മൂല്യവർധിത വസ്തുക്കൾ ഉൽപാദിപ്പിക്കണം.

### 5.21. സ്റ്റാളുകൾ പാലിക്കേണ്ട നിബന്ധനകൾ

1. ജൈവ മാലിന്യ സംസ്കര സംവിധാനം സ്ഥാപനത്തിൽ ഒരുക്കിയിരിക്കണം
2. കാഴ്ച്ചക്കാർക്ക് അരോചകം ഉണ്ടാക്കുന്ന രീതിയിൽ പ്രദർശിപ്പിച്ചു വിൽക്കാൻ പാടില്ല.
3. സ്റ്റാളുകളുടെ മുൻവശം ഗ്ലാസ് ഇട്ട് സംരക്ഷിക്കണം.
4. മലിനജല സംസ്കരണ ഉപാതി ഉണ്ടായിരിക്കണം
5. സ്റ്റാളിന്റെ തറയും, കുറഞ്ഞത് 5 അടി ചുമരും ടൈൽ പതിച്ച് വൃത്തിയാക്കണം
6. കോർപറേഷൻ ലൈസൻസ്, ഫുഡ് ആന്റ് സേഫ്റ്റി ലൈസൻസ്, ഹെൽത്ത് കാർഡ് എന്നിവ നിർബന്ധമായും ഉണ്ടാവണം
7. അംഗീകൃത അറവുശാലയിൽ നിന്നു മാത്രമേ കശാപ്പ് നടത്താൻ പാടുള്ളൂ
8. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള പ്രവത്തനാനുമതി കരസ്ഥമാക്കിയിരിക്കേണ്ടതാണ്

### 5.22. മാർക്കറ്റുകൾ

#### 5.22.1. വെജിറ്റബിൾ മാർക്കറ്റ്

1. മാർക്കറ്റിന്റെ ഫ്ലോറിംഗ് മികവുറ്റതാണെന്നും മാർക്കറ്റിൽ എവിടെയും മണ്ണോ മാലിന്യങ്ങളോ അഴുക്കുവെള്ളമോ കെട്ടികിടക്കുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.
2. ഓരോ കച്ചവടക്കാരനും അവർക്ക് കച്ചവടം ചെയ്യാൻ വീതിച്ചു നൽകിയ സ്ഥലത്തു മാത്രമേ കച്ചവടം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
3. ആരും അനധികൃത കയ്യേറ്റം നടത്തിയിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
4. ഓരോകച്ചടവക്കാരനും മാലിന്യം തരം തിരിച്ചു സൂക്ഷിക്കുന്നതിനുള്ള സം വിധാനം ഒരുക്കിയിട്ടുണ്ട് എന്നും നിശ്ചയിക്കപ്പെട്ട സ്ഥലത്തല്ലാതെ മാലിന്യ നിക്ഷേപം നടത്തുന്നില്ല എന്നും ഉറപ്പുവരുത്തണം.
5. ജൈവ മാലിന്യം സംസ്കരിക്കാൻ മാർക്കറ്റിൽ പ്രത്യേക സംവിധാനം ഒരുക്കുകയോ പ്രത്യേക ബിൻ സ്ഥാപിക്കുകയോ ചെയ്യേണ്ടതാണ്.

6. പ്ലാസ്റ്റിക് , നോൺ വൂവൺ ക്യാരി ബാഗുകൾ  വില്പന / വിതരണം ചെയ്യുന്നില്ല ന്ന് ഉറപ്പു വരുത്തണം.
7. മാർക്കറ്റിൽ കൃത്യമായി മാലിന്യം നീക്കം നടക്കുന്നു എന്ന് ഉറപ്പു വരുത്തണം.
8. മാർക്കറ്റിന്റെ ഒരു ഭാഗത്ത് അഥവാ പ്രത്യേകം നിശ്ചയിച്ച സ്ഥലത്ത് മാത്രമേ പാർക്കിംഗ് അനുവദിക്കാവൂ.
9. ചീഞ്ഞതോ, കേടുവന്നതോ, പൂപ്പൽ പിടിച്ച തോ, കാലാവധി കഴിഞ്ഞതോ നിരോധിക്കപെട്ടതോ ആയ സാധനങ്ങൾ മാർക്കറ്റിൽ വിൽക്കുന്നില്ല എന്നും ഉറപ്പാക്കണം.
10. കയ്യൊഴിയപ്പെട്ട സ്ക്രാപ്പുകൾ ,മാലിന്യങ്ങൾ മാർക്കറ്റിൽ എവിടയും കൂടിക്കിടക്കുന്നില്ല എന്നും മാലിന്യം ആരും കത്തിക്കുന്നില്ല എന്നും ഉറപ്പാക്കണം.

**5.22.2. ഫിഷ് മാർക്കറ്റുകൾ**

മാർക്കറ്റുകൾക്കുള്ള എല്ലാനിബന്ധകളുംഫിഷ് മാർക്കറ്റുകൾക്കുംബാധകമാണ്
കൂടാതെതാഴെപറയുന്ന വ്യവസ്ഥകൾ കൂടി  ബാധകമാണ്.

1. അനുവദിക്കപ്പെട്ട സ്ഥലത്തു മാത്രമേ ചെയ്യുന്നുള്ളൂഎന്ന് ഉറപ്പു വരുത്തണം.
2. മീൻ വെട്ടുന്നതും പ്രദർശിപ്പിക്കുന്നതുംസൂക്ഷിക്കുന്നതുമായസ്ഥലങ്ങളും പാത്രങ്ങളും ഉപകരണങ്ങളും വൃത്തിയായി സൂക്ഷിക്കണം .
3. മത്സ്യം കഴുകുന്ന വെള്ളം പ്രത്യേകം സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണം.
4. മീൻ മാർക്കറ്റിൽ ഉപയോഗിക്കുന്ന ഐസ് വൃത്തിയും മാലിന്യങ്ങൾ ഇല്ലാത്തതുമായിരിക്കണം.
5. മീൻ മാർക്കറ്റിൽ ഫോർമാലിൻ പോലുള്ള അപകടകരമായ രാസവസ്തുക്കളുടെ ഉപയോഗം ഒഴിവാക്കേണ്ടതും നിയന്ത്രിക്കേണ്ടതുമാണ്.
6. കച്ചവടം കഴിയുന്ന വേളയിൽ മാർക്കറ്റ് ചൂടുവെള്ളം ഉപയോഗിച്ച് കഴുകി വൃത്തിയാക്കേണ്ടതാണ്.
7. മൾട്ടി പർപ്പസ് വാണിജ്യകേന്ദ്രമാക്കുന്നതിനായി തയ്യാറെടുക്കണം

**<u>5.23. ചെറുകിട വ്യവസായം</u>**

സ്വയംതൊഴിൽ സംരംഭം എന്ന നിലക്കോ കൂട്ടായോ ആരംഭിക്കുന്ന ചെറു വ്യവസായങ്ങളെ ഈ ഗണത്തിൽ പെടുത്താവുന്നതാണ്.

1. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പരമാവധി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പോലെ ഏകീകൃതമായി സ്ഥാപിക്കേണ്ടതാണ് ആണ്.
2. വ്യവസായ സ്ഥാപനങ്ങൾക്ക് ബാധകമായ എല്ലാ നിയമവ്യവസ്ഥകളും പാലിക്കേണ്ടതാണ്.
3. ഓരോ യൂണിറ്റിനും അവ ഉൽപാദിപ്പിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി തരംതിരിച്ച് ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.
4. രാസ പദാർദ്ഥങ്ങൾ ഉൾപ്പെടുന്ന മലിനജലം സംസ്കരിക്കുന്നതിന് ഒറ്റയ്ക്കോ കൂട്ടായോ സംവിധാനം നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.

5. പ്രകൃതി സംരക്ഷണം, പരിസര മലിനീകരണ നിയന്ത്രണം എന്നിവ യഥാവിധി പാലിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന അഥവാ ഗ്രേഡിംഗ്, പ്രോത്സാഹനം എന്നിവ നൽകുന്ന കാര്യം പരിഗണിക്കണം.
6. കൂടാതെ മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് അംഗീകാരങ്ങൾ നേരിടുന്നവർക്കും പ്രത്യേക പരിഗണന നൽകേണ്ടതാണ്.

## 5.24. മത്സ്യബന്ധന തുറമുഖം

യന്ത്രവൽകൃതവും അല്ലാത്തതുമായ യാനങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തി തിരികെ എത്തിച്ചേരുന്നവരും നങ്കൂരമിടുന്നവരും കച്ചവടം നടത്തുന്നതുമായ ഇടത്തെയാണ് മത്സ്യബന്ധന തുറമുഖം വിവക്ഷിക്കുന്നത്.

1. ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങളും അഴുകിയ/ ഉപയോഗശൂന്യമായ മത്സ്യങ്ങൾ, കടൽ ജീവജാലങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഉചിതമായ ശാസ്ത്രീയ സംവിധാനം ഒരുക്കേണ്ടതും പരിപാലിക്കേണ്ടതുമാണ്.

2. പരിസ്ഥിതി സംരക്ഷണം കൃത്യമായി പാലിക്കപ്പെടുന്ന തരത്തിലുള്ള ഉള്ള ശുചീകരണ സംവിധാനങ്ങൾ നടപ്പാക്കേണ്ടതാണ്.

3. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ധാരാളം കച്ചവടക്കാർ വന്നു ചേരുന്ന സ്ഥലമായതിനാൽ കുടിവെള്ളം, ശൗചാലയങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിച്ചിരിക്കണം.

4. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഹാർബറിൽ കൊണ്ടുവരാനോ ഉപയോഗിക്കുവാൻ പാടില്ല ബോട്ടുകളുടെ റിപ്പയർ പ്രവർത്തികൾ മൂലം ഉണ്ടാകുന്ന ഉപയോഗശൂന്യമായ യന്ത്രഭാഗങ്ങൾ അടക്കമുള്ള മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി ഹാർബറിൽ എത്തിച്ചേരുന്ന ആളുകൾക്ക് ശുചിത്വം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അറിയിപ്പുകളും നിർദ്ദേശങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

5. സ്ഥിരമായി ഹാർബർ ആയി ബന്ധപ്പെട്ട് തൊഴിലാളികൾ ജീവനക്കാർ മുതലായവർക്ക് ശുചിത്വം സംബന്ധിച്ച് പരിശീലനങ്ങൾ നിശ്ചിത ഇടവേളകളിൽ നൽകേണ്ടതുമാണ് മത്സ്യബന്ധന തൊഴിലാളികൾ മത്സ്യബന്ധനത്തിനായി പോകുമ്പോൾ ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ കടലിൽ നിക്ഷേപിക്കാതെ പ്രത്യേക തിരികെ കൊണ്ടുവന്നു സുരക്ഷിതമായി നിർദേശിക്കപ്പെട്ട സ്ഥലത്ത് നിക്ഷേപിക്കേണ്ടത്.

## 5.25. വ്യാപാര /വ്യവസായ /സേവന സ്ഥാപനങ്ങൾ

1. എല്ലാ വ്യാപാര /വ്യവസായ /സേവന സ്ഥാപനങ്ങൾക്കും സ്ഥാപനം നടത്തുന്നതിന് കോർപ്പറേഷൻ വക ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്. കോർപ്പറേഷനിൽ നിന്ന് അനുവ ദിച്ച് ട്രേഡ് ലൈസൻസ് സ്ഥാപനത്തിൽ മറ്റുള്ളവർക്ക് കാണത്തക്ക വിധത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.
2. ഓരോ സ്ഥാപനവും ഉറവിടങ്ങളിൽ തന്നെ ജൈവ അജൈവ മാലിന്യങ്ങൾ വേർ തിരിച്ചു കൈകാര്യം ചെയ്യേണ്ടതാണ്. ആയതിനുള്ള സംവിധാനം സ്വന്തം നിലയിൽ തന്നെ ഒരുക്കേണ്ടതാണ്. യാതൊരു കാരണവാശാലും മാലിന്യങ്ങൾ കൂട്ടിക്കലർത്തി കൈകാര്യം ചെയ്തുകൂടാ.
3. ഓരോ സ്ഥാപനവും സ്വന്തം നിലയിൽ ജൈവ-അജൈവ ദ്രവ്യ മാലിന്യ സംസ്ക്കരണ സംവിധാനം ഉറപ്പുവരുത്തേണ്ടതാണ്. അജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനു ഹരിത കർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. ഹരിത കർമ്മസേന രജിസ്ട്രേഷൻ കാർഡ് സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്.
4. ഖര-ദ്രവ്യമാലിന്യങ്ങൾ ഒരു കാരണവശാലും പൊതു സ്ഥലത്തേക്കോ തെരുവിലേക്കോ ഓടകളിലേക്കോ വലിച്ചെറിയാനോ ഒഴുക്കിവിടാനോ പാടുള്ളതല്ല, സ്ഥാപനവും പരിസരവും എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
5. ഒറ്റത്തവണ ഉപയോഗിക്കുന്ന നിരോധിത പ്ലാസ്റ്റിക് കവറുകൾ, ഗ്ളാസുകൾ, പ്ലെയിറ്റുകൾ മറ്റു ഡിസ്പോസിബിൾ ഉൽപ്പന്നങ്ങൾ ഒന്നും സ്ഥാപനത്തിൽ ഉപയോഗിക്കുവാനോ വിൽപ്പന/ വിതരണം ചെയ്യാനോ പാടില്ലാത്തതാണ്.
6. ഓരോ സ്ഥാപനവും സ്ഥാപനത്തിന്റെ തരമനുസരിച്ച് വിവിധ ഏജൻസികളിൽ നിന്നും നിയമാനുസൃതം നേടിയിരിക്കേണ്ട എല്ലാവിധ അനുമതി പത്രവും നേടിയിരിക്കേണ്ടതുമാണ്. ആയത് പരിശോധന സമയത്തു കാണിക്കേണ്ടതുമാണ്. ഇപ്രകാരം ലൈസൻസ് വ്യവസ്ഥകളിൽ പറയുന്ന എല്ലാവിധ സംവിധാനവും സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.
7. സ്ഥാപനത്തിൽ ഫസ്റ്റ് എയിഡ് കിറ്റ് ഉണ്ടായിരിക്കേണ്ടതാണ്. അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
8. വൃത്തിയുള്ളതും കൃത്യമായി പരിപാലിക്കുന്നതുമായ ശുചിമുറി സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.
9. സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർക്ക് ശുദ്ധമായ കുടിവെള്ള സംവിധാനം ഉറപ്പാക്കേണ്ടതാണ്.
10. സ്ഥാപനത്തിന്റെ പൊതു ശുചിത്വ നിലവാരം ഉറപ്പാക്കേണ്ടതാണ്. പ്രകൃതി സൗഹൃദമായി സൗന്ദര്യ വൽക്കരണം നടത്താവുന്നതാണ്.
11. ഭക്ഷണ സാധനങ്ങൾ നിർമ്മിക്കുകയോ , വിൽപ്പന നടത്തുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
12. സ്ഥാപനങ്ങളിൽ യാതൊരു കാരണവശാലും ആളുകളെ താമസിപ്പിക്കാൻ അനുവദിക്കുകയില്ല.
13. സ്ഥാപനങ്ങളുടെ ബോർഡ്, സ്ഥലനാമം ഉൾപ്പെടെ മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തി സ്ഥാപിക്കേണ്ടതാണ്. ബോർഡിൽ മറ്റു പരസ്യങ്ങൾ അനുവദിക്കുന്നതല്ല.

14. സ്ഥാപനം സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ നിയമാനുസൃതമല്ലാത്ത ഏച്ചകെട്ടലുകളോ ഇറക്കിക്കെട്ടലുകളോ അനുവദിക്കുന്നതല്ല. സാധനങ്ങൾ പൊതു സ്ഥലങ്ങളിലേക്കോ ഫുട്പാത്തിലേക്കോ ഡ്രെയിനേജിന് മുകളിലേക്കോ ഇറക്കിവെച്ചുള്ള കച്ചവടം അനുവദിക്കുന്നതല്ല.
15. സർക്കാർ നിരോധിത പുകയില ഉൽപ്പന്നങ്ങളോ മറ്റു ലഹരിവസ്തുക്കളോ സ്ഥാപനത്തിൽ വിൽപ്പനക്കായി ശേഖരിക്കുവാനോ സൂക്ഷിക്കുവാനോ പാടില്ല. ഇഛജ൦അ നിയമപ്രകാരമുള്ള ബോർഡ് സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.
16. 16 വയസ്സിനു താഴെയുള്ളവരെ സ്ഥാപനത്തിൽ ജോലിയ്ക്കു നിയോഗിക്കാൻ പാടുള്ളതല്ല
17. സർക്കാർ/ജില്ലാ ഭരണകൂടം /കോർപ്പറേഷൻ കാലാകാലങ്ങൾ രോഗ പ്രതിരോധവുമായി ബന്ധപ്പെട്ടു പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതാണ്. അസുഖം/ പകർച്ചവ്യാധി ബാധിച്ചവർ യാതൊരു കാരണവശാലും സ്ഥാപനത്തിൽ ജോലി ചെയ്യാൻ പാടുള്ളതല്ല.
18. സ്ത്രീകൾ/അംഗപരിമിതർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ സ്ത്രീ / അംഗപരിമിത സൗഹൃദമായിരക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ടു സർക്കാർ ഇറക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടാതാണ്.
19. എല്ലാ സ്ഥാപനങ്ങളും വർഷത്തിൽ ഒരു തവണ സ്വന്തം ഉപയോഗത്തിനുള്ള കുടിവെള്ളം അംഗീകൃത ലാബുകളിൽ പരിശോധിക്കേണ്ടതും റിപ്പോർട്ട് സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്.
20. തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനങ്ങൾ , ആരോഗ്യ ബോധവൽക്കരണ ക്ളാസുകൾ എന്നിവ നൽകേണ്ടതാണ്. ഈ ആവശ്യത്തിനായി കോർപ്പറേഷൻ നേതൃത്വത്തിൽ നടത്തുന്ന പരിശീലനങ്ങളിൽ എല്ലാ തൊഴിലാളികളെയും പങ്കെടുപ്പിക്കേണ്ടതാണ്.
21 ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ അവരുടെ വിശദ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. അവരുടെ ഐഡന്റിറ്റി കാർഡുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് പരിശോധനക്കു കാണിക്കേണ്ടതാണ്.

## 5.26. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഭക്ഷണശാലകൾ:

ഹോട്ടലുകളുടെ റെസ്റ്റോറന്റുകളുടെ ശുചിത്വ പ്രോട്ടോകോൾ എന്നാൽ കോർപറേഷൻ പരിധിക്കകത്തെ എല്ലാ ഭക്ഷണ ശാലകൾ/ ഹോട്ടലുകൾ റെസ്റ്റോറന്റുകൾ മുഴുവനും സർക്കാരുകൾ യഥാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്നതോടൊപ്പം താഴെപ്പറയുന്ന പാലിക്കേണ്ടതാകുന്നു എന്നർത്ഥമാകുന്നു.

ഏതൊരു ഹോട്ടലുകൾ, ഭക്ഷണശാലകൾ, റെസ്റ്റോറന്റുകൾ – കോർപറേഷന്റെ ട്രേഡ് ലൈസൻസിന് വിധേയമായി പ്രവർത്തിക്കേണ്ടതാകുന്നു. ഹോട്ടലുകൾ, ഭക്ഷണശാലകൾ റെസ്റ്റാറന്റുകൾ ഒരു കച്ചവട സ്ഥാപനം എന്ന നിലക്ക് കച്ചവട സ്ഥാപനങ്ങൾക്കായി കൊടുത്തിട്ടുള്ള എല്ലാ ഹരിത നിയമങ്ങളും ബാധകമാണ്.

കൂടാതെ ഹോട്ടലുകൾ, ഭക്ഷണശാലകൾ, റെസ്റ്റോറന്റുകൾ താഴെപ്പറയുന്ന പ്രകാരമുള്ള ശുചിത്വ ആരോഗ്യ പാലന സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

1. പേര്: ഹോട്ടലിന്റെ പേര്, സ്ഥലപ്പേര്, മുതലായവ പൊതുജനങ്ങൾക്ക് കാണാവുന്ന തരത്തിൽ മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകം എഴുതി മുന്ഭാഗത്തു പ്രദർശിപ്പിക്കേണ്ടതാണ്.

2. അടുക്കള: അടുക്കള അഥവാ ഭക്ഷണം പാകം ചെയ്യുന്ന സ്ഥലം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. അടുക്കളയിൽ ക്ഷുദ്രജീവികൾ കയറാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. അടുക്കളയുടെ തറമിനുസപ്പെടുത്തിയതും മാലിന്യങ്ങൾ കഴുകിക്കളയാവുന്ന തരത്തിലുള്ളതുമായിരിക്കണം. അടുക്കളയുടെ ചുവരുകളും മേൽക്കൂരയും കറിയും മാറാലയും കളഞ്ഞു പെയിന്റ് ചെയ്തു വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. സമീപകെട്ടിടങ്ങൾക്കു ശല്യമാകാത്ത രീതിയിൽ ആവശ്യമായ പുകക്കുഴൽ / എക്സിറ്റ് ഫാൻ സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. അടുക്കളയിൽ മാലിന്യങ്ങൾ, ഉപയോഗ ശൂന്യമായ പാഴ്വസ്തുക്കൾ, തൊഴിലാളികളുടെ വസ്ത്രങ്ങൾ എന്നിവ സൂക്ഷിക്കാൻ പാടുള്ളതല്ല.

3. ഭക്ഷണ പദാർത്ഥങ്ങൾ സൂക്ഷിക്കുന്ന സ്ഥലം: തയാറാക്കിയ ഭക്ഷണ സാധനങ്ങൾ അടച്ചുവച്ചു സൂക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കേണ്ടതും അവ ഈച്ചകളും മറ്റു പ്രാണികളും വരാത്ത രീതിയിൽ സംരക്ഷിക്കേണ്ടതുമാണ്. പാചകത്തിന് ഉപയോഗിക്കുന്ന അസംസ്കൃത സാധനങ്ങൾ സൂക്ഷിക്കാൻ പ്രത്യേക മുറി ഉണ്ടായിരിക്കേണ്ടതും ആയതു എലി പഴുതാര മുതലായ ക്ഷുദ്രജീവികൾ കയറാത്ത രീതിയിൽ പരിപാലിക്കേണ്ടതുമാണ്. പാകം ചെയ്യാത്ത മൽസ്യം മാംസം എന്നിവ അനുവദിക്കപ്പെട്ട മാർഗ്ഗങ്ങൾ അവലംബിച്ചു സൂക്ഷിക്കേണ്ടതാണ്. ഭക്ഷണം സൂക്ഷിക്കുന്നതിനും പാകം ചെയ്യുന്നതിനും അനുവദിയ്ക്കപ്പെട്ട പ്രിസർവേറ്റീവുകൾമാത്രമേ ഉപയോഗിക്കാവൂ.

4. ഭക്ഷണം കഴിക്കുന്ന സ്ഥലം: ഭക്ഷണം വിതരണം ചെയ്യുന്ന ഹാൾ ഭക്ഷണം കഴിക്കുന്ന സ്ഥലം സിമെന്റ് ചെയ്തു മിനുസപ്പെടുത്തിയതോ ടൈൽ/ മാർബിൾ പതിച്ചു വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ഇരിക്കാൻ ഉപയോഗിക്കുന്ന കസേര, കഴിക്കാനുദ്ദേശിക്കുന്ന മേശ എന്നിവ വ്യത്തിയായി സൂക്ഷിക്കേണ്ടതും മേശയുടെ പ്രതലം മിനുസപ്പെടുത്തിയതായിരിക്കേണ്ടതുമാണ്. ആയതു എല്ലാ ദിവസവും അണുനാശിനി, സോപ്പ് ലായനി ഉപയോഗിച്ച് ശുചിയാക്കേണ്ടതാണ്.

5. പാത്രങ്ങൾ: അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുന്നതിനോ വിളമ്പുന്നതിനോ ഉപയോഗിക്കുന്ന പാത്രങ്ങൾ പൊട്ടിപ്പൊളിയാത്തതും വൃത്തിയുള്ളതുമായിരിക്കേണ്ടതുമാണ്. അവ ഒഴുകുന്ന വെള്ളത്തിൽ കഴുകിയെടുക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കേണ്ടതും അപ്രകാരം കഴുകി

എടുക്കേണ്ടതുമാണ്. ഉപഭോക്താക്കൾക്ക് കഴിക്കാനായി നൽകുന്ന പാത്രങ്ങൾ ഒഴുകുന്ന വെള്ളത്തിൽ ചൂട് വെള്ളത്തിൽ കഴുകിയെടുക്കേണ്ടതും വൃത്തിയായി പരിപാലിക്കേണ്ടതുമാണ്.

6. നിരോധിക്കപ്പെട്ടവ: ഹോട്ടലുകളിൽ നിരോധിത പ്ലാസ്റ്റിക് ക്യാരിബാഗുകൾ/ പ്ലാസ്റ്റിക് പാത്രങ്ങൾ ഗ്ലാസ്സുകൾ / കണ്ടയിനറുകൾ എന്നിവ ഉപയോഗിക്കാൻ പാടില്ലാത്തതും ആയതിൽ ഭക്ഷണം പാർസൽ ആയി നൽകാൻ പാടില്ലാത്തതുമാണ്. പകരം സർക്കാർ നിർദ്ദേശപ്രകാരമുള്ള പാത്രങ്ങൾ കണ്ടയിനറുകൾ, അലുമിനിയം ഫോയിലുകൾ എന്നിവ ഉപയോഗപ്പെടുത്തേണ്ടതാണ്. നിരോധിക്കപ്പെട്ട കളറുകൾ, പ്രിസർവേറ്റിവുകൾ മറ്റു വസ്തുക്കൾ ഒന്നും തന്നെ ഹോട്ടലിൽ ഉപയോഗിക്കാൻ പാടുള്ളതല്ല.

7. ഫ്രിഡ്ജ് ഫ്രീസർ: ഫ്രിഡ്ജ്, ഫ്രീസർ മുതലായവ ആഴ്ചയിലൊരിക്കൽ ഡിഫ്തീസ് ചെയ്തു വൃത്തിയാക്കേണ്ടതാണ്. ഫ്രിഡ്ജിന്റെ പുറത്തു പുറകുവശത്തെ ട്രെയിൽ വെള്ളം കെട്ടിക്കിടക്കുന്നില്ലെന്നു ഉറപ്പു വരുത്തേണ്ടതാണ്. പാകം ചെയ്തു ബാക്കി വന്ന ഭക്ഷണസാധനങ്ങൾ ഫ്രിഡ്ജിൽ ഫ്രീസറിൽ സൂക്ഷിച്ചു വിതരണം ചെയ്യാൻ പാടുള്ളതല്ല. തണുപ്പിച്ചു ഉപയോഗിക്കേണ്ടതല്ലാത്ത പാകം ചെയ്ത ഒരു ഭക്ഷണ പദാർത്ഥവും ഫ്രിഡ്ജിൽ ഫ്രീസറിൽ സൂക്ഷിക്കാൻ പാടുള്ളതല്ല.

8. ജീവനക്കാർ: സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരും ഒരു അംഗീകൃത സർക്കാർ ഡോക്ടറോ കോർപറേഷൻ ഹെൽത് ഓഫിസറോ നൽകുന്ന ഹെൽത്ത് കാർഡ് വാങ്ങി സൂക്ഷിക്കേണ്ടതാണ്. അവ സ്ഥാപനത്തിൽത്തന്നെ സൂക്ഷിക്കേണ്ടതും പരിശോധനക്കായി ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്.

9. ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരും വ്യക്തി ശുചിത്വം പാലിക്കേണ്ടതും ആവശ്യമായ കൈയ്യുറ, തൊപ്പി, മാസ്ക് എന്നിവകൃത്യമായി ധരിക്കേണ്ടതുമാണ്.

10. ജോലി സമയത്തു ഒരു ജീവനക്കാരനും പുകവലിക്കുകയോ, പുകയില ചവയ്ക്കുക, മുറുക്കുക തുടങ്ങിയവ ചെയ്യുന്നില്ലെന്നു ഉറപ്പുവരുത്തേണ്ടതാണ്.

11. ത്വക്ക് രോഗങ്ങളോ മറ്റു സാംക്രമിക രോഗങ്ങളോ ഉള്ളവരെയോ കുട്ടികളെയോ ഒരു കാരണവശാലും ജോലിക്കു നിയോഗിക്കാൻ പാടില്ലാത്തതാകുന്നു.

12. ഹോട്ടലിൽ അന്യസംസ്ഥാനക്കാർ ജോലിക്കായി ഉണ്ടെങ്കിൽ അവരുടെ പൂർണ്ണ വിവരങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്. ഹോട്ടലിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്കും മറ്റു പ്രത്യേക പരിഗണന അർഹിയ്ക്കുന്ന ജീവനക്കാർക്കും മതിയായ സുരക്ഷ ഒരുക്കേണ്ടതാണ്.

13. ജീവനക്കാരോ തൊഴിലാളികളോ അടുക്കള, സ്റ്റോർ റൂം, ഹാൾ എന്നിവിടങ്ങളിൽ താമസിക്കാനോ കിടന്നുറങ്ങാനോ പാടുള്ളതല്ല. അവർക്കു പ്രത്യേകം താമസ സൗകര്യം ഒരുക്കേണ്ടതാണ്. അനധികൃത കൈയേറ്റങ്ങൾ: ഹോട്ടലുകൾ / റെസ്റ്റോറന്റുകൾ അനുവദിക്കപ്പെട്ട സ്ഥലത്തല്ലാതെ പുറത്തേയ്ക്ക് ഇറക്കി കെട്ടിയും ഫുട്പാത്തു കൈയേറിയും വ്യാപാരം നടത്താൻ പാടില്ലാത്തതാകുന്നു. ഹോട്ടലിനു മുൻവശം ഫുട്പാത്/ റോഡ് കൈയേറിയുള്ള പാർക്കിങ് പാടില്ലാത്തതാകുന്നു. പ്രദർശിപ്പിക്കേണ്ടവ: താഴെപ്പറയുന്ന കാര്യങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്ക വിധത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

b) ഹോട്ടലുകളിൽ റസ്റ്ററന്റിൽ നഗരസഭ എടടഅക അനുവദിച്ച ലൈസൻസുകൾ

c) ഹോട്ടലിലെ വിഭവങ്ങളും അവയുടെ വിളവിവരപ്പട്ടികയും

d) ഹരിത പ്രോട്ടോക്കോളിന്റെ ഭാഗമായി ഹോട്ടലുകളെ ഗ്രേഡിംഗ് നടത്തുന്നതിനെത്തുടർന്നു ലഭിക്കുന്ന ഗ്രേഡ്

14. മാലിന്യ പരിപാലനം: ഹോട്ടലിൽ ഉണ്ടാവുന്ന മാലിന്യങ്ങൾ തരാം തിരിച്ചു കൈകാര്യം ചെയ്യേണ്ടതാണ്. തരാം തിരിച്ചു സൂക്ഷിക്കുന്നതിന് മൂടിയോടുകൂടിയ പ്രത്യേക നിറത്തിലുള്ള ബിന്നുകൾ ഏർപ്പെടുത്തേണ്ടതാണ്. ജൈവമാലിന്യങ്ങൾ സ്വന്തം നിലയിൽ സംസ്കരിക്കുകയോ അംഗീകരിക്കപ്പെട്ട ഏജൻസികൾക്കു കൈമാറുകയോ ചെയ്യാവുന്നതാണ്. അവ ഏതു രീതിയിൽ സംസ്കരിക്കുന്നു എന്നോ ഏതു ഏജൻസിക്കു കൈമാറുന്നു എന്നോ ഉള്ള വിവരം ആരോഗ്യ വിഭാഗത്തിൽ അറിയിച്ചു അനുമതി നേടേണ്ടതാണ്.

15. അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്കോ കോർപറേഷൻ നിശ്ചയിക്കുന്ന മറ്റു അംഗീകൃത ഏജൻസികൾക്കോ യൂസർഫീ നൽകി കൈമാറേണ്ടതാണ്.

16. ഹോട്ടലിൽ ഒരു തവണ ഉപയോഗിച്ച എണ്ണ വീണ്ടും ഉപയോഗിയ്ക്കാൻ പാടുള്ളതല്ല. അത് ശേഖരിക്കുന്ന അംഗീകൃത ഏജൻസികൾക്ക് കൈമാറാവുന്നതാണ്.

17. മലിനജലം: ഹോട്ടലുകളിൽനിന്നുണ്ടാവുന്ന മലിനജലം സംസ്കരിക്കുന്നതിനായി സം സീറ്റുകൾ വരെയുള്ള ഹോട്ടലുകൾ സോക്പിറ്റ് സ്ഥാപിച്ചു അതിൽ സംസ ്കരിക്കേണ്ടതും നംൽ കൂടുതൽ സീറ്റുകളുള്ള ഹോട്ടലുകൾ മലിനജലം ശാസ്ത്രീയമായി ട്രീറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതും ആയതിനു പി സി ബി യുടെ അംഗീകാരം വാങ്ങിക്കേണ്ടതുമാണ്.

18. പരിശീലനം: ഹരിത പ്രോട്ടോകോൾ നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ സ്ഥാപനങ്ങളിലെ എല്ലാ വിഭാഗം ജീവനക്കാർക്കും കോർപറേഷൻ പരിശീലനം നൽകുന്നതായിരിക്കും. ഹോട്ടലിലെ മുഴുവൻ ജീവനക്കാരും കോർപറേഷൻ നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കേണ്ടതും ആയതിന്റെ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതും ലൈസൻസ് പുതുക്കുന്ന അവസരത്തിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

19. ഗുണഭോക്താക്കളുടെ സുരക്ഷ, സൗകര്യങ്ങൾ: ഹോട്ടലിൽ വരുന്ന പൊതുജനങ്ങളോട് മാന്യമായി പെരുമാറേണ്ടതും അവരോടു യാതൊരു വിധത്തിലുമുള്ള വിവേചനവും കാണിക്കാൻ പാടില്ലാത്തതുമാകുന്നു. സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ, ട്രാൻസ് ജൻഡറുകൾ എന്നിവരോട് മാന്യമായി പെരുമാറേണ്ടതും അവർക്കു സുരക്ഷിതമായി ഭക്ഷണം കഴിച്ചു പോകാനുള്ള സുരക്ഷ ഉണ്ടായിരിക്കേണ്ടതുമാണ്. സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ, അംഗപരിമിതർ എന്നിവർക്ക് ആവശ്യമായ ടോയ്ലെറ്റുകൾ ഉണ്ടായിരിക്കേണ്ടതും അവ വൃത്തിയായി പരിപാലിക്കപ്പെടുന്നു എന്നുറപ്പു വരുത്തേണ്ടതുമാണ്.

20. ജലം കുടിവെള്ളം: ഹോട്ടലുകളിൽ തിളപ്പിച്ചാറ്റിയ വെള്ളം അല്ലെങ്കിൽ പാക്കേജ്ഡ് ഡ്രിങ്കിങ് വാട്ടർ മാത്രമേ ഗുണഭോക്താക്കൾക്ക് കുടിയ്ക്കാൻ നൽകാവൂ.

21. ഭക്ഷണം പാകം ചെയ്യാനുപയോഗിക്കുന്ന വെള്ളം പരിശോധനാ ലാബിൽ പരിശോധന നടത്തി ഉയോഗയോഗ്യമാണ് എന്നുറപ്പു വരുത്തേണ്ടതും ആയതിന്റെ പരിശോധനാ റിപ്പോർട്ട് ഹോട്ടലിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്. ഓരോ ന മാസ ഇടവേളകളിലും ഇപ്രകാരമുള്ള ജല പരിശോധന നടത്തേണ്ടതാണ്.

22. ജല സ്രോതസ്സ് (ടാങ്ക് കിണർ) എന്നിവ വർഷത്തിലൊരിക്കൽ വൃത്തിയാക്കേണ്ടതും വൃത്തിയായി പരിപാലിക്കേണ്ടതുമാണ്.

### 5.26.1. മറ്റു കാര്യങ്ങൾ:

(1) ഹോട്ടലിൽ ഉപയോഗിക്കുന്ന മിക്സി, ഗെൻഡർ, സ്റ്റ ഓവൻ മുതലായ ഉപകരണങ്ങൾ ഇപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

(2)എല്ലാ ഹോട്ടലിലും ഫസ്റ്റ് എയ്ഡ് കിറ്റ് , ഫയർ എസ്റ്റിങ്ഗുഷർ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

(3)കൈകഴുകുന്ന സ്ഥലം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. കൈ കഴുകുന്ന സ്ഥലത്തു സോപ്പ് ഉപയോഗിച്ച് കൈ കഴുകാനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.

(4)ഉപയോഗിച്ച പേപ്പർ, ടിഷ്യു പേപ്പർ മുതലായവ ശേഖരിക്കാനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

5.27. തട്ടുകടകൾ വഴിയോരക്കച്ചവടങ്ങൾ

കോർപറേഷൻ/ സർക്കാരുകൾ അതാതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി തെരുവോരങ്ങളിൽ അനുവദിക്കപ്പെട്ട സ്ഥലങ്ങളിൽ ജീവനോപാധിക്കായി ഏതു സമയവും തള്ളി മാറ്റാവുന്നതോ എടുത്തുമാറ്റാവുന്നതോ ആയ രീതിയിൽ ഉണ്ടാക്കി വച്ചിട്ടുള്ള കച്ചവട ഉപാധികളാണ് തട്ടുകടകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇത്തരം തട്ടുകടകൾ താഴെപ്പറയുന്ന രീതിയിൽ ഹരിത പ്രോട്ടോകോൾ പാലിക്കേണ്ടതാണ്.

1. കോർപറേഷൻ/ സർക്കാരുകൾ അതാതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി തെരുവോരങ്ങളിൽ അനുവദിക്കപ്പെട്ട സ്ഥലങ്ങളിൽ മാത്രമേ തട്ടുകടകൾ പ്രവർത്തിക്കാവൂ. ഇതിനായി കോര്പറേഷനിൽനിന്നും അനുവാദപത്രം വാങ്ങി (ലൈസെൻസ്) സൂക്ഷിക്കേണ്ടതാണ്.

2. പൊതുജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തിക്കൊണ്ടു ഫുട്പാത്തിലോ റോഡിലോ വഴികളിലോ ഓടകൾക്കു മുകളിലോ മറ്റു പ്രത്യേകം നിർദ്ദേശിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലോ യാതൊരു കാരണവശാലും തട്ടുകടകൾ അനുവദിക്കുന്നതല്ല.

3. ഭക്ഷണം നൽകുന്ന തട്ടുകടകളിൽ ലഭ്യമാകുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പൊതുജനങ്ങൾക്ക് കാണാവുന്ന തരത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

4. വിൽപ്പന നടത്തുന്ന സാധനങ്ങളുടെ സ്വഭാവമനുസരിച്ചു തട്ടുകടകൾക്കു നിശ്ചിത ഡിസൈനും നിറവും നൽകി പരിപാലിക്കേണ്ടതാണ്.

5. ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്ന തട്ടുകടകളിൽ ഭക്ഷണം കൈകാര്യം ചെയ്യുന്നവരെല്ലാം അംഗീകൃത സർക്കാർ ഡോക്ടറോ കോർപറേഷൻ ഹെൽത്ത് ഓഫീസറോ നൽകുന്ന ഹെൽത്ത് കാർഡ് വാങ്ങി സൂക്ഷിക്കേണ്ടതും പരിശോധനസമയത്തു ആവശ്യപ്പെട്ടാൽ കാണിക്കേണ്ടതുമാണ്.

6. തട്ടുകടകളിൽ ഉപയോഗിക്കുന്ന വെള്ളം പരിശോധന നടത്തി ഗുണ നിലവാരംഉറപ്പു വരുത്തി ആയതിന്റെ റിപ്പോർട്ട് സൂക്ഷിക്കേണ്ടതുമാണ്. ഭക്ഷണം നൽകുന്ന തട്ടുകടകളിൽ അസംസ്കൃത സാധനങ്ങൾ സൂക്ഷിക്കുന്നതിനും ഭക്ഷണം സൂക്ഷിക്കുന്നതിനും മാലിന്യങ്ങൾ തരം തിരിച്ചു സൂക്ഷിക്കുന്നതിനും പ്രത്യേകം പ്രത്യേകം ഉപാധികൾ ഉണ്ടായിരിക്കേണ്ടതാണ്.

7. തട്ടുകടകളിൽ ഉപയോഗിക്കുന്ന പാത്രങ്ങൾ, ഗ്ലാസ്, പ്ലെയിറ്റ് എന്നിവ കഴുകുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിനുമുള്ള ഉപാധികൾ കടയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

8. തട്ടുകടകളുടെ പ്രവർത്തനഫലമായി ഉണ്ടാവുന്ന ജൈവ അജൈവ മാലിന്യങ്ങൾ തരം തിരിച്ചു സൂക്ഷിക്കേണ്ടതാണ്. ജൈവ മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ സംസ്കരിക്കേണ്ടതും അജൈവ മാലിന്യങ്ങൾ സൂക്ഷിച്ചു വച്ച് ഹരിത കർമ്മ സേനക്കൊ കോർപറേഷൻ നിശ്ചയിക്കുന്ന ഏജൻസികൾക്കോ കൈമാറേണ്ടതാണ്. യാതൊരു കാരണവശാലും അവ തെരുവോരങ്ങളിലോ പരിസരങ്ങളിലോ വലിചെയ്യാനോ നിക്ഷേപിക്കാനോ പാടില്ലാത്തതാകുന്നു. ഇതിനുള്ള ഉപാധി സ്വയം ഒരുക്കേണ്ടതാണ്. തട്ടുകടയുടെ സേവനം ഉപയോഗിക്കുന്ന ഗുണഭോക്താക്കൾക്ക് മാലിന്യം തരം തിരിച്ചു നിക്ഷേപിക്കാനുള്ള സൗകര്യവും കടയുടമസ്ഥൻ ഒരുക്കേണ്ടതാണ്.

9. നിരോധിത ഉൽപ്പന്നങ്ങൾ ഒന്നുംതന്നെ തട്ടുകടകളിൽ വിൽപ്പന നടത്താനോ വിതരണം ചെയ്യാനോ പാടില്ലാത്തതാണ്.

10. തട്ടുകടകളുടെ ഉൾവശവും പുറംഭാഗവും എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ഓരോ ദിവസവും പ്രവർത്തനം കഴിഞ്ഞാൽ കടയും പരിസരവും വൃത്തിയാക്കി വാക്കേണ്ടതാണ്. വർഷത്തിലൊരിക്കൽ പെയിന്റ് ചെയ്തു സംരക്ഷിക്കേണ്ടതുമാണ്.

11. പ്ലാസ്റ്റിക് ക്യാരിബാഗുകൾ, ഗ്ളാസ്, പ്ലെയ്റ്റ് എന്നിവയെ മറ്റു നിരോധിത ഉപ്പളങ്ങളിലോ ഭക്ഷണം വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇവയൊന്നുംതന്നെ വിൽക്കാനോ വിതരണം ചെയ്യാനോ പാടില്ല.

12. ഭക്ഷണം കൈകാര്യം ചെയ്യുന്നവർ കൈയുറ, തൊപ്പി, മാസ്ക് എന്നിവ കൃത്യമായി ധരിക്കേണ്ടതാണ്.

13. ത്വക്ക് രോഗങ്ങളോ മറ്റു സാംക്രമിക രോഗങ്ങൾ ഉള്ളവരോ കുട്ടികളോ ഭക്ഷണം കൈകാര്യം ചെയ്യാൻ പാടുള്ളതല്ല. ഇത്തരക്കാരെ ഭക്ഷണം നൽകുന്ന കടകളിൽ ജോലിയ്ക്കു നിർത്താൻ പാടുള്ളതല്ല.

15. ഭക്ഷണം വിതരണം ചെയ്യുന്ന തട്ട് കടകൾക്കു മതിയായ മേൽക്കൂര ഉണ്ടായിരിക്കേണ്ടതാണ്

<u>5.28. കല്യാണമണ്ഡപങ്ങൾ ഓഡിറ്റോറിയങ്ങൾ:</u>

കല്യാണമണ്ഡപങ്ങൾ/ ഓഡിറ്റോറിയങ്ങൾ എന്നത് ഒരുകൂട്ടം വ്യക്തികൾക്ക് ആളുകൾക്ക് ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാനും കല്യാണങ്ങൾ യോഗങ്ങൾ നടത്താനും അനുയോജ്യമായ ഹാളികൾ ഉൾപ്പെടുന്ന കെട്ടിടം എന്ന് അർത്ഥമാകുന്നു. അവ താഴെപ്പറയുന്ന ഹരിത ചട്ടങ്ങൾ പാലിക്കാൻ ബാധ്യസ്ഥരാണ്.

1. കോർപ്പറേഷൻ പരിധിയിൽ ലൈസൻസ് ഇല്ലാത്ത ഒരു കല്യാണ മണ്ഡപങ്ങൾ പ്രവർത്തിയ്ക്കാൻ പാടില്ലാത്തതാകുന്നു. ഓഡിറ്റോറിയത്തിന്റെ പേര് സ്ഥലനാമം എന്നിവ മലയാളത്തിലും ഇംഗ്ളീഷിലും എഴുതി മുന്നിൽ പ്രദർശിപ്പിക്കേണ്ടതാണ്.

2. കല്യാണമണ്ഡപത്തിൽ ഭക്ഷണം പാകം ചെയ്യുന്നതിന് പ്രത്യേക അടുക്കള ഉണ്ടായിരിക്കേണ്ടതും അവക്കു ഹോട്ടലുകളുടെ അടുക്കളയ്ക്ക് ഹരിത പ്രോട്ടോകോൾ പ്രകാരം നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള എല്ലാ സൗകര്യങ്ങളും സംവിധാനങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. (ഹോട്ടൽ പ്രോട്ടോകോൾ കാണുക)

3. 10 സീറ്റിനു ഒരു ടോയ്ലറ്റ് എന്ന ക്രമത്തിൽ സീറ്റുകൾക്കനുസൃതമായി ടോയ്ലറ്റും മൂത്രപ്പുരയും സ്ത്രീകൾക്കും പുരുഷന്മാർക്കും അംഗപരിമിതർക്കും പ്രത്യേകം പ്രത്യേകം ഉണ്ടായിരിക്കേണ്ടതും അവ കൃത്യമായ ഇടവേളകളിൽ അണുനാശനം വരുത്തി ശുചിയായി പരിപാലിക്കേണ്ടതുമാണ്.

4. ഹാളിലെ ഇരിപ്പിടങ്ങൾ, പൊതു സ്ഥലങ്ങൾ, കിണർ, ജല സംഭരണി എന്നിവ കൃത്യമായ ഇടവേളകളിൽ അണുനാശനം നടത്തി വൃത്തിയായും ശുചിയായും പരിപാലിക്കേണ്ടതാണ്.

5. പാചക ആവശ്യത്തിന് ഉപയോഗിക്കുന്ന കുടിവെള്ളം ആ മാസത്തിലൊരിക്കൽ സർക്കാർ അംഗീകൃത ലാബുകളിൽ നിന്നും ജൈവ–രാസ പരിശോധന നടത്തി ഉപയോഗയോഗ്യമാണെന്നു ഉറപ്പുവരുത്തേണ്ടതും പ്രസ്തുത ടെസ്റ്റ് റിപ്പോർട്ട് മണ്ഡപത്തിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്.

6. ഭക്ഷണം പാകം ചെയ്യുന്നവരും വിളമ്പുന്നവരും അംഗീകൃത ഗവണ്മെന്റ് മെഡിക്കൽ പ്രാക്ടീഷണറുടെയോ കോർപറേഷൻ ഹെൽത്ത് ഓഫീസറുടെയോ കയ്യിൽനിന്നു ഹെൽത്ത് കാർഡ് വാങ്ങിക്കേണ്ടതും ആ മാസത്തിലൊരിക്കൽ പുതുക്കേണ്ടതുമാണ്. ആയതു പരിശോധനാസമയത് ആവശ്യപ്പെട്ടാൽ കാണിക്കേണ്ടതാണ്.

7. ത്വക്ക് രോഗങ്ങളോ മറ്റു സാംക്രമിക രോഗങ്ങളോ ഉള്ളവരെ ഭക്ഷണം പാകം ചെയ്യുന്നതിനോ വിളമ്പുന്നതിനോ നിയോഗിക്കാൻ പാടില്ലാത്തതാകുന്നു. കല്യാണ മണ്ഡപങ്ങളോടനുബന്ധിച്ചു മലിനജലം സംസ്കരിക്കുന്നതിനു എസ് ടി പി സ്ഥാപിക്കേണ്ടതും ആയതു പി സി സി യുടെ അംഗീകാരം നേടിയിരിക്കേണ്ടതുമാണ്.

8. ജൈവ അജൈവ മാലിന്യങ്ങൾ തരാം തിരിച്ചു സൂക്ഷിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കണം. ഹാളിൽ വരുന്നവർക്ക് ജൈവ അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേക നിറങ്ങളോടെയുള്ള ബിന്നുകൾ സ്ഥാപിക്കേണ്ടതാണ്. കല്യാണമണ്ഡപങ്ങളിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിരിക്കണം. അജൈവ മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ചു സൂക്ഷിക്കേണ്ടതും ആയവ കൃത്യമായ ഇടവേളകളിൽ ഹരിതകർമ്മ സേനക്കൊ കോർപറേഷൻ അംഗീകരിച്ചിട്ടുള്ള ഏജൻസികൾക്കോ യൂസർഫീ നൽകി കൈമാറേണ്ടതാണ്. മാലിന്യങ്ങൾ യാതൊരു കാരണവശാലും കൂട്ടിയിട്ടു കത്തിയ്ക്കാൻ പാടുള്ളതല്ല. യാതൊരു കാരണവശാലും ജൈവ അജൈവമാലിന്യങ്ങൾ കൂട്ടിക്കലർത്തി സൂക്ഷിക്കുവാൻ പാടുള്ളതല്ല. പരിശോധനയിൽ മാലിന്യങ്ങൾ കൂട്ടിക്കലർത്തി നിക്ഷേപിച്ചിരിക്കുന്ന ശ്രദ്ധയിൽ പെട്ടാൽ ആയതു ലൈസൻസ് വ്യവസ്ഥയുടെ ലംഘനമായി കണക്കാക്കി ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും ലൈസൻസ് രാധു ചെയ്യുന്നതിനും കാരണമാകുന്നതാണ്.

9. ഒറ്റത്തവണ ഉപയോഗിക്കുന്നതോ നിരോധിച്ചിട്ടുള്ളതോ ആയ പ്ലാസ്റ്റിക് ക്യാരിബാഗ്, ഗ്ലാസ്, പ്ലെയിറ്റ്, മറ്റു പ്ലാസ്റ്റിക് പാത്രങ്ങൾ എന്നിവ ഹാളിൽ ഉപയോഗിക്കാൻ പാടുള്ളതല്ല.

10. 10) അലങ്കാരങ്ങൾക്കും ആദരങ്ങൾക്കും ആശംസകൾക്കുമായി പ്ലാസ്റ്റിക് പൂക്കളോ മറ്റു പ്ലാസ്റ്റിക് അലങ്കാരവസ്തുക്കളോ ഉപയോഗിക്കാൻ പാടുള്ളതല്ല.

11. ഓഡിറ്റോറിയത്തോടനുബന്ധിച്ചു മഴവെള്ള സംഭരണി സോളാർ പാനലുകൾ എന്നിവ സ്ഥാപിക്കുന്നത് അഭികാമ്യമാണ്.

12. ഹാളുകളിൽ മതിയായ വെളിച്ചവും വായുവും കിട്ടുന്ന രീതിയിൽ ക്രമീകരിക്കേണ്ടതാണ്. എ സി ഹാളുകൾ കൃത്യമായ ഇടവേളകളിൽ അണുനാശനം ചെയ്തു പരിപാലിക്കേണ്ടതാണ്.

13. മേൽക്കൂരകളും മറ്റും കൃത്യമായ ഇടവേളകളിൽ മാറാല തട്ടിയും പെയിന്റ് ചെയ്തും വൃത്തിയായി പരിപാലിക്കേണ്ടതാണ്.

14. ഹാളുകളിൽ പുകവലി നിരോധനം കണിശമായും പാലിക്കേണ്ടതാണ്.

15. ഹാളിന്റെ പരിസരവും ഹാളിലേക്കുള്ള വഴികളും വ്യത്തിയായി സൂക്ഷിക്കേണ്ടതാണ്. ഒഴിഞ്ഞ ഭാഗങ്ങളിൽ പൂച്ചെടികൾ, അലങ്കാര ചെടികൾ വച്ച് പിടിപ്പിച്ചോ ലാൻഡ്സ്കേപ്പിങ് നടത്തിയോ പരിപാലിക്കേണ്ടതാണ്. തണൽമരങ്ങൾ വച്ച് പിടിപ്പിക്കാൻ സൗകര്യമുള്ള സ്ഥലങ്ങളിൽ ആയതു ചെയ്യേണ്ടതാണ്.

*************

*"പുഴകൾ നന്നായൊഴുകട്ടെ*
*ചെടികൾ നന്നായ് തളിർക്കട്ടെ*
*നല്ല വായു ശ്വസിക്കട്ടെ*
*നടപ്പു രീതികൾ മാറട്ടെ*
*മനുഷ്യരുള്ളോരിടങ്ങളെല്ലാം*
*ശുചിത്വ സുന്ദരമാകട്ടെ"*